# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 52

വാല്യം - 17 | ലക്കം - 08 | കർക്കടകം - 1200 | ആഗസ്റ്റ് - 2025

100 ERNAKULAM KARAYOGAM CENTENARY 1925-2025




ഹൃദയം നിറഞ്ഞ

## ഓണാശംസകൾ





എറണാകുളം കരയോഗത്തിൽ 17-07-2025-ൽ
നടന്ന അഖണ്ഡ രാമായണ പാരായണം



എറണാകുളം കരയോഗത്തിൽ ആദ്ധ്യാത്മിക
മാസാചരണത്തിന്റെ ഭാഗമായി 18-07-2025-ൽ
നടന്ന ഗരുഡപുരാണപാരായണം ബഹു. കൊച്ചി
മേയർ എം. അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു



ശ്രീ രുദ്രവിലാസം സ്കൂളിലെ കുട്ടികൾക്ക്
SCMS Group Vice Chairman Prof. Pramod P.
Thevannoor 3 Laptop സംഭാവനയായി നൽകി



2025-ലെ നവരാത്രി മത്സരങ്ങൾ എറണാകുളം
കരയോഗം പ്രസിഡന്റ് ശ്രീ. ആലപ്പാട്ട്
മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു



എറണാകുളം കരയോഗം എൽഡർ സിറ്റിസൺ
ഫോറത്തിന്റെ 27-ാമത് വാർഷികാഘോഷം
അഡ്വ. എ. ബാലഗോപാൽ ഭദ്രദീപം കൊളുത്തി
ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം കരയോഗത്തിൽ ആദ്ധ്യാത്മിക
മാസാചരണത്തിന്റെ ഭാഗമായി 28-07-2025-ൽ
നടന്ന ദേവി ഭാഗവത നവഹയജ്ഞം ശ്രീ. ശരത്
എ. ഹരിദാസ് ഉദ്ഘാടനം ചെയ്യുന്നു



## എഡിറ്റോറിയൽ...

# ഓണം വരവായി

ഉത്സാഹത്തിന്റെ ഓണനാളുകളിലേക്ക് നാം നടന്നടുക്കുകയാണ്. മലയാളിക്ക് ഓണം ആഹ്ലാദമാണ്, ആവേശമാണ് എല്ലാത്തിനുമപ്പുറം അതൊരാചാരവുമാണ്. സംസ്കാരസമുന്വയത്തിന്റെ ഏടുകളിൽ നിന്നും അടർത്തിയെടുത്ത ആചാരാനുഷ്ഠാനങ്ങളെ ആഘോഷമാക്കിമാറ്റിയ പാരമ്പര്യ ചരിത്ര മഹിമ! സ്വന്തം വയലുകളിൽ നിന്ന് കൊയ്തെടുത്ത് ഉണക്കികുത്തി അരിയാക്കിയ ഒന്നാന്തരം കുത്തരിയും സ്വന്തം കൃഷിസ്ഥലങ്ങളിൽ നിന്നും വിളവെടുത്ത് കൊണ്ടുവരുന്ന മറ്റു വിഭവങ്ങളും, ചക്കിലാട്ടിയ വെളിച്ചെണ്ണയും എല്ലാമായി നമ്മുടെ പൂർവ്വികർ ഓണം ആഘോഷിച്ചിരുന്ന ആ നാളുകൾ ഇന്ന് കഥയും കവിതയുമായി കടലാസ്സിൽ ഉറങ്ങുന്നു. നിറഞ്ഞു നിൽക്കുന്ന വയലേലകളിലെ കാറ്റിന്റെ സുഗന്ധവും തോടും കാവും കുളങ്ങളും ഓണക്കളികളും ഓണപ്പാട്ടും എല്ലാം ഇന്ന് മാഞ്ഞു പോയി. കാലത്തിന്റെ കുത്തൊഴുക്കിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇതൊന്നും അനുഭവിച്ചാസ്വദിച്ചിട്ടില്ലാത്ത പുതുതലമുറയെ കുറിച്ച് സഹതപിക്കാം-അല്ലാതെ എന്ത് ചെയ്യാൻ?. ലോകോത്തരമായ, ഇത്രയ്ക്ക് മഹനീയമായ ഒരു സംസ്കാരത്തിന് ഉടമകളായിരുന്നിട്ടും എന്തേ നമ്മുടെ കേരളം വെറും ഉപരിപ്ലവമായ ആശയങ്ങൾക്കടിമപ്പെട്ട്, അധിനിവേശ ആശയങ്ങൾക്ക് പിന്നാലെ പായുന്നത്. സ്വന്തം പൈതൃകത്തെയും വലിച്ചെറിയുന്നു എന്ന് മാത്രമല്ല, അവയെ അപഹസിക്കുകയും തരംതാഴ്ത്തികാണിക്കാൻ

വാല്യം 17 ✤ ലക്കം - 8 ✤ ആഗസ്റ്റ് - 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 08 |
| വാസ്തു ശാസ്ത്രം | 09 |
| സുഭാഷിതം | 11 |
| ക്ഷേത്രങ്ങളിലൂടെ | 12 |
| നമഃശിവായ | 15 |
| സമുദ്ര മലിനീകരണം | 18 |
| മന്ഥര | 21 |
| മറവി - അനുഗ്രഹമോ ശാപമോ | 24 |
| ആർത്രൈറ്റിസ് | 26 |
| യാത്രാവിവരണം | 29 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-16 | 31 |
| അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും .......................... | 38 |
| ആദ്യ കാഴ്ചയുടെ നൊമ്പരം | 42 |
| ദൃഗ് ദൃശ്യ വിവേകം | 45 |
| സ്വപ്ന ഭംഗം | 48 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



**പത്രാധിപസമിതി**

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

വെമ്പൽ കൊള്ളുകയും ചെയ്യുന്ന ഒരു വിഭാഗത്തിന്റെ കുത്സിത പ്രവർത്തനങ്ങൾ കാണുമ്പോൾ കലിയുഗത്തിൽ അധാർമ്മികത ഇത്രയ്ക്ക് പെരുകുമോ? എന്ന് ചോദിച്ചു പോവുകയാണ്. കലിയെപോലും കടത്തിവെട്ടുന്ന കാപാലികതയാണല്ലോ ഇവിടെ നടമാടുന്നത്. വ്യക്തിക്കും, കുടുംബത്തിനും, സമൂഹത്തിനും, നാടിനും അതിന്റേതായ മാനങ്ങളും ഉത്തരവാദിത്വങ്ങളും നൽകി ഊടും പാവും പോലെ ശക്തമായ സമൂഹസൃഷ്ടി നടന്നിരുന്ന ഒരു കാലത്തു നിന്നും നിഷേധത്തിന്റെയും, ധാർഷ്ട്യത്തിന്റെയും, വെറുപ്പിന്റെയും, വിദ്വേഷത്തിന്റെയും വിളനിലമായി മാറുകയാണോ നമ്മുടെ നാട്. സർവ്വസംഹാരിയായ ലഹരിയുടെ അടിമകളും ആരാധകരുമായി മാറുകയാണോ നമ്മുടെ മക്കൾ.

ഓരോ നാടിനും അതിന്റേതായ സംസ്കാരമുണ്ട്. അവിടുത്തെ മണ്ണിന്റെയും കാലാവസ്ഥയുടെയും പൊതുവേ പ്രകൃതിയുടെ അടിസ്ഥാനത്തിൽ. പ്രായോഗിക തലത്തിൽ കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും വേണ്ടി ജീവിക്കുന്ന നന്മയുള്ള ഒരു സമൂഹത്തിനെ വാർത്തെടുക്കുവാൻ പര്യാപ്തമായ അടിത്തറ പാകുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായവും നമുക്കുണ്ടായിരുന്നു അതിനെയെല്ലാം അട്ടിമറിച്ച് പാശ്ചാത്യ നാടുകളിലെ കാലാവസ്ഥക്കും പ്രകൃതിക്കുമനുസരിച്ച് അവർ രൂപപ്പെടുത്തിയ ആഹാരനീഹാരാദികളും പഠനക്രമങ്ങളുമെല്ലാം നമ്മൾ അനുകരിച്ച് ആശ്ലേഷിക്കുന്നതിന്റെ അനന്തരഫലങ്ങളല്ലേ നമ്മുടെ അധപ്പതനത്തിന്റെയും അധോഗതിയുടെയും കാരണം. ഇതിനെല്ലാം പരിഹാരം വേണ്ടേ? ഒരു പുനർവിചിന്തനം ആവശ്യമില്ലേ ? അതിനുള്ള അവസരമാകട്ടെ ഓരോ ഓണവും. പൂർവ്വസൂരികളുടെ നന്മയെ സ്മരിക്കാനും നമിക്കാനുമുള്ള അവസരമൊരുക്കലാകട്ടെ ഓരോ ഓണവും. നമ്മുടെ സാംസ്കാരതനിമയുടെ വീണ്ടെടുക്കലാകട്ടെ ഓരോ ഓണവും. ജീവിതം അഹന്താരഹിതമായി ധാർമ്മികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുന്നതായിരിക്കണമെന്ന സനാതന ധർമ്മനിഷ്ഠ ഏതു സാഹചര്യത്തിലും പാലിക്കപ്പെടേണ്ടതാണെന്ന മഹത് സന്ദേശമാണ് ഓണം തരുന്നത്.

പ്രഹ്ലാദപൗത്രനായ മഹാബലി എന്ന ഇന്ദ്രസേന മഹാരാജാവുമായി ബന്ധപ്പെട്ടാണ് നാം ഓണം ആഘോഷിക്കുന്നത് എന്ന ഐതീഹ്യം നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ദ്രസേനൻ യാഗം നടത്തിയത് ഇന്ന് ബറുച് എന്ന് അറിയപ്പെടുന്ന ഗുജറാത്തിലെ ഭൃഗുകച്ഛിൽ വെച്ചായിരുന്നു, അദ്ദേഹത്തെ പാതാളത്തിലേക്കല്ല ഭഗവാൻ പാദാനുഗ്രഹം നൽകി സ്വർഗ്ഗത്തേക്കാൾ സുന്ദരമായ സുതലത്തിലേക്കാനയിച്ച് അവിടുത്തെ ചക്രവർത്തിയായി അവരോധിക്കുകയും അടുത്ത മന്വന്തരത്തിലെ ഇന്ദ്രനാക്കുമെന്ന് വരം നകുകയുമാണുണ്ടായത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വർഷം തോറും പ്രജകളെ കാണുവാനുള്ള വരമാണ് ഓണം എന്ന അഭിപ്രായം പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതല്ലേ? മറിച്ച് നാമെല്ലാം ഓണത്തിന് വെച്ചാരാധിക്കുന്നത് തൃക്കാക്കരയപ്പനെയാണല്ലോ? തൃക്കാക്കരയപ്പൻ വാമനനാണ്. വാമനാവതാരം നടന്നത് ചിങ്ങമാസത്തിലെ തിരുവോണനാളിൽ ആണല്ലോ? അതുകൊണ്ടായിരിക്കണം നാം ആ ദിവസം ആഘോഷപൂർവ്വം കൊണ്ടാടുന്നത്. ഐതിഹ്യമെന്തായാലും ശരി സത്യധർമ്മാദികളുടെ വിജയത്തെ ആഘോഷമാക്കുന്ന സനാതന ധർമ്മപഥത്തിലെ ഒരു സുന്ദരമായ ഏടായി നമുക്ക് ഓണത്തെ കാണാം. ഇതൊന്നുമല്ല, ഇത് മലയാളിയുടെ കാർഷികോത്സവമാണെന്ന വാദവും നിലനിൽക്കുന്നുണ്ട്, ഏതുമാകട്ടെ നമുക്ക് നമ്മുടെ ഈ വാർഷികോത്സവം ആചാരാനുഷ്ഠാനങ്ങളോടെ എല്ലാവരും ചേർന്ന് ഒന്നായി ആഘോഷിക്കാം.

എല്ലാവർക്കും നമ്മുടെ സംസ്കാരത്തനിമയോടെ ഓണം ഭംഗിയായി, സന്തോഷമായി ആഘോഷിക്കുവാൻ സാധിക്കട്ടെ! എല്ലാവിധ ആശംസകളും നേരുന്നു.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**പ്രിയ കരയോഗാംഗങ്ങളെ,**

1200-മാണ്ടിൽ നിന്നും 1201-ാംമാണ്ടിലേക്ക് കടക്കുകയാണ് നാം. കർക്കടകത്തിൽ നിന്ന് ചിങ്ങത്തിലേക്ക്. പണ്ട് പഞ്ഞകർക്കടകമെന്നും ദുരിതകർക്കടകമെന്നുമൊക്കെ പറഞ്ഞിരുന്നെങ്കിലും ഇന്ന് അതുമാറി. ആദ്ധ്യാത്മിക തലത്തിൽ ഏറ്റവും കൂടുതൽ ആചാരാനുഷ്ഠാനങ്ങൾ നടക്കുന്ന മാസമായി അത് മാറിയിരിക്കുന്നു. മലയാളക്കരയിലെ മിക്ക ക്ഷേത്രങ്ങളിലും രാമായണപാരായണം നടക്കുന്നു. പല ഹിന്ദു സ്ഥാപനങ്ങളിലും സമൂഹ പ്രാർത്ഥനകളും പാരായണവും നടക്കുന്നു. മിക്ക ഹിന്ദു ഭവനങ്ങളിലും മുടങ്ങാതെ സന്ധ്യാവന്ദനത്തോടൊപ്പം രാമായണപാരായണം നടക്കുന്നു. നാലമ്പലദർശനങ്ങൾ പലയിടങ്ങളിലും സംഘടിതമായി തന്നെ നടക്കുന്നു. ഇത് കൂടാതെ ഭാഗവതാദി പുരാണങ്ങളും ഭക്തിപുരസ്സരം പാരായണം ചെയ്യുന്നതും സർവ്വസാധാരണമായിരിക്കുന്നു. നവാഹങ്ങളും സപതാഹങ്ങളും നടക്കുന്നു. ആകെക്കൂടി ഭക്തിമയമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ കർക്കടകം പഞ്ഞമാസം എന്നതിൽ നിന്നും പുണ്യമാസമായി മാറിക്കഴിഞ്ഞിരിക്കുന്നു ഇന്ന്. ഹൈന്ദവ സമൂഹത്തിന് ഉണ്ടായിരിക്കുന്ന ഈ ഉണർവും മാറ്റവും ഏറെ സന്തോഷപ്രദവും സ്വാഗതാർഹവുമാണ്. എറണാകുളം കരയോഗത്തിൽ, നമ്മുടെ ശതാബ്ദി വർഷമായതിനാൽ കർക്കടകമാസത്തിൽ എല്ലാ ദിവസങ്ങളിലും ആദ്ധ്യാത്മിക പരിപാടികൾ നടത്തി വരികയാണ്. എല്ലാ വേദികളിലും ആദ്ധ്യാത്മിക ജ്ഞാനസമ്പാദനത്തിൽ ഇന്ന് സ്ത്രീകളാണ് മുന്നിൽ. ഏതു പാരായണവേദിയിലും സപ്താഹ നവാഹ വേദികളിലും അവരുടെ സാന്നിദ്ധ്യമാണ് ഏറെ ഉണ്ടാകുന്നത്. എല്ലാപരിപാടികളിലും സാമാന്യം ഭേദമായിത്തന്നെ ആളുകൾ പങ്കെടുക്കുന്നുണ്ട്. പക്ഷെ നമ്മുടെ കരയോഗാംഗങ്ങളുടെ എണ്ണം പ്രതീക്ഷിച്ചത്രയില്ല എന്ന് ഖേദപൂർവ്വം അറിയിക്കട്ടെ. ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു അപേക്ഷ. നിങ്ങൾക്ക് ലഭിക്കുന്ന ഈ അസുലഭാവസരം പാഴാക്കരുത്. നാമാരാണെന്നും നമ്മുടെ ആത്മസ്വത്വം എന്താണെന്നും, എല്ലാം അറിയാനുള്ള അവസരങ്ങൾ ദുർലഭമാണ്. കിട്ടുന്ന ഇതുപോലെയുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുക അതുവഴി അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും അകന്ന് യഥാർത്ഥ ആത്മീയചിന്താധാരയിലേക്ക് തിരിയട്ടെ. സമൂഹം ഒന്നാകെ അതോടെ മാറും ഇന്ന് നാം കാണുന്ന ജാതി ചിന്തകളും മത്സരങ്ങളുമെല്ലാം അതോടെ അവസാനിക്കും ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ് ഈ മാറ്റം. കർക്കടകത്തിലെ പേമാരിക്കും മൂടിക്കെട്ടിയ അന്തരീക്ഷത്തിനും ഇന്നും മാറ്റമൊന്നുമില്ല പുറത്തിറങ്ങി കൃഷി തുടങ്ങിയ ജോലികൾ ചെയ്യാൻ നിവർത്തിയില്ലാത്ത ഈ അവസരത്തെ ജീവിതത്തിലെ ഏറ്റവും പ്രയോജനപ്രദമായ ആദ്ധ്യാത്മികതലങ്ങളിലെ ജ്ഞാനസമ്പാദനത്തിനായി ഉപയോഗപ്പെടുത്തുന്നതിനെ അഭിനന്ദിക്കാതിരിക്കുവാൻ കഴിയില്ല. ഹൈന്ദവ സമൂഹത്തിൽ വന്നിരിക്കുന്ന ഈ മാറ്റം സമൂഹഐക്യത്തിനുള്ള വഴിതുറക്കലാവട്ടെയെന്ന് നമുക്ക് ആശിക്കാം.

കരയോഗത്തിന്റെ ശതാബ്ദി വർഷ ആഘോഷ പരിപാടികൾ ഏപ്രിൽ മുതൽ എല്ലാ മാസ

വും വിവിധപരിപാടികളോടെ ആഘോഷിച്ചു വരികയാണ്. 2025 ഡിസംബർ 19 മുതൽ 25 വരെ വിപുലമായ രീതിയിൽ ശതാബ്ദിആഘോഷം നടത്തുന്നത് സംബന്ധിച്ച് കരയോഗഭരണ സമതി വളരെ ബ്രഹൃത്തായ കാര്യപരിപാടികളെക്കുറിച്ച് ആലോചിച്ചുവരികയാണ്. ഏപ്രിൽ മുതൽ ജൂലൈ വരെ വനിതാ സാഹിത്യ സംഗമം, കാവ്യാഞ്ജലി, നാടകോത്സവം, കഥകളി ഉത്സ വം, രാമായണപാരായണം, ഗരുഡപുരാണ വ്യാഖ്യാനം, ദേവി ഭാഗവതനവാഹയജ്ഞം എന്നിവ നടത്തി കഴിഞ്ഞിരിക്കുന്നു. ഇനി ശിവപുരാണം, നൃത്തോത്സവം, സംഗീതോത്സവം, അനുഷ്ഠാന കലകൾ, നാടൻ കലോത്സവം വിവിധ വിഷയങ്ങളിൽ വിദഗ്ധർ പങ്കെടുക്കുന്ന സെമിനാറുകൾ തുടങ്ങി അനേകം പരിപാടികൾ നടക്കാനുണ്ട് ഈ പരിപാടികളെക്കുറിച്ചുള്ള വിവരങ്ങൾ വരും ദിവസങ്ങളിൽ കരയോഗാംഗങ്ങളെ വിശദമായിത്തന്നെ അറിയിക്കുന്നതാണ്

നവരാത്രി ആഘോഷത്തിനോടനുബന്ധിച്ച് കുട്ടികൾക്കായുള്ള പുരാണ ഇതിഹാസ കലാ നൃത്ത സാഹിത്യ മത്സരങ്ങൾ ജൂലൈ 27-ാം തിയതി മുതൽ ടി. ഡി. എം. ഹാളിൽ ആരംഭിച്ചിട്ടുണ്ട്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ **അകായിലെ സംഗീതം** 2025 ആഗസ്റ്റ് 17-ാം തീയതി വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ ദേശഭക്തി ഗാനങ്ങളും ഓണപ്പാട്ടുകളും കോർത്തിണക്കി നടത്തുന്നു. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 ആഗസ്റ്റ് 10 മുതൽ സെപ്റ്റംബർ 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 11-08-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |
| 2. | 13-08-2025<br>20-08-2025<br>27-08-2025<br>03-09-2025<br>10-09-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല. പി. പി | 3.00 p.m - 4.30 p.m. |
| 3. | 14-08-2025<br>21-08-2025<br>28-08-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4. | 16-08-2025<br>23-08-2025<br>30-08-2025<br>06-09-2025 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 a.m - 12.00 p.m |
| 5. | 17-08-2025<br>07-09-2025 | ഞായർ | വേദപഠന കളരി | 10.30 a.m |
| 6 | 17-08-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>അകായിലെ സംഗീതം<br>ദേശഭക്തി ഗാനങ്ങൾ / ഓണപ്പാട്ടുകൾ | 4.00 p.m |
| 7. | 21-08-2025 | വ്യാഴം | ഓണം വിപണന മേള ആരംഭം | 10.30 a.m |

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നിലനിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നൽകി അംഗത്വം നല്കിവരുന്നു.

29-06-2025-ൽ കൂടിയ പൊതുയോഗം ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം കരയോഗം അംഗങ്ങളായിരുന്നവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ കരയോഗത്തിന്റെ നിയമാവലിക്ക് വിരുദ്ധമാകാതെ, 25000 രൂപ എന്ന അംഗത്വഫീസിൽ നിന്ന് 10000 രൂപ കുറച്ച്, 15000 രൂപയ്ക്ക് അംഗത്വം നൽകുവാൻ പൊതുയോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

**(കുടുംബം എന്ന് വിവക്ഷിക്കുന്നത് അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ എന്നിവരാണ്)**

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

**എറണാകുളം കരയോഗം**



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## കർക്കിടകം

**പ്രിയ ബാലലോകം കൂട്ടുകാരേ,**

ഇത് കർക്കടകം. പഞ്ഞമാസമെന്നും കള്ളകർക്കടകമെന്നും പഴമക്കാർ പാടി പറഞ്ഞ പദം. ഒപ്പം ഇത് രാമായണമാസകാലവും. ക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും പുണ്യപുരാണമായ രാമായണം പ്രകീർത്തിക്കപ്പെടുന്ന ദിനങ്ങൾ. രാമന്റെ ഇതിഹാസമാണ് രാമായണം. 'രാ'മായണം എന്നതാണ് രാമായണം നമുക്ക് ഉൾക്കാഴ്ച നൽകുന്നത്. 'ര' മായണം എന്നാൽ ഇരുട്ട് മായണം. നമ്മുടെയെല്ലാം ഉള്ളിലുള്ള അന്ധകാരം – ഇരുട്ട് മാറിപ്പോകണമെന്നാണ് പ്രസ്തുത ചൊല്ലിലുള്ള സൂഷ്മസാരം. മനസ്സ് പലവിധ ചിന്തകളാലും അജ്ഞതയുടെ തിമിരാന്ധകാരത്താലും നിബിഡമാണ്. ഇരുളടഞ്ഞ ഹൃത്തിലേക്ക് വെളിച്ചം നിറയ്ക്കാൻ ജനസഹസ്രങ്ങളെ പ്രേരിതരാക്കുന്നു രാമായണം പോലുള്ള കഥകൾ. ശ്രവണം കൊണ്ടും പാരായണം കൊണ്ടും സൽഭാവനകൾ മനസ്സിലുടലെടുക്കുമെന്ന് നമ്മുടെ പഴയ താപസവചനം.

കർക്കടകം തുടങ്ങിയാൽ പ്രകൃതിക്കുതന്നെ കാളിമയാണ്. ഇടിവെട്ടും മഴക്കോളും ഭീകരതയുടെ ഒരന്തരീക്ഷം ദിനങ്ങൾക്ക് നൽകുന്നു. പഞ്ഞമാസക്കാലം പിറവി കൊണ്ടാൽ ധന, ധാന്യങ്ങൾ ഒരാൾ ഒരാൾക്ക് കൊടുക്കുന്ന പതിവില്ല. പണ്ടെല്ലാം ഉപ്പ്, വറ്റൽമുളക്, എണ്ണ, വെളിച്ചെണ്ണ, തിരി, വിളക്ക് ഇവ ഗൃഹങ്ങളിൽ നിന്ന് മറ്റിടങ്ങളിലേക്കും, മറ്റുള്ളവരുടെ കരങ്ങളിലേക്കും കൊടുത്തുപോകരുതെന്നാണ് പഴമയുടെ പ്രമാണം.


കർക്കടകം പഞ്ഞമാസം പോലെതന്നെ പഞ്ഞംകളയുന്ന മാസവുമാണ്. ചിങ്ങം പിറക്കുന്നതിന് മുമ്പായി ഗ്രഹങ്ങളിൽ പഞ്ഞം കളയൽ എന്നൊരു ചടങ്ങുതന്നെയുണ്ട്. ജീർണ്ണിച്ചതും പഴകിയതുമായ വസ്തുക്കൾ പെറുക്കിയെടുത്ത് ഭാണ്ഡത്തിലാക്കി പുറത്തു കളയുന്നു. ഒപ്പം വീടും മുറ്റവും തൊടിയുമെല്ലാം അടിച്ചുവാരി വൃത്തിയാക്കി ചാണകം തളിച്ച് ശുദ്ധി വരുത്തി ചിങ്ങമാസത്തെ മാലോകർ വരവേൽക്കാൻ ഒരുങ്ങുന്നു. ചിങ്ങപ്പുലരിക്ക് തലേന്നാൾ ജ്യേഷ്ഠയെ പടിക്ക് പുറത്താക്കി, ശ്രീ പാർവ്വതിയെയും മക്കളെയും ഗൃഹങ്ങളിലേക്ക് വിളിച്ചിരുത്തുന്നു. പല ഗൃഹങ്ങളിലും ഇന്നും വിരളമെങ്കിലും ഇതൊക്കെ അനുഷ്ഠാനങ്ങളായി തുടരുന്നുണ്ട്.

മുൻ ആണ്ടുകളിൽ കർക്കടകം, ചിങ്ങം മാസങ്ങളെപ്പറ്റി ഞാൻ കൂടുതലായി വർണ്ണിച്ചിട്ടുണ്ട്. മക്കൾ അതേപ്പറ്റിയൊക്കെ അച്ഛനമ്മമാരിൽ നിന്നും, ബന്ധുജനങ്ങളിൽ നിന്നും, ഇതേപ്പറ്റിയൊക്കെ അറിയുന്നവരിൽനിന്നുമൊക്കെ ചോദിച്ചറിയണം. കർക്കടകം ഔഷധ ചികിത്സയ്ക്ക് പ്രാധാന്യമുള്ള മാസമാണ്. ഔഷധക്കഞ്ഞി അഥവാ മരുന്നുകഞ്ഞിയൊക്കെ മനുഷ്യർ ഇക്കാലം വെച്ചുകഴിക്കുന്നു.

പഴമയിൽ നിറയെ കതിർമണികളാണ്. പതിരായൊന്നും ഇല്ലതാനും. പഴമയെ കുറച്ചെങ്കിലുമൊക്കെ കൊച്ചുകൂട്ടുകാർ കൂടെകൂട്ടണം. പഴമയെക്കുറിച്ച് നിങ്ങൾ അറിവുള്ളവരാകണം. പലതിൽനിന്നും പഠിക്കാൻ പലതുമുണ്ട് മക്കളെ!

ജീവിതം അതിസാഹസമായ ഒരു യാത്രയാണ്. പാഠപുസ്തകങ്ങളിൽനിന്നും നിങ്ങൾ പഠിച്ചെടുക്കുന്ന അറിവുമാത്രം, അതിനുപോരാതെ വരും. പഠനകാലമൊക്കെ കഴിഞ്ഞ്, പുറത്തിറങ്ങുന്ന നിങ്ങളെ വരവേൽക്കുന്നത് ജീവിതമെന്ന മഹാപ്രഹേളികയാണ്. പാഠ്യേതരങ്ങളായ പല അറിവുകളും കൂടിച്ചേരണം നല്ലൊരു ജീവിതം നമുക്ക് ആസ്വദിച്ചറിഞ്ഞ് മുന്നേറുന്നതിനായി. 'സൂത്രസാരം' എന്ന കഥകൂടി എഴുതുന്നു. വായിച്ചു നോക്കൂ.

(ശേഷം 10–ാം പേജിൽ)



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ – 9447032434

വലപ്രാവശ്യം പറഞ്ഞിട്ടുള്ള കാര്യമാണ് വീട് പണിയുമ്പോൾ മുൻവശത്തെ റോഡിന് സമാന്തരമായിട്ട് വേണമെന്നുള്ളത്. വീടുപണി കഴിഞ്ഞതിനു ശേഷം വീടിനു സമാന്തരമായി ഒരുവരി കട്ടക്കെട്ടി അതിരിടുന്ന പക്ഷം തെക്കുപടിഞ്ഞാറെ മൂല ചതുരമാക്കാം. ഭൂമി സുര്യനെ ചുറ്റിക്കൊണ്ടിരിക്കുന്നതിനാലും ഉദയം തെക്കോട്ടും, വടക്കോട്ടും മാറികൊണ്ടിരിക്കുന്നതിനാലും വടക്കിന് സമാന്തരമായി കുറ്റിയടിച്ച് വീടുപണിയേണ്ടതില്ല. വലിയ പ്ലോട്ടുകൾ ആണെങ്കിൽ അത് നല്ലതാണ്. ഇപ്പോൾ പല പ്ലോട്ടുകളും 50 സെന്റിൽ താഴെ മാത്രമാണ്. അടുത്തിടെ ഞാൻ പോയ ഒരു വീട്ടിലെ കാര്യങ്ങൾ വളരെ വിഷമത്തിലാണ് വീടുപണിതിട്ട് മുന്നുകൊല്ലത്തോളമായി. ഈ വീട്ടിൽ താമസിച്ച് ആദ്യത്തെ ഒരു കൊല്ലം കാര്യങ്ങൾ നന്നായിട്ട് പോയിരുന്നു. ഉടമസ്ഥന് ഗൾഫിൽനിന്നും ലീവിന് വന്ന ശേഷം മടങ്ങി പോകുവാൻ കഴിഞ്ഞില്ല. നല്ല ജോലിയിൽ, നല്ല നിലയിൽ കഴിഞ്ഞിരുന്നതാണ്.


വീട് പണിഞ്ഞിരിക്കുന്നത് വടക്കിന് കോമ്പസ് നോക്കി സമാന്തരമായാണ്. ഇതിനോടൊന്നിച്ച് കൊടുത്തിട്ടുള്ള Sketch A നോക്കുക. പടിഞ്ഞാറുവശം വടക്കുഭാഗത്ത് രണ്ട് കട്ടിംഗ് ഉണ്ട്. പറമ്പിന്റെയും, വീടിന്റെയും തെക്കുപടിഞ്ഞാറെ മൂല മാറിയിരിക്കുന്നു. ഇത് ശരിയാക്കണമെങ്കിൽ വീടിന് സമാന്തരമായി തെക്കും, പടിഞ്ഞാറും അതിരിടണം. (24 cm ഉയരത്തിൽ കുട്ടിമതിൽ)വീടിന്റെ തെക്കുകിഴക്കും, തെക്കു പടിഞ്ഞാറും ഒരാൾക്ക് നടക്കുവാൻ പോലും സ്ഥലമില്ല. ആയതിനാൽ തെക്കും പടിഞ്ഞാറും അതിരിട്ട് ഉത്തരായനകാലത്തെ പ്രകൃതിയാലുള്ള എനർജി വീട്ടിലേക്ക് തിരിച്ചുവിടാനാകില്ല. അതുപോലെതന്നെ കിണറു നിൽക്കുന്നത് വടക്ക് ഏതാണ്ട് മദ്ധ്യത്തിലാണ്.

വീടിന്റെ പടിഞ്ഞാറുവടക്ക് ചതുരത്തിലാക്കുകയാണെങ്കിൽ കിണർപകുതി വീടിന്റെ അകത്തുവരും. Sketch B നോക്കുക. ശരിയായി കുറ്റിയടിക്കേണ്ടത് ഇതുപോലെയാണ്. തെക്കിന് സമാന്തരമായി വരച്ചിരിക്കുന്നു. ഏതാണ്ട് റോഡിനും സമാന്തരമാണ്. പ്ലാൻ വരക്കുന്ന Architect തന്നെ വീടിന് കുറ്റിയടിക്കുന്നതാണ് നല്ലത്.

കഴിഞ്ഞ ഒരാഴ്ചയായി കിണർ, Septic tank Toilet, ബ്രഹ്മസൂത്രം എന്നിവ ചോദിച്ച് ധാരാളം ആളുകൾ വിളിക്കുന്നു. ഇതിനോടൊന്നിച്ച് കൊടുത്തിട്ടുള്ള Sketch C– ൽ കിണറിന്റെ രണ്ടു സ്ഥാനങ്ങൾ വടക്ക്കിഴക്കും, കിഴക്ക്വടക്കും കൊടുത്തിരിക്കുന്നു. വീടിന്റെ കിഴക്കേ അതിരോ, വടക്കേഅതിരോ നീട്ടുന്ന പക്ഷം കിണർ വീടിന്റെ അകത്തുകൂടി വരരുത്. കിണർ പടിഞ്ഞാറ്തെക്കോ, തെക്ക്പടിഞ്ഞാറോ വന്നാൽ ചിത്രത്തിൽ കാണുന്നതുപോലെ AB, CD പോലെ അതിരിടണം.

Septic Tank നെപ്പറ്റി അറിയാൻ പലരും വിളിക്കുന്നുണ്ട് ഇതിനെപറ്റി യാതൊരുകാരണവശാലും ഭയപ്പെടേണ്ടതില്ല. അത് മണ്ണിന്റെ അടിയിൽ Airtight and Light proof ആണെങ്കിൽ, യാതൊരു വിധത്തിലും സൂര്യപ്രകാശവും അകത്തുകടക്കുന്നില്ലെങ്കിൽ എവിടെയായാലും കുഴപ്പമില്ല. തെക്ക്പടിഞ്ഞാറാണെങ്കിൽ ആ ഭാഗം ഉയർന്നുനിൽക്കണം, വടക്ക്കിഴക്കാണെങ്കിൽ ആ ഭാഗം താഴ്ന്നു കിടക്കണം. കിണറും, Septic tank ന്റെ Soakpit ഉം തമ്മിൽ 7.5 മീറ്റർ അകലം വേണം.

പഴയകാലത്ത് ഇന്നത്തെപോലെ അഞ്ച് സെന്റ്, 10 സെന്റ് ഒന്നുമല്ല. വലിയ പറമ്പിലാണ് വീട്പണിഞ്ഞിരുന്നത്. അടുത്തെങ്ങും വീടുകളുണ്ടായിരുന്നില്ല. റോഡുകളും, മതിലുകളും ഉണ്ടായിരുന്നില്ല. പറമ്പുകളിൽക്കൂടിയാണ് നടന്നു പോയിരുന്നത്. നടന്നു പോയിരുന്ന വഴിയാണ് നടവഴിയും, ഇടവഴിയും, റോഡുമായി മാറിയത്. ജനലുകൾ വളരെ ചെറുതായിരുന്നു. എല്ലാവരും വാതിലും ,ജനലുകളും അടച്ചിട്ടാണ് കിടന്നുറങ്ങിയിരുന്നത്. എല്ലാ വീടുകൾക്കും തെക്കുവടക്കും, തെക്കുപടിഞ്ഞാറുനിന്നും വടക്കു കിഴക്കോട്ട് ഹോളുകളുണ്ടായിരുന്നു(തുളകൾ) ഈ വക തുളകൾ പല സ്ഥലത്തും പലസൂത്രങ്ങളായി അറിയപ്പെട്ടിരുന്നു. അകത്ത് ഓക്സിജൻ കിട്ടുന്നതിനുവേണ്ടി മാത്രമാണ് ഇതിട്ടിരുന്നത്. തച്ചു ശാസ്ത്രത്തിൽ ഭൂമിയുടെ, വീടിന്റെ മദ്ധ്യത്തിൽ കിഴക്കുപടിഞ്ഞാറുള്ള വരക്കാണ് ബ്രഹ്മസൂത്രം എന്ന് പറയുന്നത്. അത് തെക്ക് വടക്കയാൽ യമസൂത്രമായി. കാലം മാറി അളവുകൾ മീറ്ററിലായി, പ്ലോട്ടുകൾ ചെറുതായി ധാരാളം വീടുകളും, റോഡുകളും വന്നു. നാട്ടിൽ ധാരാളം Architectu-കളും Enginers- ഉം ഉണ്ടായി. 75 കൊല്ലം മുമ്പുവരെ നാട്ടിലുണ്ടായിരുന്ന തച്ചുശാസ്ത്രം അഥവാ തച്ചന്റെ ശാസ്ത്രം മുറുകെപ്പിടിച്ചിരുന്നു. വാസ്തുശാസ്ത്രം പഞ്ചഭുതങ്ങളായ ഭൂമി, ആകാശം, ജലം വായു, അഗ്നി എന്നിവയെ താമസിക്കുന്ന വീട്ടിലും, ജോലി ചെയ്യുന്ന സ്ഥലത്തും, ആരോഗ്യത്തിനും, മനഃസമാധാനത്തിനും വേണ്ടി എങ്ങനെ ഉപയോഗിക്കാം എന്നുള്ളതിന്റെ ഒരു ശ്രമം മാത്രമാണ്. ഇതിൽ യാതൊരു വിധത്തിലുള്ള അന്ധവിശ്വാസവുമില്ല.



(8-ാം പേജിന്റെ തുടർച്ച...)

ഒരിക്കൽ ഒരു കാള പൊട്ടക്കിണറ്റിൽ വീണു. അതുകണ്ട് വന്ന ചിലർ അതിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ, സാധിച്ചില്ല. അവർ പോയി. പിന്നെ കുറെ വികൃതി പിള്ളേർ വന്നു. അവർ പറഞ്ഞു - 'നമുക്കിതിനെ രക്ഷിച്ചെടുക്കാൻ പറ്റില്ല. എന്നാൽ പിന്നെ ഇതിനെ മണ്ണിട്ട് മുടിയേക്കാം'.

അവർ ചെന്ന് ഒരു കൊട്ട കൊണ്ടുവന്നു. ഓരോ കൊട്ടമണ്ണ് കാളയുടെ പുറത്തേക്കിട്ടു. പുറത്തു വീണ മണ്ണൊക്കെ കുടഞ്ഞുകളഞ്ഞ് കാള അതിൽ ചവിട്ടി കയറിനിന്നു. കുട്ടികൾ പിന്നെയും പിന്നെയും മണ്ണിട്ടു. കാള അതൊക്കെ കുടഞ്ഞിട്ടു. പിന്നെ അതിൽ ചവിട്ടി കിണറ്റിൽ നിന്നും കയറിപ്പോന്നു.

അതുപോലെ നമ്മെ താഴ്ത്താനുപയോഗിക്കുന്ന അപവാദം, പരാജയം, പ്രതികൂല കാര്യങ്ങൾ മുതലായവ നിസ്സാരമെന്ന് കരുതി കുടഞ്ഞു കളയുക. മുന്നോട്ട് ഗമിക്കാനുള്ള പടികളായി അവയെ കാണുക.

കർക്കടകം കഴിഞ്ഞാൽ ചിങ്ങമായി. ഓണക്കാലം പുത്തനൊരോണം നമ്മെ കാത്തിരിപ്പുണ്ട്. നമ്മളും ഓണത്തെ വരവേൽക്കാനായി തയ്യാറെടുക്കണം. വരും ബാലലോകം കുറിപ്പുവരെ കൂട്ടുകാരെല്ലാം സന്തോഷത്തോടെ ഇരിക്കുക. എല്ലാ ചങ്ങാതിമാർക്കും ക്ഷേമം നേരുന്നു. ■

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

നിശബ്ദതയ്ക്കു പല മാനങ്ങളുണ്ട്. മനുഷ്യൻ ബഹളത്തിനുനടുവിൽ നിന്നും ഏകാന്തതയിലേക്ക് വരുമ്പോഴുള്ള ആശ്വാസം അനുഭവിച്ചറിയണം. എന്നാൽ ഏകാന്തത തുടരാൻ ആർക്കും ഇഷ്ടമല്ല. എങ്കിലും നിശബ്ദത സാന്ത്വനമേകുന്നുവെന്നത് ഒരു സത്യമല്ലേ.


നിശബ്ദതയുടെ പ്രാധാന്യം ഈ കഥയിലൂടെ മനസ്സിലാക്കാം. ഒരു കർഷകൻ കളപ്പുരയിൽ ജോലിചെയ്യുന്നതിനിടയിൽ അയാളുടെ 'വാച്ച്' നഷ്ടമായി. വളരെ വിലപിടിപ്പുള്ള വാച്ച് അലങ്കോലമായി കിടക്കുന്ന കളപ്പുരയിൽ നിന്നും എങ്ങനെ കണ്ടെത്തുമെന്ന വ്യാകുലതയിലായി ആ മനുഷ്യൻ. വളരെ പ്രിയപ്പെട്ടതായിരുന്നു അയാൾക്ക് ആ വാച്ച്. കളപ്പുര മുഴുവൻ തിരഞ്ഞിട്ടും ഫലമില്ല.

പുറത്തു കളിക്കുന്ന കുട്ടികളോട് സഹായമഭ്യർത്ഥിച്ചു. കണ്ടെത്തുന്നയാൾക്ക് സമ്മാനവും വാഗ്ദാനം ചെയ്തു. കുട്ടികൾ കളപ്പുര ഉഴുതുമറിച്ചു പക്ഷേ പ്രയോജനമില്ല. നിരാശനും, ദുഃഖിതനുമായി കർഷകൻ ഇരിക്കുമ്പോൾ ഒരു കുട്ടി വന്നു ചോദിച്ചു 'ഞാനൊന്ന് തിരഞ്ഞു നോക്കട്ടെ ഒരവസരം തരൂ ഞാൻ ശ്രമിക്കാം' കുട്ടിയെ ആ ശ്രമം നടത്താൻ അയാൾ അനുവദിച്ചു. അയാൾ പുറത്ത് അക്ഷമനായി കാത്തിരുന്നു.

കുറെ സമയം കഴിഞ്ഞ് കുട്ടി പുറത്തു വന്നു. കുട്ടിയുടെ കയ്യിൽ വാച്ചുണ്ടായിരുന്നു. അയാൾ സന്തോഷത്തെക്കാൾ അത്ഭുതസതപ്ബ്ധനായെന്നു പറയാം. 'എങ്ങനെ കണ്ടെത്തി എന്നായിരുന്നു ചോദ്യം'. ആ ബാലൻ പറഞ്ഞു 'അടച്ചിട്ട കളപ്പുരയിൽ ഞാൻ ഒറ്റക്കിരുന്നു. പൂർണ്ണ നിശബ്ദതയിൽ സൂഷ്മമായി കാതോർത്തപ്പോൾ എവിടെയോ 'ടിക് ടിക്' ശബ്ദം. ആ ദിശയിലേക്ക് നടന്നു. അങ്ങനെ നിഷ്പ്രയാസം വാച്ചുകിട്ടി. ഇതിലുപരി നിശബ്ദതയുടെ പ്രാധാന്യം മനസ്സിലാക്കാൻ മറ്റെന്താണാവശ്യം. ആ ബാലൻ സമർത്ഥനായി തെളിയിച്ചില്ലേ.

വാഗ്ദാനം ചെയ്തപോലെ കർഷകൻ സമ്മാനം നൽകി ആ ബാലനെ ആനന്ദിപ്പിച്ചു. ചെറിയ ഒരു ശബ്ദ തരംഗത്തിന്റെ വില പൂർണ്ണ നിശ്ശബ്ദതയിലാണ്. ഇതുപോലെ വളരെ ചെറിയ കാര്യങ്ങൾക്കും അതർഹിക്കുന്ന വില നൽകിയാൽ നമുക്ക് നേട്ടമേ ഉണ്ടാകു. ഒരിക്കലും ഒന്നിനെയും വിലകുറച്ച് കാണരുത്. എല്ലാകാര്യങ്ങൾക്കും അതിന്റേതായ പ്രാധാന്യം നല്കുകയാണാവശ്യം.

"നിശബ്ദത തെറ്റ് ചെയ്യുന്നില്ലായെന്ന്" ഒരു ഫ്രഞ്ച് മൊഴിയുണ്ട് ശരി മാത്രമാണ് ചെയ്യുന്നതെന്ന് നമുക്കും ബോധ്യമായില്ലേ? ■

ക്ഷേത്രങ്ങളിലൂടെ

# അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

ഇന്ദിരാഭായി – 8078552892

ആർഷ സംസ്കാരത്തിന്റെ പവിത്രതയ്ക്ക് മാറ്റുകൂട്ടുന്ന അനേകം ചരിത്ര സ്മൃതികളുറങ്ങുന്ന നാടാണ് കേരളം. ക്ഷേത്രങ്ങളുടെ നാടായ കേരളം ചെറുതും വലുതുമായ ആയിരക്കണക്കിന് ക്ഷേത്രങ്ങളെ കൊണ്ട് നിറഞ്ഞതാണ്. ഓരോ ക്ഷേത്രത്തിനും അതിന്റെതായ പ്രത്യേകതകളും പ്രാധാന്യങ്ങളും ഉണ്ട്. മിക്ക ക്ഷേത്രങ്ങളുടെയും സമീപത്തായി ചെറുതും വലുതുമായ ക്ഷേത്രകുളങ്ങളും കുളങ്ങളിൽ ധാരാളം മത്സ്യങ്ങളെയും കാണാറുണ്ട്. ക്ഷേത്രകുളങ്ങളിലെ മത്സ്യങ്ങൾക്ക് വഴിപാടായി മീനൂട്ട് നടത്താറുണ്ട്. എന്നാൽ മുതലയ്ക്ക് ഭക്ഷണമായി നിവേദ്യം നൽകുന്നത് അപൂർവ്വതയാണ്. ഇവിടെ ക്ഷേത്രത്തിന് സമീപത്തല്ല കുളം, കുളത്തിന് നടുവിലാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത് കുളം എന്നതിലുപരി ക്ഷീരസാഗരസമാനമായ ഒരു തടാകം, തടാകത്തിൽ ധാരാളം മത്സ്യങ്ങളും ഒരു മുതലയും ഉണ്ട്. ലോകത്തിലെ ഏക സസ്യാഹാരിയായ മുതലയാണിത്. അത്ഭുതകരമായ പ്രത്യേകതകളുള്ള ക്ഷേത്രമാണ് അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം.അനന്ത പത്മനാഭസ്വാമി ക്ഷേത്രം എന്ന് കേൾക്കുമ്പോൾ തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം എന്ന് മിക്കവരും ധരിച്ചേക്കാം. എന്നാൽ അങ്ങനെയല്ല തിരുവനന്തപുരത്ത് ശ്രീ പത്മനാഭസ്വാമി ക്ഷേത്രം സ്ഥാപിതമാകുന്നതിന് മുമ്പ് അനന്തപത്മനാഭസാമി കേരളത്തിന്റെ മണ്ണിൽ തന്നെ വാണരുളിയിരുന്ന ഒരു ക്ഷേത്രമുണ്ട്. ഈ ക്ഷേത്രത്തെപ്പറ്റി നമ്മിൽ പലർക്കും അറിവില്ല എന്നത് ഒരു സത്യാവസ്ഥയാണ് . ഈ ക്ഷേത്രം തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മൂലക്ഷേത്രമായി കാസർഗോഡ് ജില്ലയിൽ ഇന്നും സ്ഥിതി ചെയ്യുന്നു. ഒരു പാട് ആത്മീയ ചരിത്രങ്ങളുടെ പൊരുളറിയാത്ത നിഗൂഢകഥകളുറങ്ങുന്ന ഒരു പുണ്യ പുരാതന ക്ഷേത്രമാണ് അനന്തപുരം ശ്രീ പത്മനാഭസാമി ക്ഷേത്രം . കാസർകോഡ് ടൗണിൽ നിന്നും കുമ്പള ബദിയടുക്ക വഴി സഞ്ചരിച്ചാൽ നായ്ക്കാപ്പ എന്ന സ്ഥലത്തെത്താം. അവിടെ നിന്നും 1 കിലോമീറ്റർ സഞ്ചരിച്ചാൽ ക്ഷേത്രത്തിലെത്താം.

കേരളത്തിന്റെ വടക്കേ അറ്റത്തുള്ളതും ഏറ്റവും ഒടുവിൽ നിലവിൽ വന്നതുമായ കാസർകോഡ് ജില്ലക്ക് ഒരുപിടി വിശേഷണങ്ങൾ സ്വന്തമായുണ്ട്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാദേശിക ഭാഷകൾ സംസാരിക്കുന്ന ജില്ലയാണ് കാസർകോഡ്. ദൈവങ്ങളുടെ നാടെന്നും, നദികളുടെ നാടെന്നും സപ്തഭാഷാസംഗമഭൂമി എന്നും കാസർകോടിനെ വിശേഷിപ്പിക്കുന്നു. കേരളത്തിൽ ബ്യാരിഭാഷ സംസാരിക്കുന്ന ഏക ജില്ലയാണിത്. കേരളത്തിലെ ആദ്യ ജൈവ ജില്ലയും, ഏറ്റവും കൂടുതൽ നദികളൊഴുകുന്ന ജില്ലയുമാണ് കാസർകോഡ്. യക്ഷഗാനമെന്ന കലാരൂപത്തിന്റെ ജന്മനാടാണിത്. പാർത്ഥിവസുബ്ബയ്യയാണ് ഈ കലാരൂപത്തിന്റെ ഉപജ്ഞാതാവ്. കുമ്പള രാജവംശത്തിന്റെ ആസ്ഥാനമായ മായിപ്പാടി കൊട്ടാരവും കേരളത്തിലെ ഏറ്റവും വലിയ കോട്ടയായ ബേക്കൽ കോട്ടയും, കാഞ്ഞങ്ങാട്ടുകോട്ട, ചന്ദ്രഗിരികോട്ട തുടങ്ങി പല ചരിത്ര സ്മാരകങ്ങളും സ്ഥിതിചെയ്യുന്ന ജില്ലയാണിത്. ഇതിനെല്ലാമുപരിയായി ലോകത്തിലെ സസ്യാഹാരിയായ ഏക മുതലയുള്ള തടാക ക്ഷേത്രം ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. കാസർകോഡ് എന്നാൽ കാഞ്ഞിരമരങ്ങളുടെ

കൂട്ടം എന്നും അർത്ഥം കല്പിക്കുന്നുണ്ട്. കാസർകോഡ് ശിലായുഗം മുതൽ തന്നെ മനുഷ്യവാസം ഉണ്ടായിരുന്ന സ്ഥലവുമാണ്.

കാസർകോഡ് ജില്ലയിലെ അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം 3000 ത്തിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ്. അഗസ്ത്യ മഹർഷി തപസ്സനുഷ്ഠിച്ചിരുന്ന സ്ഥലമാണ് അനന്തപുരം. മഹർഷി തന്റെ തപോഭൂമിയിൽ സ്ഥാപിച്ച മഹാവിഷ്ണു ക്ഷേത്രമാണ് അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം. അഗസ്ത്യമഹർഷി യാഗം നടത്തിയിരുന്ന യാഗശാലയിലെ യജ്ഞകുണ്ഡങ്ങൾ ക്ഷേത്രത്തടാകത്തിലെ ജലത്തിനടിയിൽ ഇന്നും ഉണ്ട് എന്നും പറയപ്പെടുന്നു. പേരുപോലെ തന്നെ കഠിനമായ നിർമ്മാണരീതികളുള്ള കടുശർക്കരയോഗത്തിൽ നിർമ്മിച്ച വിഗ്രഹങ്ങളാണ് അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആരാധന വിഗ്രഹങ്ങൾ. അഗസ്ത്യമഹർഷിക്കുശ്ശേഷം വില്വമംഗല സ്വാമിയാരാണ് ഈ ക്ഷേത്ര കാര്യങ്ങൾ നടത്തിയിരുന്നത്.

അനന്തപുരം ക്ഷേത്രത്തിൽ വില്വമംഗല സ്വാമിയാർ പൂജാദികാര്യങ്ങൾ നടത്തിയിരുന്ന കാലത്ത് ഒരു കൊച്ചുബാലൻ സ്വാമിയാരെ സഹായിക്കാനായി നിത്യവും അവിടെ എത്തുമായിരുന്നു. പൂജകൾക്കു വേണ്ട സാധനങ്ങളും നിവേദ്യങ്ങൾ ഒരുക്കുന്നതിനും എല്ലാം അദ്ദേഹത്തെ സഹായിച്ചുകൊണ്ട് അദ്ദേഹത്തിനൊപ്പം കൂടിയിരുന്നു. ഈ ഉണ്ണി ആരെന്നോ, ഏതെന്നോ ഒന്നും അദ്ദേഹത്തിനറിയില്ലായിരുന്നു. ഉണ്ണി സ്വാമിയാർക്ക് എല്ലാ സഹായവും ചെയ്തു കൊടുത്തിരുന്നു. എങ്കിലും ഇടക്ക് അല്പം കുസൃതികളും ഒപ്പിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം പൂജകൾ നടത്തികൊണ്ടിരിക്കുമ്പോൾ ഉണ്ണി എന്തോ വികൃതികാട്ടി. സ്വാമിയാർക്ക് ദേഷ്യം വന്നു. അദ്ദേഹം ഉണ്ണിയെ പുറംകൈകൊണ്ട് തട്ടി. ഉണ്ണി അവിടെ വീണു. സ്വാമിയാർ തന്നെ പുറംകൈ കൊണ്ടുതള്ളിയത് ഉണ്ണിക്ക് തീരെ ഇഷ്ടപ്പെട്ടില്ല. പെട്ടെന്ന് താൻ ചെയ്തത് തെറ്റായിപ്പോയി എന്നോർത്ത് ഉണ്ണി വീണ സ്ഥലത്തെത്തിയ സ്വാമിയുടെ മുന്നിൽ നിന്നും ഉണ്ണി അപ്രത്യക്ഷനാകുകയും ഇനി എന്നെ കാണണമെങ്കിൽ അനന്തൻ കാട്ടിൽ വരണം എന്നൊരശരീരി കേൾക്കുകയും ചെയ്തു. അപ്പോഴാണ് തന്നെ സഹായിക്കാൻ കൂടിയിരുന്ന ഉണ്ണി സാക്ഷാൽ ഉണ്ണികൃഷ്ണനായിരുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലായത്. ഉണ്ണി അപ്രത്യക്ഷമായ സ്ഥലത്ത് പെട്ടെന്ന് ഒരു ഗുഹ പ്രത്യക്ഷപ്പെടുകയും ആ ഗുഹയിൽ ഒരു പ്രകാശം കാണപ്പെടുകയും ചെയ്തു. അദ്ദേഹം ഓടി പ്രകാശത്തിനടുത്തെത്തിയപ്പോഴേക്കും പ്രകാശം അകന്നകന്നു പൊയ്ക്കൊണ്ടിരുന്നു. സ്വാമിയാർ ഗുഹയിലൂടെ പ്രകാശത്തെ പിന്തുടർന്ന് ഒരു കടൽതീരത്തെത്തുകയും പ്രകാശം അപ്രത്യക്ഷമാകുകയും ചെയ്തു. അവിടെ കാടുപിടിച്ചു കിടന്ന സ്ഥലവും ഗുഹാഭാഗത്ത് പാറയിൽ രണ്ടു കാൽപ്പാടുകളും മാത്രമാണ് അദ്ദേഹത്തിന് കാണുവാൻ കഴിഞ്ഞത്. അനന്തേശ്വരം ക്ഷേത്രത്തിൽ നിന്നും ഏകദേശം അഞ്ചു കിലോമീറ്റർ ദൂരത്തായി മെഗ്രാൽ എന്ന സ്ഥലത്തിനടുത്ത് നാങ്കുഴി എന്ന സ്ഥലത്ത് കടൽതീരത്തായി കാടുപിടിച്ചുകിടക്കുന്ന സ്ഥലവും, ഗുഹാഭാഗവും ഗുഹാഭാഗത്ത് പാറയിൽ രണ്ടു കാല്പാദങ്ങളും ഇന്നും കാണാം. ഇന്ന് ഈ സ്ഥലം പുരാവസ്തുവകുപ്പിന്റെ കീഴിലാണ്. ഇവിടെ ജനവാസം ഇല്ല. ഉണ്ണി ക്ഷേത്രത്തിൽ നിന്നും അപ്രത്യക്ഷമായ സ്ഥലത്ത് രൂപപ്പെട്ട ഗുഹ ഇന്ന് വില്വമംഗലം ഗുഹ എന്നറിയപ്പെടുന്നു. ഈ ഗുഹയുടെ തുടക്ക ഭാഗത്ത് 3 അടി മാത്രം ആഴമുള്ള ഒരു കിണർ രൂപപ്പെടുകയും ചെയ്തു. ഈ കിണറിലെ ജലം വറ്റാറില്ല. ഇതിലെ ജലമാണ് ഭഗവാന്റെ അഭിഷേകത്തിനും മറ്റു ക്ഷേത്രാവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.

തനിക്കുപറ്റിയ തെറ്റിനെ ഓർത്ത് പശ്ചാത്തപിച്ച വില്വമംഗല സ്വാമിയാർ ഭഗവാനെ കാണുവാൻ വേണ്ടി അനന്തൻ കാടന്വേഷിച്ച്

യാത്ര ആരംഭിച്ചു. അനന്തൻകാട് എവിടെയെന്നോ ഏതുദിക്കിലെന്നോ ഒന്നും അദ്ദേഹത്തിന് അറിവില്ലായിരുന്നു. ഉണ്ണിക്കണ്ണനെ പ്രാർത്ഥിച്ചുകൊണ്ട് അദ്ദേഹം അനന്തൻകാടന്വേഷിച്ച് തെക്കുദിക്കിലേക്ക് യാത്ര തുടങ്ങി. യാത്ര മദ്ധ്യേ ക്ഷീണം കൊണ്ട് തളർന്ന അദ്ദേഹം ഒരു സന്ധ്യാസമയത്ത് ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. ഈ സമയം സമീപത്തായുള്ള ഒരു കുടിലിൽ നിന്നും നിർത്താതെ കരയുന്ന കുഞ്ഞിനോട്, കുഞ്ഞിന്റെ അമ്മ ഇനിയും നീ കരഞ്ഞാൽ നിന്നെ ഞാൻ അനന്തൻകാട്ടിലെറിയും എന്ന് പറയുന്നത് അദ്ദേഹം കേൾക്കാനിടയായി. സ്വാമിയാർ പെട്ടെന്ന് തന്നെ ആ കുടിലിലേക്കെത്തി അവരോടു അനന്തൻ കാടിനെപ്പറ്റി ചോദിച്ചറിഞ്ഞു. അവിടെ നിന്നും വെളിച്ചത്തിനായി ഒരു തിരികത്തിച്ച് കാറ്റിൽ അണയാതിരിക്കുവാൻ ഒരു ചിരട്ടയെ മറയാക്കി അതുമായി അദ്ദേഹം അനന്തൻകാട് ലക്ഷ്യമാക്കി നടന്നു. അനന്തൻ കാട്ടിലെത്തിയ സ്വാമിയാർക്ക് മുന്നിൽ ഒരു ഇലിപ്പമരം രണ്ടായി പിളർന്നു വീഴുന്നതായും ഒരു അത്ഭുത പ്രകാശത്തിൽ അനന്തശായിയായ പത്മനാഭസ്വാമിപ്പെരുമാളുടെ ദിവ്യരൂപം ദൃശ്യമാകുകയും ചെയ്തു. തിരുവല്ലത്ത് ശിരസ്സും, തിരുവനന്തപുരത്ത് ശരീരവും, തൃപ്പാദപുരത്ത് പാദങ്ങളുമായി ഏകദേശം 18 മൈലോളം നീളത്തിലാണ് ഭഗവാൻ ശയിച്ചിരുന്നത്. ഇതുകണ്ട സ്വാമിയാർ വിശ്വരൂപം ചുരുക്കി കാട്ടിത്തരണമേ എന്ന് ഭഗവാനോടപേക്ഷിച്ചു. അദ്ദേഹത്തിന്റെ അപേക്ഷ അനുസരിച്ച് ഭഗവാൻ തന്റെ ദൈർഘ്യം ചുരുക്കി സാമിയാർക്ക് ദർശനം നൽകി. അങ്ങനെ അനന്തനെ പള്ളിമെത്തയാക്കി പള്ളികൊള്ളുന്ന ശ്രീ പത്മനാഭസ്വാമിയുടെ രൂപത്തിൽ താൻ പുറംകൈ കൊണ്ടുതട്ടിയതിൽ പിണങ്ങിപ്പോയ പൊന്നുണ്ണിക്കണ്ണനെ പ്രസന്നവദനനായി സ്വാമിയാർക്ക് വീണ്ടും ദർശിക്കുവാൻ സാധിച്ചു. സ്വാമിയാർക്കു അനന്തശായിയായി ഭഗവാൻ ദർശനം നൽകിയ അനന്തൻകാട് എന്ന സ്ഥലത്ത് പിന്നീട് രാജാവ് ക്ഷേത്രം പണികഴിപ്പിച്ചു. ഇതാണ് തിരുവന്തപുരം ശ്രീ പത്മനാഭസ്വാമിക്ഷേത്രോത്ഭവത്തെപ്പറ്റിയുള്ള ഏറ്റവും കൂടുതൽ പ്രചാരമുള്ളതും വിശ്വസനീയവുമായ ഐതിഹ്യം. സ്വാമിയാരുടെ മുന്നിൽ പ്രത്യക്ഷനായ ഭഗവാന് നിവേദ്യമായി സമർപ്പിക്കുവാൻ അദ്ദേഹത്തിന്റെ കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല. തൊട്ടടുത്ത് ഒരു മാവിൽ നിറയെ മാങ്ങ നിൽക്കുന്നത് അദ്ദേഹം കാണുകയും ഒരു മാങ്ങ എടുത്ത് തന്റെ കൈയിലുണ്ടായിരുന്ന ചിരട്ടയിൽവെച്ച് ഭഗവാന് നിവേദിക്കുകയും ചെയ്തു. ഇന്നും തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമിയുടെ ആദ്യ നിവേദ്യം ചിരട്ടയിൽവെച്ച് സമർപ്പിക്കുന്ന മാങ്ങ തന്നെയാണ്. വില്വമംഗല സ്വാമി തന്റെ ഭഗവാനെ വീണ്ടും ദർശിച്ചതിന്റെ സന്തോഷത്തിൽ ഏറെക്കാലം ഭഗവാനോടൊപ്പം തിരുവനന്തപുരത്ത് തന്നെ കഴിഞ്ഞിരുന്നു എന്നും വിശ്വസിക്കുന്നു. തിരുവനന്തപുരം പണ്ടുകാലത്ത സ്യാനന്ദപുരം എന്നാണറിയപ്പെട്ടിരുന്നത്. കാസർകോഡ് അനന്തപുരത്ത് ഭഗവാന്റെ ഇരുപ്പിടമെങ്കിൽ സ്യാനന്ദപുരം ഭഗവാന്റെ ശയ്യയാണ്. അനന്തശായിയായി ഭഗവാൻ ശ്രീ മഹാവിഷ്ണു സ്യാനന്ദപുരത്ത് കുടികൊണ്ടതിനുശേഷമാണ് സ്യാനന്ദപുരം തിരുഅനന്തപുരമായി പരിണമിച്ചത്.

(തുടരും .....)

**മിനിക്കഥ**

ഉണ്ണി വാരിയത്ത് – 9867179480

# തിരക്ക്

എപ്പോൾ ചോദിച്ചാലും അയാൾ പറയും തിരക്കിലാണെന്ന്! സുഹൃത്തുക്കളുടെ വീട്ടുവിശേഷങ്ങളിലെന്നല്ല, ബന്ധുളുടെ കാര്യത്തിലും അതേ മറുപടിതന്നെ!

'ദിനചര്യ പോലെ നിങ്ങൾ അമ്പലത്തിൽ പോകാറുണ്ടല്ലോ? ഇന്ന് തിരക്കായതുകൊണ്ട് ദൈവമേ ഞാൻ പിന്നെ വന്നു കണ്ടോളാം എന്ന് പറയാറുണ്ടോ? ആരോ ചോദിച്ചു.

'ദൈവം വേറെ, മനുഷ്യൻ വേറെ' അയാൾ തിരിച്ചടിച്ചു. ചെകുത്താനും വേറെയല്ലേ? ഹൊ! ചെകുത്താന്റെ ഒരു തിരക്ക്!

# നമഃശിവായ

ഡോ. കെ. ഹരിഹരൻ - 9847313322

(തുടർച്ച.....)

ഭഗവാൻ ശങ്കരന്റേത് കർപ്പൂരഗൗരശരീരമാണ്. ഉജ്ജ്വലമായതിനാൽ ആരും നോക്കി നിന്നു പോകും എന്നാൽ ദൃഷ്ടിദോഷമുണ്ടാകാത്ത വിധമാണ് കഴുത്തിലെ നീല നിറം കാണുന്നതെന്ന് തോന്നുന്നു. മുൻഅദ്ധ്യായങ്ങളിൽ നാം ഹവിർധാനി, ശ്രീ, വാരുണി, അപ്സരസ്സുകൾ, ഐരാവതം, പാരിജാതം എന്നിവയെ കുറിച്ച് മനസ്സിലാക്കി. ഇവയ്ക്കു ശേഷം ചന്ദ്രന്റെ നാമം ആണ് വരുന്നത്. സമുദ്രമന്ഥനത്തിൽ നിന്നും ചന്ദ്രൻ പ്രകടമായതാണ് എന്നാണ് അനുമാനം. ചന്ദ്രൻ എന്ന് പറയുമ്പോൾ തന്നെ ശീതളത, ആഹ്ലാദം, പ്രകാശം എന്നിവയാണ് മനസ്സിൽ തെളിയുന്നത്. ഈ ഗുണങ്ങൾ ചന്ദ്രനിലുള്ളതാണ്. ഈ രീതിയിലാണ് നാം ഐരാവതത്തിൽ നിന്ന് സത്സംഗം, പാരിജാതത്തിൽ നിന്ന് സാധനാ സമ്പത്ത് എന്നിവ മനസ്സിലാക്കിയത്. ഇരാവാൻ, ഗിരിവാൻ, വിദ്വാൻ എന്നിവ സത്പുരുഷനെ സംബന്ധിച്ചുള്ളതായതിനാൽ സത്സംഗമെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. സത്സംഗമെന്നത് വിശാലമാകുന്നു, അത് നമ്മളെ വിശാലതയിലേക്ക് നയിക്കും. ഇത് ബ്രഹത്തായ ഐരാവതമെന്ന ആനയെ കുറിക്കുന്നു. അങ്ങനെയുള്ള സത്സംഗം കൊണ്ട് സംസാരപരമായ മോക്ഷം ലഭിക്കാനായി വിവേകാദി സാധനാസമ്പത്തിയായ പാരിജാത ലബ്ധിയുണ്ടാകും.

സത്സംഗത്താൽ തന്നെയാണ് സംസാരപരീക്ഷണം സമ്പന്നമാക്കുന്നത്. അനുഭവം എല്ലാവർക്കും ഉണ്ടാകുമെങ്കിലും അവ പരീക്ഷിക്കപ്പെടുന്നില്ല. സന്ത്-സത് പുരുഷന്മാർ സത്സംഗത്തിൽ സംസാര സ്വരൂപം വെളിവാക്കുന്നു. അതിനു ശേഷം പാരിജാതാവസ്ഥയിൽ വൈരാഗ്യവും ബ്രാഹ്മജിജ്ഞാസയുമുണ്ടാകും. കൃതകർമ്മാദികളെക്കൊണ്ട് അകൃത ബ്രഹ്മം അഥവ മോക്ഷം പ്രാപിക്കാൻ സാദ്ധ്യമല്ല, എന്ന വൈരാഗ്യമാണ് ഉണ്ടാകുന്നത്. യുക്തിപൂർണ്ണമായ ശ്രുതിയനുസരിച്ച്, വിരക്തനായ പുരുഷൻ കൃതകർമ്മത്താൽ അകൃത ബ്രഹ്മാന്വേഷണത്തിൽ ഏർപ്പെടുന്നു. അയാൾക്ക് ബ്രഹ്മജിജ്ഞാസയുണ്ടാകുന്നു. ആ വിജ്ഞാനത്തിനുവേണ്ടി 'ഗുരുമേവാഭിഗ ച്ഛേത്'. ഗുരുവിന്റെ അടുക്കൽ തന്നെ പോകണം പുസ്തകങ്ങളെയും മറ്റു പ്രത്യയങ്ങളേയും ആശ്രയിച്ചിട്ടു ഫലമുണ്ടാകില്ല.

ഇതേ ഗുരുവാണ് ചന്ദ്രപദത്താൽ സൂചിതനാകുന്നത്. ഗരുവിൽ പ്രകാശകതയും, ശീതളതയും, ആഹ്ളാദകാരിതയും ഉണ്ട്. മറ്റുള്ളവരുടെ ക്ലേശം ഇല്ലാതാക്കുക എന്നത് സ്വതവേ മഹാത്മാക്കളുടെ സ്വഭാവമായിത്തീരാറുണ്ട്. ചില മഹാത്മാക്കൾ, ആരെങ്കിലും അയാളുടെ വ്യഥ വന്നു പറഞ്ഞാലോ, അല്ലെങ്കിൽ സ്വയം ഉൽക്കടമായ പ്രേരണയുണ്ടായാലോ മാത്രമായിരിക്കും ക്ലേശനിവാരണം ചെയ്യുന്നത്, അതുവരെ അതിലേയ്ക്ക് ദൃഷ്ടി പായിക്കുകയേയില്ല. മറ്റുള്ളവരുടെ ക്ഷീണമകറ്റാൻ സ്വയമേവ ഒന്നും പ്രവർത്തിക്കാറില്ല. എന്നാൽ അവരോടുള്ള അഭ്യർത്ഥനയാലും പ്രാർത്ഥനയാലും കാര്യസാദ്ധ്യമുണ്ടാകും. ചില ആളുകൾ തങ്ങളുടെ കാര്യങ്ങൾ സമക്ഷം അവതരിപ്പിക്കാൻ സങ്കോചം കാണിക്കും. യഥാർത്ഥ മഹാപുരുഷൻമാർ പ്രർത്ഥിക്കുന്നതിനു വേണ്ടി കാത്തിരിക്കുന്ന സ്വഭാവക്കാരല്ല. എന്നാൽ വിനയാന്വിതമായ അപേക്ഷ തീർച്ചയായും പ്രതീക്ഷിക്കും, അല്ലെങ്കിൽ ഫലം വിപരീതമാകാം എന്നതാണതിന് കാരണം.

'സ്വതഃ പരശ്രമാപനോദ'ത്തിൽ ഉദാഹരണ

മുണ്ട് സുധാംശുരേഷഃ സുധാംശു എന്ന് ചന്ദ്രനെയാണ് വിളിക്കുന്നത്. അതിന്റെ അംശു അഥവ കിരണം സുധാമയമായതിനാൽ സുധാംശു. ശരത് പൂർണ്ണിമയിൽ ചന്ദ്രൻ വിശേഷരൂപത്തിൽ തന്റെ കിരണങ്ങളാൽ അമൃത വർഷം നടത്തുന്നു. കർക്കശനായ സൂര്യന്റെ കിരണങ്ങളാൽ സന്തപ്തമായ ഭൂമിയെ തണുപ്പിക്കുക എന്നതാണ് ചന്ദ്രന്റെ സ്വഭാവം. ചന്ദ്രനില്ലാതിരുന്ന കാലത്ത്, ഭൂമി സൂര്യകിരണങ്ങളാൽ അത്യന്തം തപിച്ചുരുകി പൊട്ടുമായിരുന്നു. ആ സമയത്ത് ചന്ദ്രൻ വേർപ്പെട്ട് അടർന്നുപോയി അമൃത കിരണം ഭൂമിയിലേക്ക് വർഷിച്ചു രക്ഷിച്ചു. ഇതാണ് സമുദ്രമന്ഥനത്തിലെ ചന്ദ്രോത്ഭവം സൂചിപ്പിക്കുന്നത്. മഹാത്മാക്കളും ഇപ്രകാരം സംസാരസാഗരത്തിന് മുകളിലേക്കുയർന്ന് താപസംതപ്തമായ ഹൃദയ ഭൂമിയെ സംരക്ഷിക്കുന്നു. അമൃത വാണിയാൽ തണുപ്പിക്കുന്നു. ആചാര്യൻ ഇവിടെ സ്വയം ചന്ദ്രരൂപത്തിൽ മഹാത്മാവായ ഗുരുവിനെ വർണ്ണിച്ചിരിക്കുന്നു.

ജപത്തിനു മുമ്പ്, പൂജാപാരായണത്തിനു മുമ്പ്, ധ്യാനസമാധിക്ക് മുമ്പ് സദ്ഗുരുവിനെ സ്മരിക്കണം. മസ്തക മൂർദ്ധാവിൽ ഒരു സഹസ്രദളകമലമുണ്ട്. ഷഡ്ചക്രോപരി സപ്തമചക്രമായാണ് ആ സഹസ്രാരകമലം നിലകൊള്ളുന്നത്. മൂലാധാരം, സ്വാഭിഷ്ഠാനം ഇവയിൽ നാല്, ആറ് ദളങ്ങളുള്ള പത്മങ്ങളാണുള്ളത്. ഇങ്ങനെയുള്ള നൂറ്റിയൻപതോ ഇരുന്നൂറോ കമലങ്ങളൊരുമിച്ചാൽ ഒരു സഹസ്രാരകമലമാകും. അതുകൊണ്ട് ഇതിനെ മഹാപാദ്മാടവി (താമരവനം) എന്ന് വിളിക്കുന്നു. ശിരസ്സിൽ സ്ഥിതമായിരിക്കുന്ന ആ സഹസ്രദളകമലത്തിൽ ഗുരുവിനെ ധ്യാനിക്കണം. 'സകലശീതരശ്മിപ്രഭം', ശീതരശ്മി, ശീതാംശു എന്നിവ ചന്ദ്രനാമങ്ങളാണ്. സകലം എന്നാൽ സർവ്വം എന്നല്ല അർത്ഥം. കലാസാഹിതത്തെയാണ് സകലമെന്നു പറയുന്നത്. സർവ്വകലാസഹിതമെന്നാണ് രണ്ടു വിശേഷണങ്ങളുടെയും അർത്ഥം. ചന്ദ്രന് പതിനാറ് കലകളുണ്ട്. ആ പതിനാറുകലകളുള്ള ചന്ദ്രനാണ് പൂർണ്ണസകലചന്ദ്രൻ. പതിനാറു കലകളാലും പൂർണ്ണനായ ആ ഗുരുസ്വരൂപത്തെ ധ്യാനിക്കാനാണ് പറഞ്ഞിരിക്കുന്നത്. ഗുരു സകല കലാദേവത സ്വരൂപമാണ്. എന്തെന്നാൽ ഗുരുപദേശം കൊണ്ടുമാത്രമേ സകലദേവതാ സ്വരൂപ ജ്ഞാനമുണ്ടാവുകയുള്ളു. ക്ഷേത്രത്തിൽ പുജാരിയാണ് ഭഗവാനെ വെളിവാക്കിത്തരുന്നത്. പൂജ ചെയ്തില്ലെങ്കിൽ അത് കല്ല് മാത്രമായി അവശേഷിക്കും അതുപോലെ ഗുരു ഉപദേശിക്കുന്നതുകൊണ്ടാണ് ദേവതാ വിഷയകമായി ജ്ഞാനം ഉണ്ടാകുന്നത്. അപ്പോൾ ഗുരു എല്ലാ ദേവതകളുടേയും സ്വരൂപമാണ്. ബ്രഹ്മാവ് ഗുരുവിന്റെ ഹൃദയത്തിൽ നിന്ന് വാണീരൂപത്തിൽ നിർഗ്ഗമിച്ച് ശിഷ്യനിൽ ജ്ഞാനം ഉൽപ്പന്നമാക്കുന്നു. വിഷ്ണു ഗുരുവിന്റെ ഹൃദയത്തിൽ നിന്ന് വാണീരൂപത്തിൽ നിർഗ്ഗമിച്ച് ശിഷ്യന്റെ ജ്ഞാനത്തെ രക്ഷിച്ച് നിറുത്തുന്നു. രുദ്രനും ഗുരുവിന്റെ ഹൃദയത്തിൽനിന്നും നിർഗ്ഗമിച്ച് ശിഷ്യന്റെ അജ്ഞാനനാശം വരുത്തുന്നു. അതുകൊണ്ട് ഗുരുവാണ് സാക്ഷാൽ പരബ്രഹ്മം . തത്ത്വമസ്യാദി വാക്യങ്ങളാൽ തന്നെയാണ് ബ്രഹ്മബോധമുണ്ടാകുന്നത്. അതിനാൽ മന്ത്രം, ദേവതാസ്വരൂപം തുടങ്ങിയവയെല്ലാം ഗുരുവിൽ നിന്നു തന്നെ മനസ്സിലാക്കണം. കേവലം പുസ്തകപ്രത്യയാധീതമായല്ല, ശാസ്ത്രം സാഗരമാണ്, ലവണാംശമുള്ളതാണ്. അതുപോലെതന്നെയാണ് വേദശാസ്ത്ര സാഗരവും, അപാരമാണ് ഗുരുരൂപിമേഘമില്ലെങ്കിൽ ലവണവുമാണ്. അതുകൊണ്ട് ഗുരുമുഖത്ത് നിന്നുവേണം ശാസ്ത്രസാഗരവും, വേദശാസ്ത്രവും ഗ്രഹിക്കാൻ. ചന്ദ്രനിലേക്ക് കലകൾ വരുന്നത് സൂര്യനിൽ നിന്നാണ് എന്നാൽ അവനെതിരുവന്നാൽ 'സുധാംശുരേഷ സ്വയമർക്കകർക്കശപ്രഭാഭിതപ്താം' എന്നതു പോലാകും. സൂര്യന്റെ കഠിന രശ്മികളാൽ ഭൂമി തപിക്കും. ചന്ദ്രനിലേക്കും കലകൾ സൂര്യനിൽ നിന്നാണ് വരുന്നതെങ്കിലും ചന്ദ്രനിലെത്തുമ്പോഴേക്കും ആ ഖരാംശു സുധാംശുവായി മറുന്നു. അതുകൊണ്ടാണ് ഭൂമിയും ശീതളമാകുന്നത്. അപ്പോൾ ഗുരു പ്രസദനം ലക്ഷ്യമായ ചന്ദ്രവർണ്ണന ഉചിതമായി തീരുന്നു.

സദ്ഗുരുവിനെ മസ്തകത്തിൽ ധ്യാനിക്കണം, അതും സഹസ്രാരപത്മത്തിൽ ഹംസഗനായിട്ട് എന്ന് പറഞ്ഞാൽ ഗുരുവിന്റെ ഗുരുത്വം നീരക്ഷീര വിവേകത്തിൽ ആധാരിതമാണെന്നർത്ഥം.ഹംസത്തിന് നീരക്ഷീര വിവേകമുണ്ടെന്നത് പ്രസിദ്ധമാണ്. പാലും വെള്ളവും ചേർത്ത് കൊടുത്താൽ ഹംസം അതിൽ നിന്നും പാലുമാത്രം കുടിച്ച്, വെള്ളം ബാക്കിയാക്കും. സന്ത്മഹാത്മാക്കളും ഇങ്ങനെയുള്ളവരാണ്. അവർക്ക് നീരക്ഷീര വിവേകമുണ്ട്. സന്യാസികളും ഹംസരായിട്ടുണ്ട്. ഇവരിൽ ഹംസർ മാത്രമല്ല പരമഹംസരുമുണ്ട്. ഈ സംസാരം ജലമാണ്, ബ്രഹ്മം ക്ഷീരമാണ് ഇവ രണ്ടും കലർന്നിരിക്കുകയാണ് . പ്രകാശവും ചൂടും ഒന്നിച്ചാണ് ഇരിക്കുന്നത്. സൂര്യന്റെ തീഷ്ണപ്രകാശം മദ്ധ്യാഹ്നത്തിൽ ആയിരിക്കുമ്പോഴാണ് ഉഷ്ണവും കുടുതലായിരിക്കുന്നത്. ഈ തീഷ്ണ പ്രകാശം ചന്ദ്രനിൽ പതിക്കുമ്പോൾ, ചന്ദ്രൻ പ്രകാശത്തെ മാത്രം സ്വീകരിക്കുന്നു. ഉഷ്ണത്തെ ഉപേക്ഷിക്കുന്നു. ചന്ദ്രനും ഇപ്രകാരം ഹംസമാകുന്നു, പരമഹംസനാകുന്നു.

'ഗു' എന്നാൽ അന്ധകാരം 'രു' എന്നാൽ രോധവാചകമാണ്. ഗുമന്ധകാരം രുണദ്ധീതി ഗുരു അന്ധകാരത്തെ തടയുന്നവനാണ് ഗുരു, അജ്ഞാനരൂപകമായ അന്ധകാരത്തെയാണ് ഉദ്ദേശിക്കുന്നത് ഗുരു അജ്ഞതാതിമിരത്താൽ – അന്ധകാരത്താൽ അന്ധരായവരെ ജ്ഞാനാഞ്ജനശലാകയാൽ കണ്ണെഴുതുന്നു. ശലാക എന്നാൽ സലായി (എഴുത്താണി) ഗുരുവിന്റെ സലായി ശ്രുതിവാണിയാണ്. അതുകൊണ്ട് ഗുരുജ്ഞാനാഞ്ജനം എഴുതിയിട്ട് ഹൃദയ ചക്ഷുസ്സിനെ പ്രകാശമാനമാക്കും അങ്ങനെയുള്ള ഗുരുവിന് എന്റെ പ്രണാമം. അതിനാൽ പാരിജാതത്തിനു ശേഷം ഗുരുപ്രസദനം അഥവ ചന്ദ്രാശ്രയണം ചെയ്യണം. സംസാരസമുദ്രം മനഥനം ചെയ്താലെ ഗുരുരൂപത്തിലുള്ള ചന്ദ്രനെ കിട്ടുകയുള്ളു. ഗുരുനാമധാരികളായ ചില്ലറക്കാരെ കിട്ടിയിട്ട് കാര്യമില്ല അരിച്ചു വേണം ജലം കുടിക്കാൻ, അറിഞ്ഞു വേണം ഗുരുവായി സ്വീകരിക്കുവാൻ എന്നാണ് പഴഞ്ചൊല്ല്. സംസാരമനഥനമെന്നാൽ അലയുക, അന്വേഷിക്കുക, പരീക്ഷിക്കുക എന്നിങ്ങനെയാണർത്ഥം. ഭക്തി ജ്ഞാനം, വൈരാഗ്യം ഇവയുടെ ദുർദ്ദശ കണ്ട് നാരദൻ അതീവവ്യാകുലനായി, അപ്പോൾ ഒരു അശരീരി വാക്യം കേട്ടു-സത്കർമ്മം മാത്രമാണ് ഇതിനുള്ള ഉപായം സത്കർമ്മമെന്തെന്ന് സത് പുരുഷരായ സന്യാസിമാർ നിനക്ക് പറഞ്ഞു തരും നാരദർ അന്വേഷിച്ചവസാനം ബദരീ നാരായണത്തിൽ വെച്ച് സനകാദികളെ കണ്ടുമുട്ടി. അവർ സത്കർമ്മമെന്താണെന്ന് നാരദന് പറഞ്ഞു കൊടുത്തു. ജ്ഞാനയജ്ഞം തന്നെ സത്കർമ്മം സംസാര മനഥനം ചെയ്താൽ മാത്രമെ സനകാദികളെപ്പോലെയുള്ള സദ്ഗുരുപ്രാപ്തിയുണ്ടാകു.

സമുദ്രമനഥനത്തിന്റെ ഫലമായി ഉയർന്നു വന്ന മറ്റൊരു രത്നമാണ് ഉച്ചൈഃശ്രവസ്സ് ഇത് അന്തഃരംഗതു സാധനകളാണ്. സ്വർഗ്ഗത്തിലെ കുതിരയാണ് ഉച്ചൈഃശ്രവസ്സ ഉയർന്നത്, ഉയർന്ന ശ്രേണിയിലുള്ളത്, ഊർധ്വഗാമി എന്നിങ്ങനെയാണ് ഉച്ചൈഃ എന്നതിനർത്ഥം. ശ്രവസ്സ് എന്നതിനർത്ഥം ശ്രവണമെന്നാണ്. ശ്രവചിതാവിനേയും, ശ്രോതാവിനേയും ഉൾക്കൊള്ളുന്ന അർത്ഥമാണത്. ശ്രവയിതാവും ശ്രോതാവും രണ്ടുപേരും ഉയർന്ന തലത്തിലെത്തിയാൽ മാത്രമെ ശ്രവണവും ഉയർന്നതാവുകയുള്ളു. ശ്രവയിതാവെന്നാൽ ഗുരു. ശ്രോതാവെന്നാൽ ശിഷ്യൻ . 'ശ്രവ' ശ്രവണവും, ശ്രവണ വിഷയ വാക്യവുമാണ്. ഇതിൽ ഉയർന്ന വിഭാഗത്തിലുള്ള ഗുരു ആരായിരിക്കുമെന്ന്, ആചാര്യന്മാർ വർണ്ണന നൽകിയിട്ടുണ്ട്. ആദ്യം ഗുരു ശ്രോതിയനായിരിക്കണം. ശ്രുതികളെ അദ്ധ്യായനം ചെയ്തവനാണ് ശ്രോതിയൻ. ശ്രുതി അപൗരുഷേയമാണ്. അത് പൗരുഷേയ ദോഷമില്ലാത്തതാണ്. ഭ്രമം വിപ്രലിപ്സ തുടങ്ങിയവ പുരുഷ ദോഷങ്ങളാണ്. സൃഷ്ടിയേയും പരമാർത്ഥതത്ത്വത്തേയും കുറിക്കുന്ന അനാദിസിദ്ധവും ആനുപൂർവ്വികവുമായ വാക്യങ്ങളെ സ്വയം ഈശ്വരനാണ് ഉപദേശിക്കുന്നത്.

**(തുടരും .....)**

# സമുദ്ര മലിനീകരണം

യു. എസ്. രവീന്ദ്രൻ – 9496120978

നാം ജീവിക്കുന്ന ഈ ലോകത്ത് സുസ്ഥിരമായ ജീവാവസ്ഥ നിലനിർത്തി കൊണ്ടുപോകേണ്ടത് ഓരോരുത്തരുടെയും കടമയാണ്. ഇക്കാര്യത്തിൽ മനുഷ്യജീവിക്കു മാത്രമേ ദീർഘമായ കാഴ്ചപ്പാടുകൾ ഇല്ലാതെയുള്ളു. മറ്റു ജീവികളെല്ലാം പരിസ്ഥിതിക്ക് കോട്ടമൊന്നും ഉണ്ടാക്കാതെ അവരവരുടെ ജീവിതകാലം മുഴുവനാക്കുന്നു. ശ്വസിക്കുന്ന വായു, കുടിക്കുന്ന ജലം, അതിനോട് ബന്ധപ്പെട്ടുകിടക്കുന്ന ജലാശയങ്ങൾ, പുഴകൾ, സമുദ്രം എല്ലാം അമൂല്യങ്ങളായ വരദാനങ്ങളാണ് ശ്വസിക്കുന്ന വായു ഓക്സിജൻ, നൈട്രജൻ, കാർബൺഡയോക്സൈഡ്, മറ്റു ചില അപൂർവ്വ വാതകങ്ങൾ എന്നിവ അടങ്ങിയതാണ്. ശ്വസിക്കുന്ന വായുവിന്റെ മേന്മ നിർണ്ണയിക്കുന്ന Air Quality Index (AQI) അതിൽ അടങ്ങിയിരിക്കുന്ന വാതകങ്ങളുടെ അളവുകൾ അനുസരിച്ചാണ്. പത്തു ലക്ഷം വായുകണികകളിൽ 9 കണികകളിൽ കൂടുതൽ (9 PPM-particles per million) കാർബൺമോണോക്സൈഡ് ഉണ്ടെങ്കിൽ അത് ശ്വസിച്ചാൽ തലവേദനയും തളർച്ചയും അനുഭവപ്പെടും. .042 PPM ൽ കൂടുതൽ നൈട്രജൻഡയോക്സൈഡോ, 015 PPM –ൽ കൂടുതൽ സൾഫർഡയോക്സൈഡോ ഉണ്ടെങ്കിൽ അതും ആരോഗ്യത്തിന് ഹാനികരമാണ്. വിവിധ രോഗങ്ങൾക്ക് ഇവ കാരണമായെക്കാം AQI 50 വരെയാണ് സുരക്ഷാനിലവാരത്തിനുള്ളിൽ വരുന്ന വായുവിന്റെ ശുദ്ധി.

അതുപോലെ കുടിക്കുന്ന ജലത്തിന്റെ അംമ്ല– ക്ഷാര നിലവാരം നിശ്ചയിക്കുന്ന അളവാണ് PH (Potential Hydragen) Value എന്ന് പറയുന്നത്. PH Value 6.5 നും 8.5 നും ഇടയിലുള്ള വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവു. ജലത്തിന്റെ ശുദ്ധി നിശ്ചയിക്കുന്നത് അതിൽ ലയിച്ചു ചേർന്നിട്ടുള്ള ഓക്സിജൻ, ജൈവ-രാസ വസ്തുക്കൾ നിർജീവമാക്കാനുള്ള ആവശ്യം ആകെയുള്ള കോളിഫോം ബാക്ടീരിയ, രാസവസ്തുക്കൾ തുടങ്ങിയ ഘടകങ്ങളെ ആസ്പദമാക്കിയാണ്. ലയിച്ചു ചേർന്നിട്ടുള്ള ഓക്സിജന്റെ അളവ് ഒരു ലിറ്റർ വെള്ളത്തിന് 0.5 മില്ലിഗ്രാമും ജൈവരാസ ഓക്സിജന്റെ ആവശ്യകത (Biochemical oxygen Demand) BOD ഒരു ലിറ്റർ വെള്ളത്തിന് 0.2 മില്ലിഗ്രാം എന്ന തോതിലുമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏറ്റവും കൂടുതൽ അളവുകൾ. ആകെ ലയിച്ചു ചേർന്നിട്ടുള്ള വസ്തുക്കൾ (Total Dissolved Substances) TDS 50 നും 150 നും ഇടയിലാണെങ്കിൽ മാത്രമേ ജലം കുടിക്കാൻ അനുയോജ്യമാകുന്നുള്ളു. TDS 150–ൽ കുടുതലാണെങ്കിൽ മാലിന്യങ്ങൾ അലിഞ്ഞുചേർന്നിട്ടുണ്ടെന്ന് മനസ്സിലാക്കണം. TDS 500–ൽ കൂടുതൽ ആണെങ്കിൽ ആ ജലം കുടിക്കാൻ ഒട്ടും ഉപയോഗിക്കരുത്.

നഗരങ്ങളിൽ ജീവിക്കുന്നവർ നേരിടുന്ന മറ്റൊരു മാലിന്യമാണ് ശബ്ദം. 65 ഡെസിബലിൽ കൂടുതലുള്ള ശബ്ദം ദോഷകരമാണ്. 120 ഡെസിബലിൽ കൂടുതലുള്ള ശബ്ദം ശ്രവിച്ചാൽ തലവേദനയുണ്ടാകാം. കേൾവി നഷ്ടവും സംഭവിക്കാം.

ഇത്രയും വിവരിച്ചത് കരയിലെ മാലിന്യങ്ങളുടെ വിവിധ വശങ്ങളെപ്പറ്റി പറയാനാണ്. ഭൂമിയുടെ മുക്കാൽ ഭാഗത്തോളം ജലാവൃതമാണ്. തടാകങ്ങളായും, പുഴകളായും, സമുദ്രങ്ങളായും ഭൂമിയുടെ 75 ശതമാനത്തോളം ജലം കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. സമുദ്രം മലിനീകരിക്കപ്പെട്ടാൽ അത് ദീർഘകാലാടിസ്ഥാനത്തിൽ അതിലെ ജീവികളുടെ ആവാസവ്യവസ്ഥയേയും കാലക്രമേണ മനുഷ്യന്റെ ആവാസവ്യവസ്ഥയേയും നിലനിൽപ്പിനേയും

ബാധിക്കും. പ്ലാസ്റ്റിക്, എണ്ണ, രാസവസ്തുക്കൾ, കീടനാശിനികൾ എന്നിവയുടെ അതിപ്രസരം സമുദ്ര ജീവികളുടെ ആവാസവ്യവസ്ഥയെ വിഴുങ്ങി വിഷജന്യമായ അന്തരീക്ഷം സംജാതമാക്കുന്ന അവസ്ഥയാണ് സമുദ്രമലിനീകരണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. മേൽപ്പറഞ്ഞ വസ്തുക്കൾ സമുദ്രത്തിലെ ജൈവ വൈവിധ്യങ്ങളെ പ്രതികൂലമായി ബാധിച്ച് ആഹാര വ്യവസ്ഥാശൃംഖല (Food Chain system) മുറിഞ്ഞു പോകുകയും, മലിനമായ സമുദ്രോൽപ്പന്ന ഭക്ഷണങ്ങളെ ആശ്രയിച്ചു കഴിയുന്ന മനുഷ്യരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

കടൽ ജീവികൾ കടൽ പക്ഷി മുതൽ തിമിംഗലം വരെയുള്ളവ - കടലിൽ എറിയപ്പെട്ട പ്ലാസ്റ്റിക് വസ്തുക്കൾ, വലകൾ തുടങ്ങിയവയിൽ കുടുങ്ങി അനങ്ങാൻ കഴിയാത്ത വിധം ദിവസങ്ങളോളം കിടന്ന് അവശാവസ്ഥയിൽ ചത്തു പോകാറുണ്ട്. ഭക്ഷ്യ വസ്തുക്കളാണെന്ന് കരുതി പ്ലാസ്റ്റിക് വസ്തുക്കൾ വിഴുങ്ങി ആന്തരികാവയവങ്ങളിൽ മുറിവ് പറ്റിയും, ദഹനേന്ദ്രിയ വ്യവസ്ഥ തടസ്സപ്പെട്ടും കടൽ പക്ഷികൾ, കടലാമകൾ, മത്സ്യങ്ങൾ തുടങ്ങിയ ജീവികൾ ചത്തുപോകുന്നു. ഡീസൽ, ലൂബ്രിക്കേറ്റിങ്ങ് ഓയിൽ തുടങ്ങിയ മാലിന്യങ്ങൾ ശരീരത്തിൽ എത്തിയാൽ ശരീരോഷ്മാവ് നിയന്ത്രിക്കാനുള്ള കഴിവ് നഷ്ടപ്പെട്ടുപോകുന്നു. പറക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നു. എണ്ണയുടെ അംശം കലർന്ന ഭക്ഷണമോ, വെള്ളമോ അകത്തു ചെന്നാൽ അതിലെ വിഷാംശം അവയുടെ ജീവൻ അപകടത്തിലാക്കുന്നു. രാസപദാർത്ഥങ്ങളും, പ്ലാസ്റ്റിക്കും, ലോഹാംശങ്ങളും സമുദ്ര ജീവികളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുന്നു. അവയുടെ വളർച്ച മുരടിക്കുന്നു. പുനരുൽപ്പാദനശേഷി നശിപ്പിക്കുന്നു. അവയുടെ പെരുമാറ്റരീതി തന്നെ വ്യത്യസ്ഥമായി തീരുന്നു. സസ്യ ജൈവവസ്തുക്കൾ ജീർണ്ണിച്ചുണ്ടാകുന്നതും, കാനകളിൽ നിന്നുള്ള മലിനജലവും, വസ്തുക്കളും പ്രകൃതിദത്തമായ ആൽഗെ (Alage) കടൽ ച്ചെടികളെ നശിപ്പിക്കുകയും ദോഷകരമായ കടൽച്ചെടികളെ ഉണ്ടാക്കുകയും ചെയ്യുന്നു. (Harmful Alage Bloom ) പ്രകൃതിദത്തമായ ആൽഗെകളെ ആശ്രയിച്ചു ജീവിക്കുന്ന കടൽ ജീവികളുടെ നിലനിൽപ്പിനു തന്നെ ബാധിക്കുന്ന വിധത്തിൽ ദോഷകരമായി ഭവിക്കുന്നു.

സമുദ്ര ജലത്തിൽ കൂടുതൽ അംമ്ലാംശമുള്ള (Acidic) മാലിന്യങ്ങൾ കലരുമ്പോൾ അത് കൂടുതൽ കാർബൺഡയോക്സൈഡിനെ (Co2) ആഗിരണം ചെയ്യുന്നു. തന്മൂലം പവിഴപുറ്റുകൾക്ക് (Coral reef) സർവ്വോന്മുഖ നാശം സംഭവിക്കുന്നു. ആവാസ വ്യവസ്ഥയിലെ ആഹാര ചങ്ങല (Food Chain) മുറിയുന്നു. എണ്ണ പടർന്നു കിടന്നാൽ പല സൂക്ഷ്മാണുക്കളും നശിച്ചു പോകുന്നു. ദീർഘകാലാടിസ്ഥാനത്തിൽ സമുദ്രാധിഷ്ഠിത ഉപജീവനത്തിന്റേയും സമുദ്രാധിഷ്ഠിത ഭക്ഷണത്തിന്റേയും ഉറവിടം തന്നെ നശിച്ചു പോകുന്നു.

ലോഹാംശങ്ങൾ, മൈക്രോപ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങളുടെ അംശങ്ങൾ അകത്തു ചെന്ന് മത്സ്യം, കക്ക തുടങ്ങിയ സമുദ്ര ജീവികളെ ഭക്ഷിക്കുന്ന മനുഷ്യർക്കും പലവിധ രോഗങ്ങൾ തലച്ചോറിനേയും ഹോർമോണുകളെയും ബാധിക്കുന്നത് ഉണ്ടാകാൻ സാധ്യതയുണ്ട്. മാലിന്യ പൂരിതങ്ങളായുള്ള ബീച്ചുകൾ സന്ദർശിച്ചാൽ മനുഷ്യന് തൊലിപ്പുറമെയുള്ള അസുഖങ്ങൾ ചൊറിച്ചിൽ, തടിപ്പ് എന്നി ബാഹ്യരോഗങ്ങൾ ഉണ്ടായേക്കാം.

സമുദ്ര മലിനീകരണം ടൂറിസം എന്നി വ്യവസായത്തെ ബാധിക്കുന്നു. ബീച്ചുകൾ വൃത്തിയായി സൂക്ഷിക്കാനുള്ള ചിലവേറുന്നു. മത്സ്യത്തിന്റെ ദൗർലഭ്യം മൂലം മത്സ്യ ബന്ധനം ലാഭകരമാകുകയില്ല. പ്ലാസ്റ്റിക് കുപ്പികൾ, ചെപ്പുകൾ, പെട്ടികൾ, ഷീറ്റുകൾ, ഉപയോഗ്യ ശൂന്യമായ മീൻവലകളും, ചൂണ്ടകളും, ഉപേക്ഷിക്കപ്പെട്ട മീൻപിടുത്ത ബോട്ടുകളും, അവശിഷ്ടങ്ങളും തുടങ്ങിയ സമുദ്രമാലിന്യങ്ങൾ എന്നും സമുദ്രങ്ങൾക്കും മഹാസമുദ്രകൾക്കും ഒരു പ്രശ്നം തന്നെയാണ്. നമ്മുടെ ജലപാതകളും സമുദ്രങ്ങളും 0.5 മി.മീ വലുപ്പമുള്ള മൈക്രോപ്ലാസ്റ്റി

ക്കുതൊട്ട് മേൽപറഞ്ഞ മാലിന്യങ്ങൾ കൊണ്ട് മലിനപ്പെട്ടു കിടക്കുകയാണ്. ഇത് ജലജീവികളുടെ ആവാസവ്യവസ്ഥയേയും സുഗമമായ ജലയാത്രയേയും ബാധിക്കുന്നു.

കടലിൽ എത്തിച്ചേരുന്ന മിക്കവാറും എല്ലാ മാലിന്യങ്ങളും ജനവാസ മേഖലയിൽ അലക്ഷ്യമായി വലിച്ചെറിയുന്നവ തോടുകളിലൂടെയും, പുഴകളിലൂടെയും സഞ്ചരിച്ച് അവസാനം സമുദ്രത്തിൽ എത്തിച്ചേരുന്നവയാണ്.

ഫലപ്രദമല്ലാതെ മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ, പ്രകൃതിക്ഷോഭങ്ങൾ, സുനാമി തുടങ്ങിയവയാണ് സമുദ്ര മലിനീകരണത്തിന്റെ പ്രധാനകാരണങ്ങൾ ഉപയോഗമില്ലാത്ത പഴയ മീൻവലകൾ, ചൂണ്ടകൾ, മീൻപിടുത്ത ബോട്ടുകളുടെ അവശിഷ്ടങ്ങൾ എന്നിവയെല്ലാം അലക്ഷ്യമായി കടലിൽ തള്ളാതെ പുനരുപയോഗ യോഗ്യമാക്കുന്നതിനോ, നശിപ്പിക്കുന്നതിനോ, ദേശീയ അന്തർദേശീയ തലത്തിൽ സംവിധാനങ്ങൾ കൂടിയേ കഴിയു. 2018-ലെ Save our Seas Act ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഇക്കാര്യത്തിൽ ഇടപെടേണ്ട ആവശ്യകതയെപ്പറ്റി നിഷ്കർഷിക്കുന്നുണ്ട്. യാത്ര കപ്പലുകളിലേയും, യാത്ര ബോട്ടുകളിലേയും മാലിന്യങ്ങൾ കടലിൽ തള്ളുവാൻ നിയമം അനുവദിക്കുന്നില്ല.

**സമുദ്രത്തിലെ മാലിന്യപാളികൾ (Garbage Patches)**

വടക്കേ അമേരിക്കക്കും, ആഫ്രിക്കക്കും ഇടയിലുള്ള വടക്കൻ അറ്റ്ലാന്റിക് മാലിന്യപാളി, കിഴക്ക് -തെക്കേ അമേരിക്കക്കും ആഫ്രിക്കയുടെ അഗ്രത്തിനും ഇടക്കുള്ള ദക്ഷിണ അറ്റ്ലാന്റിക്ക് മാലിന്യപാളി, തെക്കേ അമേരിക്കയുടെ പടിഞ്ഞാറുഭാഗത്തുള്ള ദക്ഷിണ പസഫിക്കൻ മാലിന്യപാളി, ദക്ഷിണാഫ്രിക്കയുടെ കിഴക്കു ഭാഗത്തുള്ള ഇന്ത്യൻ മഹാസമുദ്രത്തിലെ മാലിന്യപാളി എന്നിവയെല്ലാം മാലിന്യ കുമ്പാരങ്ങളായി കാലങ്ങളായി നിക്ഷേപം കൊണ്ടവയാണ്. വ്യത്യസ്ത സമുദ്ര പ്രവാഹങ്ങളിൽപ്പെട്ട് മാലിന്യങ്ങൾ ഒരുമിച്ചുകൂടി പ്രവാഹങ്ങളുടെ സംയോജനസ്ഥലത്ത് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ദ്വീപുകൾ പോലെ രൂപം കൊണ്ടവയാണ്. ഈ മാലിന്യപാളികൾ പ്രവാഹങ്ങളുടെ ശക്തിക്കനുസരിച്ച് മാലിന്യപാളികളുടെ രൂപവും മാറിക്കൊണ്ടേയിരിക്കുന്നു. ലോഹങ്ങൾ, മൈക്രോ പ്ലാസ്റ്റിക്കുകൾ ഇവ ഭക്ഷണത്തിലൂടെ കടന്ന് സമുദ്ര ജീവികളുടെ മാംസം വിഷലിപ്തമായിക്കൊണ്ടിരിക്കുന്നു. അത് മനുഷ്യരുടെ ഉപയോഗത്തിന് യോജിച്ചതല്ലാതായി തീരുന്നു. കക്കയിറച്ചിയും, മത്തിയും മറ്റും ധാരാളം ഉപയോഗിക്കുന്നവരാണ് കടൽ തീരവാസികൾ ഇവരുടെ ഇടയിൽ പുതിയ പുതിയ രോഗങ്ങൾ വന്നുചേരുന്നതിന്റെ കാരണങ്ങളെപ്പറ്റി ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു

അമേരിക്ക മാത്രം 42 ദശലക്ഷം മെട്രിക് ടൺ പ്ലാസ്റ്റിക് ഒരു വർഷം ഉൽപ്പാദിപ്പിക്കുന്നു. നല്ലൊരു ഭാഗം ഒറ്റ ഉപയോഗത്തിനുശേഷം പുറം തള്ളുന്നു. അതുപോലെ മറ്റു രാജ്യങ്ങളും സമുദ്ര മലിനീകരണത്തിന്റെ ദോഷ വശങ്ങളെപ്പറ്റി സ്കൂൾ തലം മുതൽ ബോധവൽക്കരണം ആവശ്യമാണ്. സമുദ്രതീരവാസികൾ ആണെങ്കിലും അല്ലെങ്കിലും ഇത് ദേശീയ പ്രശ്നമാണ് - ലോക പ്രശ്നമാണ്, ഇതിന്റെ പ്രത്യാഘാതങ്ങൾ ഉടനെ അനുഭവപ്പെട്ടില്ലെങ്കിലും ദൂരവ്യാപകമാണ്.

വലിയ കപ്പൽഛേദങ്ങൾ (Ship wrecks) ഉണ്ടാകുമ്പോൾ ഡീസിൽ, ക്രൂഡ്ഓയിൽ, ലൂബ്രിക്കേറ്റിങ്ങ് ഓയിൽ തുടങ്ങിയ എണ്ണകളും, രാസവസ്തുക്കളും, ലോഹങ്ങളും സമുദ്രജലത്തിൽ ചേരുന്നു. സമുദ്രജലത്തിൽ അവ വർഷങ്ങളോളം കിടന്ന് നേർത്തും, തുരുമ്പുവന്നും, അലിഞ്ഞും സമുദ്രജലത്തിന്റെ ഒരു ഭാഗമായി മറുന്നു. ഒന്നും രണ്ടും ലോകമഹായുദ്ധവുമായി ബന്ധപ്പെട്ടതും അല്ലാതെയും 8500 കപ്പൽ ഛേദങ്ങൾ ഉണ്ടായിട്ടുണ്ട്. അവ സമുദ്രജലത്തെ മലിനീകരിച്ചുകൊണ്ടിരിക്കുന്നു. 1989 – ൽ Exxon valdez എന്ന കപ്പൽ മുങ്ങിയതിന്റെ ഫലമായി ആയിടക്ക് ഡോൾഫിനുകളും സ്രാവുകളും കൂട്ടത്തോടെ ചത്തുപൊന്തുകയുണ്ടായി. അടുത്തകാലത്ത് കേരളതീരത്ത് കപ്പൽ മുങ്ങിയത് എല്ലാവർക്കും അറിയാമല്ലോ? അതിന്റെ അനന്തരഫലങ്ങൾ വരും കാലങ്ങളിൽ നേരിട്ടറിയാം. ■

# മന്ഥര

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ഭാരതീയ ചിന്താധാരയിലെ അതിമനോഹരവും കാലഘട്ടത്തിന്റെ ആവശ്യവുമായ ഒരു കൃതിയാണല്ലോ വാത്മീകിയുടെ രാമായണം. കാലവ്യത്യാസമില്ലാതെ, മനുഷ്യമനസ്സിന്റെ അടിസ്ഥാന സ്വഭാവങ്ങളുടെയും പെരുമാറ്റരീതികളുടെയും ഒരു നേർ ചിത്രീകരണമാണ് രാമായണം. അതിനുതകും വിധമാണ് അതിലെ കഥാപാത്രസൃഷ്ടിയും. ഓരോ കുടുംബത്തെയും ഇരുത്തി ചിന്തിപ്പിക്കുന്നു. ഓരോരുത്തർക്കും തങ്ങളുടെ കഥയാണോ ഇതെന്ന് തോന്നും. വീട്ടിലും പരിചയത്തിലുമുള്ള ആളുടെ ചരിത്രമാണോ വാത്മീകി എഴുതി പിടിപ്പിച്ചിരിക്കുന്നതെന്ന് തോന്നിപോകും. ഗുണവാനും ധർമ്മിഷ്ടനുമായ രാമനും, സീതയും മാത്രമല്ല പ്രതികൂല വ്യക്തിത്വമുള്ള കൈകേയി, മന്ഥര, രാവണൻ തുടങ്ങി ധാരാളം സ്ത്രീ, പുരുഷ കഥാപാത്രങ്ങൾ മാറിമാറി വരുന്ന കാഴ്ചയല്ലേ രാമായണ പാത്രസൃഷ്ടിയിലൂടെ വാത്മീകി നടത്തിയിരിക്കുന്നത്. സ്വാർത്ഥ ലാഭം മാത്രമല്ല യജമാനന്റെ നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മന്ഥര, സ്വാമിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഹനുമാൻ, സഹോദര സ്നേഹത്താൽ അവസാനം ജീവൻ തന്നെ വെടിയുന്ന ലക്ഷ്മണൻ ഇങ്ങനെ പോകുന്നു വ്യക്തിത്വങ്ങൾ. കാലഘട്ടത്തിന്റെ ഒരാവശ്യമായി മാറുന്ന ഈ കൃതി കർക്കിടക മാസത്തിലെ മൂടിക്കെട്ടിയ അന്തരീക്ഷത്തിന് ആശ്വാസം ലഭിക്കുന്നതിനും ആത്മപരിശോധന നടത്തുന്നതിനും വാത്മീകിയുടെ പാത്രസൃഷ്ടിയിലൂടെ സാധാരണക്കാരായ ആളുകൾക്ക് ഒരവസരം നൽകുന്നു.

ദശരഥ മഹാരാജാവിന്റെ രണ്ടാമത്തെ പത്നിയായ കൈകേയി ശ്രീരാമന്റെ പട്ടാഭിഷേകം തടയുമ്പോഴാണ് അവർ ശ്രദ്ധിക്കപ്പെടുന്നത്. രാമനെ വൽക്കലധാരിയായി കാട്ടിലേക്കയക്കണമെന്ന് ശഠിക്കുന്ന ഒരു ദുഷ്ടയായ സ്ത്രീയായിട്ടാണ് പിന്നീട് കുറച്ച് സമയം രാമായണത്തിൽ നാം അവരെ കാണുന്നത്. ഇവിടെയാണ് മന്ഥര എന്ന കഥാപാത്രം നമ്മളിലേക്കെത്തുന്നത്. കൈകേയിയുടെ പിതാവായ അശ്വപതിക്ക് പക്ഷികളുടെ ഭാഷ അറിയാമായിരുന്നു. ഒരു ദിവസം ഭാര്യയുമായി പൂന്തോട്ടത്തിലിരുന്ന രാജാവിന് ഇണപക്ഷികൾ സംസാരിക്കുന്നത് കേൾക്കാൻ ഇടയായി. അദ്ദേഹം പുഞ്ചിരിച്ചു. കാരണമന്വേഷിച്ച ഭാര്യയോട് ഇത് പറയാൻ പാടില്ലായെന്നും പറഞ്ഞാൽ സ്വന്തം ജീവിതം തന്നെ ഇല്ലാതാകുമെന്നും പറഞ്ഞു. രാജ്ഞി കൂട്ടാക്കാതെ പറയാനദ്ദേഹത്തെ നിർബന്ധിച്ചു. തന്റെ ഭാര്യക്ക് നിഷ്ഠയോടുകൂടി ജീവിക്കാൻ സാധിക്കില്ലായെന്ന് മനസ്സിലാക്കിയ രാജാവ് ഭാര്യയെ പുറത്താക്കി. പിന്നീട് ഇവരുടെ കുട്ടിയായ കൈകേയിയെ വളർത്തിയ വളർത്തമ്മയാണ് മന്ഥര.

കൈകേയി വിവാഹം കഴിഞ്ഞ് അയോദ്ധ്യയിലേക്ക് വന്നപ്പോൾ ദാസിയായി മന്ഥരയും കൂടി അയോദ്ധ്യയിലെത്തി. വാത്മീകി മന്ഥരയെ കുറിച്ച് പറയുന്നത് "ജ്ഞാതീ ദാസി യാതോ ജാതാ" എവിടെയോ ജനിച്ചവളും ജ്ഞാതീദാസിയും എന്നാണ് അയോദ്ധ്യക്കാരിയല്ലായെന്നും സ്പഷ്ടം. പണ്ടൊക്കെ രാജകുമാരിയെ വിവാഹം കഴിച്ചയക്കുമ്പോൾ ദാസിമാരെയും അയയ്ക്കുന്ന പതിവുണ്ടായിരുന്നു. മന്ഥരയെ കൈകേയിയുടെ നന്മ മാത്രം ആഗ്രഹിക്കുന്ന വളർത്തമ്മ എന്ന് വേണമെങ്കിൽ പറയാം.

രാമന്റെ പട്ടാഭിഷേക ആഘോഷങ്ങൾ കണ്ടപ്പോഴാണ് കുബുദ്ധി എന്ന് പറയാവുന്ന മന്ഥരയുടെ ആഗ്രഹം കൈകേയിയിലൂടെ പുറത്തു വരാൻ ഇടയായത്. തന്റെ വളർത്തുമകളെപോലെയുള്ള കൈകേകിയുടെ രാജാമാതാ എന്ന സ്ഥാനം നഷ്ടപെടുമ്പോൾ തനിക്കും ഇവിടെയുള്ള സ്ഥാനം നഷ്ടപെടുമെന്നുള്ള ചിന്തയും കൂടിയാകാം ഇതിനുപിന്നിൽ. ഏതായാലും കൈകേയിയുടെ മകൻ ഭരതനെ രാജാവാക്കണം എന്ന നീക്കത്തിലേക്ക് മന്ഥര മാറി. ഈ കാലഘട്ടത്തിൽ നമ്മൾ കാണുന്ന ഒരുതരം പോരിന് തുല്യം. അവർ കൈകേയിയോടു പറഞ്ഞു 'വിഡ്ഢീ' നിനക്കാപത്തായി നിന്റെ സൗഭാഗ്യം വേനൽക്കാലത്ത് വറ്റുന്ന ഒഴുക്കിനേപ്പോലെയായി. കൈകേയിക്കുണ്ടാകാൻ പോകുന്ന കഷ്ടകാലം മന്ഥരയെ ദുഃഖിതയാക്കുന്നുവെന്നും കൂടി പറഞ്ഞു. ഒന്നുകൂടി കടന്ന് നീ നിന്റെ ഭർത്താവിനെ ലാളിച്ചു. പക്ഷേ സർപ്പത്തെ പോലെ തിരിഞ്ഞുകൊത്തുന്നു. ഇതൊന്നും കൈകേയിയുടെ മനസ്സിനെ ഇളക്കാതായപ്പോൾ അടുത്ത വിഷം എടുത്തു. നീ കൗസല്യയുടെ ദാസിയായി തീരേണ്ടിവരും. ഇവർ മുന്ന് ഭാര്യമാർ, എളുപ്പമാണ് ഏറ്റവും മുതിർന്ന രാജ്ഞിയുമായി എതിർപ്പുണ്ടാക്കാൻ രാമന്റെ പാരമ്പരകൾക്കല്ലാതെ ഭരതന്റെ പരമ്പരകൾക്ക് യാതൊരു ഗുണവുമുണ്ടാകില്ലായെന്ന അടുത്തപടി മന്ഥര ഉപയോഗിച്ചു. ആരണ്യത്തിൽ ആനത്തലവനെ സിംഹം എന്ന പോലെ രാമൻ ഭരതനെ ഓടിക്കും എന്നും പറഞ്ഞു. സ്വന്തം മകന്റെ ഭാവിയാണ് ഏതൊരമ്മക്കും ഉത്കണ്ഠ ഉണ്ടാക്കുന്നത്. അങ്ങനെ കൈകേയിയെ കോപാകുലയാക്കി അതിനുള്ള ഉപായം ഈ കൗശലക്കാരി തന്ത്രപൂർവ്വം ഉണ്ടാക്കി. ഭർത്താവിനെ തന്റെ ഇഷ്ടത്തിനനുസരിച്ച് നിർത്താനുള്ള തന്ത്രങ്ങളാണ് ഈ നൂതന അമ്മായിയമ്മ ഉപദേശിക്കുന്നത്. വാത്മീകി ഇവിടെ പറയുന്നത്, കുബ്ജയുടെ വാക്കുകൾ കേട്ട കൈകേയി ഒരു കൊച്ചുപെൺകുട്ടിയേപ്പോലെ തെറ്റായ വഴിയിലേക്ക് പ്രവേശിച്ചുവെന്നാണ്. കൈകേയി പറയുകയാണ് കുബ്ജകൾ വക്രസ്വഭാവമുള്ളവരാണ് എന്നാൽ നീ കാറ്റടിച്ച് കുനിഞ്ഞുനിൽക്കുന്ന താമരപോലെ ചന്തമുള്ളവളായിരിക്കുന്നു. ഇങ്ങനെ മന്ഥരയുടെ ശരീരസൗന്ദര്യമാണ് കൈകേയിയുടെ വാക്കുകളിലൂടെ ഒഴുകുന്നത്. നിന്റെ കൂനിനുള്ളിലാണ് ആശയങ്ങളും, ക്ഷത്രവിദ്യകളും, മായാവിദ്യകളുമെല്ലാം കുടികൊള്ളുന്നത്. ഒന്നുകൂടി കടന്ന് കൈകേയി പറയുന്നത് സുഗന്ധദ്രവ്യം നിന്റെ കൂനിൽ പുരട്ടി ഞാനലങ്കരിക്കും. ഇത്രയുമൊക്കെ പറഞ്ഞപ്പോൾ ഉത്സാഹവതിയായ മന്ഥര വെള്ളം വാർന്നുപോയ ശേഷം അണ കെട്ടിയിട്ടു കാര്യമില്ല എന്ന് പറഞ്ഞു. കൈകേകിയെ ക്രോധാലയത്തിലേക്ക് കൂട്ടികൊണ്ടുപോയി വാത്മീകി ഇവിടെ കൈകേയിയെ വിവരിക്കുന്നത് കുബ്ജയുടെ വാക്കുകേട്ട് കൈകേയി വിഷം തേച്ച അമ്പ് തറച്ച് വീണ കിന്നരിയേപ്പോലെ നിലത്തുകിടന്നുവെന്നാണ്.

ഇങ്ങനെ ഒരു കുടുംബത്തിൽ അന്തഃഛിദ്രം ഉണ്ടാക്കാൻ ഒരു സ്ത്രീക്ക് സാധിച്ചു. സർവ്വാലങ്കാരഭൂഷിതയായ മന്ഥരയെ ശത്രുഘ്നൻ ഉപദ്രവിച്ചു. ഇവിടെ നാം മന്ഥരയെ കുറിച്ച് വിശദമായി ചിന്തിക്കുമ്പോൾ ഓർമ്മിക്കേണ്ടത് കൈകേകിയുടെ മാതാവ് രാജ്യം വിട്ട് പോകുമ്പോൾ സ്വന്തം മകളുടെ ഉയർച്ചക്കായി പ്രവർത്തിക്കണമെന്ന് പറഞ്ഞിരുന്നു. മന്ഥരയുടെ ലോകം കൈകേയിയും പിന്നീട് കൈകേയി പുത്രനും. രാമൻ രാജാവായാൽ തന്റെ സ്ഥാനം നഷ്ടപെടുമെന്നവർ ഭയന്നു. തന്റെ അധികാരം മരുമകൾ വരുമ്പോൾ നഷ്ടപ്പെടുമെന്ന് ഭയക്കുന്ന അമ്മായിയമ്മയെ പോലെ ചിന്തിച്ചു തനിക്കിവിടെ കാര്യമില്ലായെന്ന 'ഭയം' അവരെ ചിന്തിക്കാതെ പ്രവർത്തിക്കാൻ സഹായിച്ചു.

സീതയും മാണ്ഡവിയും തമ്മിലവർക്കു

വ്യത്യാസമുണ്ടായിരുന്നു പണ്ടത്തെ കൂട്ടുകുടുംബ ബന്ധങ്ങളിലെ വീഴ്ചകൾ വാത്മീകി വിശദമാക്കുകയാണ്. സ്നേഹാധിക്യം മൂലം ഭരതനേക്കാൾ ശ്രീരാമനെ കണ്ടിരുന്ന കൈകേയിയെ മാറ്റിയെടുക്കാൻ ഇത്രയും കുടില ബുദ്ധിയുള്ള ഒരാൾക്ക് മാത്രമേ സാധിക്കുകയുള്ളു. അപകർഷതാബോധം കൊണ്ട് പ്രത്യേകിച്ചും തന്റെ ശാരീരികാവസ്ഥ ഒരു പക്ഷേ കൈകേയിയെ സ്വന്തം രാജ്യത്ത് വെച്ച് വളർത്തിയത് ഇവരായതിനാൽ പ്രത്യേക സ്ഥാനവും അവിടെ ലഭിച്ചിരുന്നിരിക്കാം. ഇത്തരം മാനസിക വൈകല്യമുള്ള ഒരാൾക്ക് മാത്രമേ സന്ദർഭോചിതമായ സംഭാഷണം കൊണ്ട് ഒരു നല്ല സ്ത്രീയെ ഇത്തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളു. തെലുങ്കിൽ രംഗനാഥരാമായണത്തിൽ ഇവരെക്കുറിച്ചൊരു കഥയുണ്ട് . കുട്ടികൾ ചെറുപ്പമായിരിക്കുമ്പോഴും അവരുടെ കണ്ണ് ഭരതന്റെ മേൽ മാത്രമായിരുന്നു. നാലു കുട്ടികളും കൂടി കളിച്ചുകൊണ്ടിരുന്നപ്പോൾ രാമനടിച്ച പന്ത് മന്ഥരയെടുത്ത് ദൂരെക്കെറിഞ്ഞുവെന്നും രാമൻ വടികൊണ്ട് മന്ഥരയെ അടിച്ചുവെന്നും കഥയുണ്ട്. കൈകേയി ഈ കാര്യം ദശരഥനോട് പറഞ്ഞുവെന്നും കുട്ടികളിൽ മര്യാദ പഠിപ്പിക്കാനാണ് ദശരഥൻ ഗുരുകുലവിദ്യാഭ്യാസത്തിനയച്ചതെന്നും കഥ. ഇതും വൈരാഗ്യത്തിന് കാരണമായേക്കാം. കൂടാതെ കൈകേയിക്കും രാമാനോടായിരുന്നു പ്രിയം കൂടുതൽ ഇങ്ങനെ പല കാരണങ്ങളാൽ രാമനോടുണ്ടായിരുന്ന വെറുപ്പുചേർന്ന വ്യക്തിത്ത്വമായിരിക്കാം കൈകേയിയെ സ്വാധീനിക്കാൻ മന്ഥരയെ പ്രേരിപ്പിച്ചത്.

രാമൻ 14 വർഷം വനത്തിൽ സന്യാസ ജീവിതം നയിക്കണമെന്ന് മന്ഥര വാദിച്ചു. അങ്ങനെ രാമന് അടുത്ത തലമുറ ഉണ്ടാകില്ലെന്നും മന്ഥര ചിന്തിച്ചു കാണും. ഭരതന്റേതുമാത്രമായ അയോദ്ധ്യയിൽ തനിക്ക് സസുഖം വാഴാമെന്നും വിചാരിച്ചു കാണും. കൂനിയായാലും, വയസ്സിയായാലും കുബുദ്ധി ഇവരുടെ കൂടെപ്പിറപ്പാണല്ലോ?

ഇതിന്റെയൊക്കെ അപ്പുറത്തായി രാമാവതാരത്തിന്റെ ഉദ്ദേശം രാവണവധം. രാമന്റെ വനവാസം ഇവിടെ അത്യാവശ്യം. ദശരഥൻ രാമനെ ആദ്യം തന്നെ രാജാവായി അഭിഷേകം ചെയ്തിരുന്നുവെങ്കിൽ രാമായണമെന്ന ഇതിഹാസമില്ല. അങ്ങനെ വരുമ്പോൾ വാത്മീകിയുടെ രാമായണത്തിലെ അഭിവാജ്യഘടകമായ മന്ഥരയെ നമ്മൾ അറിയാതെ പോകും. ■

**2025 ജൂലൈ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**




**ഡോ. കെ.കെ.രാഘവ വാര്യർ (L/2638),**
കതിർ,
രവിപുരം റോഡ്,
കൊച്ചി-682016



**എ. വാസന്തി (L/5130),**
വാസന്തേയം, 57/76,
പോന്നേത്ത് ടെമ്പിൾ
റോഡ്, കടവന്ത്ര,
കൊച്ചി-682020



**വിലാസിനി മേനോൻ**
ജോമർ, ശ്രീനിലയം,
ഡി.എച്ച്. റോഡ്,
എറണാകുളം



**കെ. ബാലചന്ദ്രൻ (L/0514),**
HIG 21, വൈഷ്ണവി,
പനമ്പള്ളി നഗർ,
എറണാകുളം



**ശിവശങ്കര പിള്ള (L/3479),**
ശബരി, 23/1326,
കോന്തുരുത്തി റോഡ്,
തേവര, എറണാകുളം

# മറവി - അനുഗ്രഹമോ ശാപമോ

ചന്ദ്രലേഖ . പി – 9895921865

ഗൃഹപാഠം ചെയ്യാത്ത വിദ്യാർത്ഥിയും, ജോലിയിൽ അലസതയുള്ള വീട്ടമ്മയും, ഭാര്യയുടെ ജന്മനാളിന് സമ്മാനം നൽകാത്ത ഭർത്താവും ഒരുപോലെ പറയുന്ന ഒന്നുണ്ട് 'അയ്യോ ഞാൻ മറന്നു പോയി'. മറവി ആർക്കും സംഭവിക്കാം, ഏത് പ്രായക്കാർക്കും ഏതവസരത്തിലും ആകാം.

മനുഷ്യ ജീവിതത്തിൽ മറവി ഒരു അനിവാര്യ ഘടകമാണ്. ഓർമ്മകളും അനുഭവങ്ങളും മാത്രമല്ല, മറവിയും നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്നു. നാം കാണുന്ന കാര്യങ്ങൾ നമ്മുടെ തലച്ചോറിൽ രജിസ്റ്റർ ചെയ്ത് സേവ് ചെയ്തു വെയ്ക്കുന്നു. ആസ്വദിച്ച ചില നിമിഷങ്ങൾ ജീവിതം മുഴുവൻ നമ്മെ അനുഗമിക്കുമ്പോൾ ചില വേദനകളും കഷ്ടതകളും മറക്കാൻ ശ്രമിക്കുന്നു. മറവി എന്നത് സുഖകരമോ ദുരിതപൂർണ്ണമോ ആകുന്നത് ആ മറവിക്ക് പിന്നിലെ സാഹചര്യങ്ങൾ അനുസരിച്ചാണ്.

**ജീവിതത്തിൽ മറവിയുടെ നിലപാട്:-** ചില ഓർമ്മകൾ നമ്മുടെ മനസ്സിനെ തളർത്തും – അതിനാൽ അത് മറക്കുന്നത് ഒരു ആശ്വാസമാണ് . എന്നാൽ ചില കാര്യങ്ങൾ മറക്കുമ്പോൾ അതിന് ഗൗരവമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും. ഉത്തരവാദിത്വങ്ങൾ, ബന്ധങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്

മറവിക്ക് ചിലപ്പോൾ നിഷ്കളങ്കതയുടെ പുതുമ ഉള്ളതുപോലെ തോന്നും. മരണം, വേർപാട്, ഒറ്റപ്പെടൽ എന്നി വേദനകൾ മറവികൊണ്ട് മറയ്ക്കാനാകും. മക്കളെ നഷ്ടപ്പെട്ട മാതാപി താക്കൾ, അച്ഛനെയോ അമ്മയേയോ നഷ്ടപ്പെട്ട കുട്ടികൾ, കാമുകി വിട്ടുപോയ യുവാവ് – ഓരോരുത്തരും മറവിയുമായി സ്വന്തം രീതിയിൽ സമരം നടത്തുന്നു. ചിലർക്ക് മറവിക്കായി ജീവിതം മുഴുവൻ പോരാടേണ്ടിവരും. പഴയ ആൽബങ്ങൾ, ഒരു പഴയ വസ്ത്രത്തിന്റെ സുഗന്ധം, ഒരുനാൾ കേട്ട സംഗീതം ഇങ്ങനെ പലതും ഓർമ്മയെ തിരിച്ചു കൊണ്ട് വരും. മറവിക്ക് എതിരാണ് ഓർമ്മയുടെ ശക്തി.

**ദാമ്പത്യജീവിതത്തിലെ മറവികൾ:-** ഭർത്താവിന്റെ കുറവുകൾ അങ്ങേയറ്റം എടുത്തു പറയുന്ന ഭാര്യയും, ഭാര്യയുടെ പൂർവ്വകാല പ്രവർത്തികൾ വീണ്ടും വീണ്ടും ചൂണ്ടിക്കാണിക്കുന്ന ഭർത്താവും ദാമ്പത്യബന്ധത്തെ നശിപ്പിക്കും. മറവിക്ക് കുറച്ച് സ്ഥലമൊരുക്കുമ്പോൾ ജീവിതം കൂടുതൽ സുതാര്യമാകും ക്ഷമിക്കാനും മറക്കാനും കഴിയുന്നത് വലിയവരുടെ ശക്തിയാണ് എന്ന പഴമൊഴി കുടുംബബന്ധത്തിൽ വളരെ പ്രസക്തമാണ്.

**അവഗണനയുടെ മറവികൾ:-** മുതിർന്നവരുടെ വേദനകളും അവരുടെ സംഭാവനകളും കുട്ടികളും മാതാപിതാക്കളും മറന്നു പോകുന്നത് സമൂഹത്തിന്റെ വളർച്ചക്ക് പ്രശ്നങ്ങൾ ഉണ്ടാക്കും. പാരമ്പര്യവും ചരിത്രവും ഓർക്കേണ്ടത് മറവിയിൽ നിന്ന് രക്ഷ നേടാനാണ്. ശ്രദ്ധ കുറഞ്ഞാൽ മറവി വരും. ഒരു പാട് കാര്യങ്ങൾ ഒരുമിച്ച് ചെയ്താൽ ചിലത് മറക്കും

നമ്മുടെ തലച്ചോറിൽ ഓർമ്മകൾ പല പാളികളായി അടുക്കിവച്ചിരിക്കുന്നു. ചെറുപ്പകാലത്തുള്ളത് ഒരു പാളി അതിന് ശേഷമുള്ളത് അടുത്ത പാളി. വയസ്സാകുമ്പോൾ ചിലർക്ക് ചില പാളികൾ ചുരുങ്ങാൻ തുടങ്ങും ഏറ്റവും പുറത്തുള്ള പാളി ആദ്യം ചുരുങ്ങും. അതിനാൽ പുതിയകാര്യങ്ങൾ ആദ്യം മറക്കും. ഉദാഹരണത്തിന് രാവിലെ കഴിച്ച ആഹാരം എന്തായിരുന്നുവെന്ന് ആദ്യം മറക്കും.

**ആരോഗ്യമേഖലയിലെ മറവിയുടെ ശാസ്ത്രീയ വീക്ഷണം:-** അൾഷിമേഴ്സ് /ഡിമെൻഷ്യ എന്നിവ മറവി രോഗങ്ങളാണ്. തലച്ചോറിലെ നാഡീകോശങ്ങൾ മൃദുവാകു കയും നശിക്കുകയും ചെയ്യുമ്പോഴാണ് പ്രധാനമായും മറവി രോഗം ഉണ്ടാകുന്നത്. ഇതോടൊപ്പം തലച്ചോറിന്റെ വലിപ്പം കുറഞ്ഞു വരും 65 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 15 പേരിൽ ഒരാൾക്കും 85 ന് മുകളിൽ പ്രായമുള്ളവരിൽ പകുതി പേർക്കും ഈ രോഗം ഉണ്ടാകാം. സ്ത്രീകളിലാണ് മറവി രോഗം കൂടുതൽ കാണുന്നത്.

ചെറുപ്പക്കാർക്ക് മറവി വരുന്നത് തൈറോയ്ഡ്, വൈറ്റമിൻ കുറവ്, പ്രമേഹം കൊളസ്ട്രോൾ, രക്തസമ്മർദ്ദം, അമിതവണ്ണം, അമിത ജോലിഭാരം, ഉറക്കക്കുറവ് എന്നിവ കൊണ്ടാകാം. സ്ത്രീകൾ അടിക്കടി ഫ്രിഡ്ജ് തുറക്കുന്നതും കതക് പൂട്ടിയോ, ഗ്യാസ് സ്റ്റൗ ഓഫ് ചെയ്തോ എന്നിങ്ങനെ സംശയിക്കുന്നതും വളരെ സാധാരണമായി കാണാം

മറവി രോഗത്തിന്റെ ലക്ഷണങ്ങൾ സാവധാനം ആരംഭിക്കുന്നു. പലരും രോഗം അറിയുന്നില്ല. അവർ അതിനെ വാർദ്ധക്യത്തിന്റെ ഭാഗമായി കരുതുന്നു. മറവി രോഗത്തിന്റെ തുടക്കത്തിൽ ചെറിയ മറവികൾ സംഭവിക്കുന്നു. എന്നാൽ രോഗി അതിൽ ബോധവാനല്ല. സാധനങ്ങളുടെ പേര്, പരിചയമുള്ള വ്യക്തികളുടെ പേര് എത്തിച്ചേരേണ്ട വഴി എന്ന് തുടങ്ങി നേരായി വസ്ത്രം ധരിക്കാൻ പോലും ഇവർ മറക്കുന്നു. കൂടെ താമസിക്കുന്നവർക്ക് പലപ്പോഴും ഇതൊന്നും മനസ്സിലാവില്ല ആരംഭത്തി ൽ പലരേയും ഇവർ സംശയിക്കും മിക്കവാറും മരുമകൾ, മരുമകൻ, വേലക്കാരി എന്നിവരാണ് സംശയത്തിന് പാത്രമാവുന്നത്.

കേരളത്തിൽ ഏകദേശം 2 ലക്ഷത്തോളം മറവിരോഗികളുണ്ട് ചിലർക്ക് സംസാരശേഷി നഷ്ട്ടപ്പെടും. ചിലർ അക്രമാസക്തരാകും മറവി രോഗികളെ രോഗികളായി പരിഗണിക്കാതെ, ദേഷ്യപ്പെടാതെ അവരുടെ ആവർത്തിച്ചുള്ള ചോ ദ്യങ്ങൾക്ക് ക്ഷമയോടെ മറുപടി നൽകി, മരുന്നുകൾ യഥാസമയം നൽകി, നല്ല പോഷകാഹാരങ്ങൾ നൽകി പരിപാലിക്കുക. രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ, പൊണ്ണത്തടി എന്നിവ നിയന്ത്രണത്തിലാക്കുക. ധാരാളം വായിക്കുന്നതും, ചെസ്സ്/ പദപ്രശ്നം, ഡയറി കുറിപ്പ് എന്നിവയിൽ വ്യാപൃ തരാകുന്നതും നല്ലതാണ്.

രക്തസമ്മർദ്ദം, പ്രമേഹം, കൊളസ്ട്രോൾ എന്നിവ ചികിത്സ കൊണ്ട് നിയന്ത്രണത്തിലാക്കാം. എന്നാൽ മറവി രോഗം നിയന്ത്രണ വിധേയമാക്കാനാകില്ല. എന്നാൽ താമസിപ്പിക്കാനാകും. 62 വയസ്സിൽ മറവിവരുന്ന ആൾ ചികിത്സിച്ചില്ലെങ്കിൽ 66–67 വയസ്സാകുമ്പോഴേക്കും വളരെ മോശം സ്ഥിതിയിലെത്തും. ശരാശ രി മനുഷ്യായുസ്സ് 76 വയസ്സ് ആണെങ്കിൽ ബാക്കി 10 വർഷം കൊണ്ട് കഷ്ടപ്പെടേണ്ടതായി വരും. എന്നാൽ ചികിത്സിച്ചാൽ മോശമാകുന്ന അവസ്ഥ 72–74 വയസ്സുവരെ നീട്ടാനാകും.

മറവി രോഗികളെ കുട്ടികളെപ്പോലെ പരിചരിക്കണം എന്നാണ് പറയുന്നത്. മറവി ഒരു ജനിതക രോഗമാണ്. ഈ രോഗം കുടുംബ പാരമ്പര്യമായുള്ളവർ ഇത്തരം രോഗികളെ ക്ഷമയോടെ, സ്നേഹത്തോടെ പരിചരിക്കണം. ഇതുകണ്ട് അടുത്ത തലമുറ അവരെയും അങ്ങനെ ശുശ്രൂഷിക്കും.

**മറവി – ഒരു അനുഗ്രഹം:–** മറവിക്ക് ഒരു അർത്ഥവത്തായ സ്ഥാനം മനുഷ്യജീവിതത്തിൽ ഉണ്ട്. എല്ലാകാര്യങ്ങളും സ്മരണയിൽ നിർത്തിയാൽ മനുഷ്യൻ മാനസികമായി തളർന്നു പോകും. അതിനാൽ ചില ഓർമ്മകൾ മായുന്നു. ഇത് മനസ്സിന് രക്ഷയാണ്. ഒരിക്കൽ ഹൃദയത്തിൽ കുത്തിയ വാക്കുകൾ കാലക്രമേണ ഓർമ്മകളിൽ നിന്നും മങ്ങുന്നത് ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ സഹായിക്കുന്നു. ഉദാഹരണത്തിന് അപകടത്തിൽ മകനെ നഷ്ടപ്പെട്ട അമ്മക്ക് ഹൃദയത്തിലുണ്ടാകുന്ന ശൂന്യത കുറയുന്നത് മറവിയിലൂടെയാണ്. അതാണ് അവരെ ജീവിതത്തിലേക്ക് തിരിച്ചെത്തിക്കുന്നത്.

കുടുംബജീവിതത്തിലും സമൂഹത്തിലും മറവിക്ക് പങ്കുണ്ട്. മക്കളുടെ തെറ്റുകൾ അച്ഛനമ്മമാർ പൊറുക്കുന്നതും, ഭാര്യാഭർത്താക്കന്മാരുടെ പോ രാട്ടം പരസ്പരം മറക്കുന്നതും, കുടുംബബന്ധം കൂടുതൽ ശക്തമാക്കും.

**മറവി ഒരു ശാപം:** നമ്മെ വളർത്തിയവരെ, ചേർത്ത് നിർത്തിയവരെ, മാറോടു ചേർത്തവരെ മറക്കുമ്പോൾ കൃതജ്ഞതയും നന്മയും നഷ്ടമാകുന്നു ഇത് കുടുംബ ബന്ധങ്ങളെ ദുർബലമാക്കുന്നു.

ഓരോ ഓർമ്മക്കും അതിന്റേതായ പ്രസക്തിയുണ്ട് മറവിയില്ലാതെ ഓർമ്മയുടെ ഭാരം താങ്ങാനാവില്ല. മറവി ഏറിയാൽ പാഠങ്ങൾ പോലും നഷ്ടമാകും. നാം ഓർക്കേണ്ടത് ഓർക്കണം, മറക്കേണ്ടത് മറക്കണം, അതാണ് ജീവിതപാഠം മറവിയെ അനുഗ്രഹമാക്കി മാറ്റുന്നത് നമ്മുടെ സമീപനമാണ്. ഒരു പക്ഷെ മറവിയും ഓർമ്മയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഇവ ഒരുമിച്ച് നമ്മെ മനുഷ്യരാക്കുന്നു

**'ഓർമ്മകളാൽ സ്നേഹം നിലനിൽക്കുന്നു**
**മറവിയാൽ ബന്ധങ്ങൾ ദീർഘിക്കുന്നു'.** ■

# ആർത്രൈറ്റിസ് (Arthritis)

ഡോ. പാർവ്വതി കെ. എസ് – 9497791093

സന്ധികളിൽ ഉണ്ടാകുന്ന വേദനയേയും വീക്കത്തെയുമാണ് ആർത്രൈറ്റിസ് എന്ന് പറയുന്നത്. സന്ധികളിൽ വീക്കമില്ലാതെ വേദന മാത്രമുള്ള അവസ്ഥയെ ആർത്രാൾജിയ എന്ന് പറയുന്നു .

ആർത്രൈറ്റിസ് ലക്ഷണമായി വരുന്ന നിരവധി രോഗങ്ങളുണ്ട്. ഇതിൽ ചില രോഗങ്ങളിൽ ആരംഭലക്ഷണമോ അല്ലെങ്കിൽ പ്രധാന ലക്ഷണമോ ആർത്രൈറ്റിസ് ആണ് എന്നാൽ മറ്റു ചില രോഗങ്ങളിൽ ആർത്രൈറ്റിസ് എന്ന ലക്ഷണം എപ്പോഴും ഉണ്ടാകണമെന്നില്ല. ഉദാഹരണത്തിന് റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് എന്ന രോഗത്തിൽ നൂറുശതമാനം ആളുകളിലും സന്ധിവേദനയും വീക്കവും ആയിരിക്കും പ്രധാന ലക്ഷണം എന്നാൽ സോറിയാസിസ് എന്ന രോഗത്തിൽ 10–20 ശതമാനം രോഗികളിൽ മാത്രമേ ആർത്രൈറ്റിസ് കാണാറുള്ളു.

ആർത്രൈറ്റിസ് ഉണ്ടാക്കുന്ന രോഗങ്ങളെ 5 വിഭാഗങ്ങളായി തിരിക്കാം.

1. ഓട്ടോ ഇമ്മ്യൂൺ അസുഖങ്ങൾ
2. സന്ധികളിൽ തേയ്മാനം മൂലമുണ്ടാകുന്ന ആർത്രൈറ്റിസ്
3. യൂറിക ആസിഡ് രക്തത്തിൽ കൂടുതൽ ഉണ്ടാകുന്നത് മൂലമുണ്ടാകുന്ന ആർത്രൈറ്റിസ് (ഗൗട്ട്)
4. അണുബാധമൂലമുണ്ടാകുന്ന ആർത്രൈറ്റിസ്
5. സന്ധികളിൽ സംഭവിക്കുന്ന ക്ഷതം മൂലമുണ്ടാകുന്ന ആർത്രൈറ്റിസ്

ആർത്രൈറ്റിസ് ഉണ്ടാക്കുന്ന രോഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഗുരുതരവുമായേക്കാവുന്നതുമായ രോഗവിഭാഗമാണ് ഓട്ടോ ഇമ്മ്യുൺ രോഗങ്ങൾ. ശരീരത്തിലെ പ്രധിരോധ സംവിധാനത്തിൽ (Immune System) ഉണ്ടാകുന്ന തകരാറാണ് ഓട്ടോ ഇമ്മ്യുൺ അസുഖങ്ങളുണ്ടാകാൻ ഉള്ള പ്രധാന കാരണം. സാധാരണ ഗതിയിൽ ശരീരത്തിലെ പ്രതിരോധ ശക്തി രോഗാണുക്കളെ ആക്രമിച്ച് നശിപ്പിച്ച് ശരീരത്തെ അസുഖം വരാതെ സംരക്ഷിക്കും. എന്നാൽ ഓട്ടോ ഇമ്മ്യുൺ രോഗങ്ങളിൽ പ്രതിരോധ സംവിധാനത്തിലുണ്ടാകുന്ന തകരാറു കാരണം ശരീരത്തിലെ പ്രതിരോധശേഷി തന്നെ സ്വന്തം ശരീരത്തിലെ കോശങ്ങളെയും അവയവങ്ങളെയും രോഗാണുവാണെന്ന് തെറ്റിദ്ധരിച്ച് ആക്രമിക്കുകയും കോശങ്ങളിലും അവയവങ്ങളിലും നാശം ഉണ്ടാക്കുകയും ചെയ്യും സ്വന്തം പ്രതിരോധ സന്ധികളിലെ കോശങ്ങളെ അക്രമിക്കുമ്പോഴാണ് ആർത്രൈറ്റിസ് അഥവാ സന്ധിവീക്കം എന്ന ലക്ഷണം ഉണ്ടാകുന്നത്.

ആർത്രൈറ്റിസ് ഉണ്ടാക്കുന്ന പ്രധാന ഓട്ടോ ഇമ്മ്യൂൺ രോഗങ്ങൾ താഴെപ്പറയുന്നവയാണ്

- റൂമറ്റോയ്ഡ് ആർത്രൈറ്റിസ് (Rheumibid Arthritis)
- സ്പോൺഡൈലോ ആർത്രൈറ്റിസ് (Spondylo Arthritis)
- സോറിയാറ്റിക് ആർത്രൈറ്റിസ്(Psoriatic Arthritis)
- ലൂപ്സ് (Lupus)
- വാസ്കുലൈറ്റിസ് (Vasculitis)
- കുട്ടികളെ ബാധിക്കുന്ന ആർത്രൈറ്റിസ് (Juvenile Idiopathic Arthritis)

### റൂമറ്റോയ്ഡ് ആർത്രൈറ്റിസ് (ആമവാതം)

ആർത്രൈറ്റിസ് ഉണ്ടാക്കുന്ന രോഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും കൂടുതലായി കണ്ടുവരുന്നതുമായ രോഗമാണ് റൂമറ്റോയ്ഡ് ആർത്രൈറ്റിസ് അഥവാ ആമവാതം.

സാധാരണ സ്ത്രീകളിലാണ് ഇത് കൂടുതലായി കണ്ടുവരുന്നതെങ്കിലും പുരുഷന്മാരിലും കുട്ടികളിലും ആമവാതം കാണാറുണ്ട്, ഏതു പ്രായക്കാരെയും ആമവാതം ബാധിക്കാം.

സന്ധികളിലുണ്ടാകുന്ന വേദനയും വീക്കവുമാണ് പ്രധാന ലക്ഷണം. കൈവിരലുകളിലെ സന്ധികൾ, കൈക്കുഴ, കാൽമുട്ട് മുതലായ സന്ധികളെയാണ് കൂടുതലായി ബാധിക്കാറുള്ളത് സന്ധിവേദനയും വീക്കവും രാവിലെ ഉറക്കമുണരുമ്പോഴാണ് കൂടുതൽ അനുഭവപ്പെടുന്നത് രാവിലെയുള്ള ഈ വേദനയും സന്ധികളിലെ വഴക്കക്കുറവും അരമണിക്കൂർ മുതൽ 3 മണിക്കൂർ വരെ നീണ്ടു നിൽക്കാം. ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ ആമവാതം സന്ധികളിൽ നാശവും വൈകല്യവും ഉണ്ടാക്കും. ആമവാതം ഒരു ഓട്ടോ ഇമ്മ്യൂൺ ഡിസീസ് ആയതുകൊണ്ട് സന്ധികളെ കൂടാതെ മറ്റു അവയവങ്ങളെയും ബാധിക്കാം. ആമവാതം തീവ്രമായ അവസ്ഥയിൽ ശ്വാസകോശങ്ങളിൽ നീരും ചുരുക്കവും, കണ്ണുകളിൽ വേദനയോടുകൂടിയ ചുവപ്പും വരൾച്ചയും കാഴ്ചക്കുറവും ഉണ്ടാകാം.

**രക്തപരിശോധന**

റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് സ്ഥിതികരീക്കാൻ സഹായിക്കുന്ന രണ്ടു പ്രധാന രക്ത പരിശോധനകളാണ് റൂമാറ്റോയ്ഡ് ഫാക്ടർ, ആന്റി സി.സി.പി (Anti CCP) എന്നിവ. റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് ഉള്ള 80–90 ശതമാനം രോഗികളിൽ ഈ ടെസ്റ്റുകൾ പോസിറ്റീവായി കാണാറുണ്ട്. എന്നാൽ മറ്റു പല ഇമ്മ്യൂൺ രോഗികളിലും റൂമാറ്റോയ്ഡ് ഫാക്ടർ രക്തത്തിൽ കൂടിയ അളവിൽ കാണാറുണ്ട്. പക്ഷെ റൂമാറ്റോയ്ഡ് ഫാക്ടർ രക്തത്തിൽ കൂടുതൽ അളവിൽ കാണുന്നതുകൊണ്ടു മാത്രം രോഗിക്ക് റൂമറ്റോയ്ഡ് ആർത്രൈറ്റിസ് സ്ഥിതികരിക്കാനാവില്ല. എന്നാൽ ആന്റി സി. സി. പി സാധാരണ റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് ഉള്ള രോഗികളിൽ മാത്രമേ പോസിറ്റീവായി കാണാറുള്ളു. റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് ഉള്ളവരിൽ 10 ശതമാനം പേരിൽ ഈ രണ്ടു ടെസ്റ്റുകളും നെഗറ്റീവായി കാണപ്പെടാം. ഈ രോഗികളെ സെറോ നെഗറ്റീവ് (Sero Negative) റൂമാറ്റോയ്ഡ് ആർത്രൈറ്റിസ് ഉള്ളവരായി പറയപ്പെടുന്നു.

റൂമാറ്റോയ്ഡ് ഫാക്ടറും ആന്റി സി. സി. പി യും അസുഖം കണ്ടുപിടിക്കുന്നതിനു മാത്രമേ സഹായിക്കുന്നുള്ളു. അസുഖത്തിന്റെ തീവ്രത അറിയുവാൻ ഈ ടെസ്റ്റുകൾ ഫലപ്രദമല്ല. അതിന് ഇ.എസ്. ആർ (ESR) സി. ആർ. പി (CRP) എന്നീ രണ്ട് ടെസ്റ്റുകളാണ് നടത്തേണ്ടത്. അസുഖത്തിന്റെ തീവ്രത അനുസരിച്ച് ഇ.എസ്. ആർ (ESR) സി. ആർ. പി കൂടുതലായി കാണപ്പെടാം

**സ്പോൺഡൈലോ ആർത്രൈറ്റിസ്**

ഈ രോഗം ആന്കൈലോസിങ് സ്പോൺഡെലിറ്റിസ്(Ankylosing Spondylitis) എന്ന പേരിലും അറിയപ്പെടുന്നു. ഇത് പ്രധാനമായും നട്ടെല്ലിലെ സന്ധികളേയും ഇടുപ്പിലെ സന്ധികളേയുമാണ് ബാധിക്കുന്നത്. അത് മൂലമുണ്ടാകുന്ന വിട്ടുമാറാത്ത നടുവേദനയും കഴുത്തുവേദനയും ഈ അസുഖത്തിന്റെ പ്രധാന ലക്ഷണങ്ങളാണ് ഇത്തരം രോഗികൾക്ക് നടുവേദന രാവിലെ എഴുന്നേൽക്കുമ്പോൾ ആയിരിക്കും കൂടുതൽ അനുഭവപ്പെടുന്നത്. നട്ടെല്ലിനെയാണ് ഈ അസുഖം പ്രധാനമായി ബാധിക്കുന്നത്.

ആമവാതം പോലെ തന്നെ സപോൺഡെലോ ആർത്രൈറ്റിസ് ശരീരത്തിലെ മറ്റു അവയവങ്ങളെ ബാധിക്കാം. ഈ അസുഖത്തിന് തക്കതായ ചികിത്സ ലഭിച്ചില്ലെങ്കിൽ നട്ടെല്ലിന് കൂന് സംഭവിക്കുകയും കഴുത്ത് തിരിക്കാൻ പറ്റാതെ വരികയും ഞൊണ്ടിയുള്ള നടത്തം തുടങ്ങിയവയ്ക്കും സാധ്യതയുണ്ട്.

**പരിശോധന**

X-Ray, MRI മുതലായ സ്കാനിങ് പരിശോധനയിലൂടെ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥ അറിയാൻ സാധിക്കും. പ്രധാനപ്പെട്ട രക്ത പരിശോധനയാണ് എച്ച്. എൽ. എ. ബി 27 (HLAB 27) ഇത് ഒരു ജനിതക ടെസ്റ്റാണ് . ഇതും പോസിറ്റീവായി കാണാറുണ്ട്

**സോറിയാറ്റിക് ആർത്രൈറ്റിസ്**

സോറിയാറ്റിക് പ്രധാനമായും ഒരു ചർമ്മ രോഗമാണ്. സോറിയാറ്റിക് ഉള്ള 10–20 ശതമാനം രോഗികളിൽ ആർത്രൈറ്റിസ് ഉണ്ടാകാറുണ്ട്. ഇതിനെയാണ് സോറിയാറ്റിക് ആർത്രൈറ്റിസ് എന്ന് വിളിക്കുന്നത്

**പരിശോധന**

ദേഹ പരിശോധനയിലൂടെയും, X-Ray, MRI പരിശോധനകളിലൂടെയും രോഗം സ്ഥിരികരിക്കാം

**ലൂപ്പസ്**

സിസ്റ്റമിക് ലൂപ്പസ് എറിത്മെറ്റോസസ് (Systemic Lupas erythematosus) എന്ന അസുഖത്തിന്റെ ചുരുക്കപ്പേരാണ് എസ്. എൽ. ഇ (SLE) അഥവാ ലൂപ്പസ്

സന്ധിവേദന, വിട്ടുമാറാത്ത പനി, ചർമ്മത്തിലെ ചുവന്ന പാടുകൾ, അകാരണമായ മുടി കൊഴിച്ചിൽ, തൂക്കം കുറയുക, വിശപ്പ് കുറവ് വായിലെ പുണ്ണ് , മൂത്രത്തിൽ പത തുടങ്ങിയവയാണ് ലൂപ്പസിന്റെ പ്രധാന ലക്ഷണങ്ങൾ എന്നാൽ ലൂപ്പസ് എല്ലാവരിലും ഒരു പോലെയല്ല പ്രകടമാവുക. സ്ത്രീകളിലാണ് കൂടുതൽ കണ്ടുവരുന്നത്

**പരിശോധന**

രോഗനിർണ്ണയം നടത്തുന്നതിന് പ്രധാനപ്പെട്ട രക്തപരിശോധനയാണ് എ . എൻ. എ (ANA) അഥവാ ആന്റി ന്യൂക്ലിയർ ആന്റി ബോഡി ടെസ്റ്റ്. ലൂപ്പസ് ഉള്ള എല്ലാ രോഗികളിലും ടെസ്റ്റ് പോസിറ്റീവ് ആയിരിക്കും

**ഓസ്റ്റിയോ ആർത്രൈറ്റിസ്**

ഓസ്റ്റിയോ ആർത്രൈറ്റിസ് പ്രായമായവരിൽ കണ്ടുവരുന്ന സന്ധികളിലെ തരുണാസ്ഥിക്ക് തേയ്മാനം ഉണ്ടാക്കുന്ന രോഗാവസ്ഥയാണ്. അസ്ഥികളുടെ അഗ്രം പൊതിഞ്ഞിരിക്കുന്ന തെരുണാസ്ഥി ക്രമേണ ദ്രവിച്ച് പോകുന്നതു മൂലം അസ്ഥികളുടെ അഗ്രങ്ങൾ തമ്മിൽ കൂടുതൽ കൂടുതൽ അടുത്ത് വരുകയും അവ തമ്മിൽ ഉരഞ്ഞുതുടങ്ങുകയും ചെയ്യുന്നു. സൈനോഡിയൽ മെമ്പ്രേനിന് കട്ടി കൂടുകയും ഇതോടൊപ്പം സന്ധികളിൽ നീർവീഴ്ച ഉണ്ടാകുകയും ചെയ്യും. 40 വയസ്സ് കഴിഞ്ഞാൽ ആർക്കും തേയ്മാനം ബാധിക്കാം. ജനിതകമായ കാരണങ്ങൾക്ക് പുറമെ സന്ധികളിൽ മുൻപുണ്ടായ ക്ഷതവും, അമിത വണ്ണവും തേയ്മാനം വരാനുള്ള കാരണങ്ങളാണ്.

**പരിശോധന**

X-Ray, MRI മുതലായ സ്കാനിങ്ങിലൂടെയാണ് രോഗം സ്ഥിതികരിക്കുന്നത്.

**ഗൗട്ട്**

ശരീരത്തിൽ കോശങ്ങളുടെ പ്രവർത്തന ഫലമായും കോശങ്ങൾ നശിച്ച് പുതിയത് ഉണ്ടാകുമ്പോൾ ഭക്ഷണപദാർത്ഥങ്ങളുടെ ദഹനപ്രക്രിയയുടെ ഭാഗമായി ശരീരം സ്വാഭാവികമായി ഉണ്ടാക്കുന്ന പദാർത്ഥമാണ് യൂറിക് ആസിഡ്. ഇങ്ങനെ ഉണ്ടാകുന്ന യൂറിക് ആസിഡ് ശരീരം മൂത്രത്തിലൂടെ പുറംതള്ളുകയാണ് ചെയ്യുന്നത് എന്നാൽ ചില ആളുകളിൽ വളരെ കൂടിയ അളവിൽ ശരീരത്തിൽ യൂറിക് ആസിഡ് ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടോ അല്ലെങ്കിൽ വൃക്കയ്ക്ക് ഉണ്ടാകുന്ന തകരാറു മൂലം, മൂത്രം വഴി യൂറിക് ആസിഡ് പുറംതള്ളാനുള്ള കഴിവില്ലാതെ വരുന്നത് കൊണ്ടോ രക്തത്തിൽ ക്രമാതീതമായി യൂറിക് ആസിഡിന്റെ അളവ് കൂടുന്നു ഇങ്ങനെ ശരീരത്തിൽ കൂടുതലായി ഉണ്ടാകുന്ന യൂറിക് ആസിഡ് സന്ധികളിൽ അടിഞ്ഞുകൂടുകയും സന്ധികളിൽ ശക്തമായ വേദനയും വീക്കവും ചുമപ്പും ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ ഉണ്ടാകുന്ന സന്ധിവേദനയെ ഗൗട്ട് എന്ന് പറയുന്നു.

സാധാരണ ഈ അസുഖത്തിന്റെ തുടക്ക സമയത്ത് കാലിലെ സന്ധികളിലാണ് കൂടുതലായി കണ്ടുവരുന്നത് ഇതിൽ തന്നെ കാലിലെ പെരുവിരലിന് തൊട്ടുമുകളിലുള്ള സന്ധിയെയാണ് (First metatarsophalangeal Joint) ഗൗട്ട് കൂടുതലായി ബാധിക്കുന്നത്. ആർത്രൈറ്റിസ് ഉണ്ടാക്കുന്ന രോഗങ്ങളിൽ ഏറ്റവും കഠിനമായവേദനയുണ്ടാക്കുന്ന രോഗമാണ് ഗൗട്ട്. തുടക്കം തന്നെ

(ശേഷം 30–ാം പേജിൽ)

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി - 9388602778

***ഒന്നാം ദിവസം***

എറണാകുളം കരയോഗത്തിന്റെ ഈ വർഷത്തെ വിദേശ യാത്ര 2025 ഏപ്രിൽ മാസമായിരുന്നു സംഘടിപ്പിച്ചത്. യുറോപ്പിലും, വടക്കുപടിഞ്ഞാറൻ ഏഷ്യയിലുമായി വ്യാപിച്ചുകിടക്കുന്ന രാജ്യമായ അസർബൈജാനിന്റെ തലസ്ഥാനമായ ബാക്കുവിലേക്കായിരുന്നു ഞങ്ങളുടെ യാത്ര.

2025 ഏപ്രിൽ 25-ാം തിയതി രാവിലെ 4 മണിയുടെ ഫ്ളൈറ്റിൽ അസർബൈജാനിലേക്ക് യാത്ര തിരിക്കുന്നതിനായി രാത്രി ഏകദേശം 12.30 യോടുകൂടി നമ്മുടെ യാത്ര അംഗങ്ങളെല്ലാം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽ എത്തിച്ചേർന്നു. 3.50 നോടു കൂടി ചെക്ക് ഇൻ ചെയ്ത് എല്ലാവരും അകത്തു കടക്കുകയും 4 മണിക്ക് ബോർഡ് ചെയ്യുകയും ചെയ്തു. കൊച്ചിയിൽ നിന്ന് ഷാർജ വഴിയുള്ള ള്ള കണക്റ്റിങ് (എയർ അറേബ്യ) ഫ്ളൈറ്റിലായിരുന്നു ഞങ്ങൾ യാത്ര ചെയ്തിരുന്നത് ഞങ്ങൾ ഷാർജയിൽ നിന്നും ഒന്നര മണിക്കൂർ യാത്ര ചെയ്ത് ബാകു എയർപോർട്ടിൽ എത്തി ചേർന്നു. അവിടെ ഞങ്ങളെ കാത്ത് ഗൈഡ് നിൽക്കുന്നുണ്ടായിരുന്നു, ഗൈഡിന്റെ നിർദ്ദേശാനുസരണം ഞങ്ങൾക്കുവേണ്ടി എത്തിച്ചിരുന്ന ബസ്സിൽ കയറി ബരാമസ്സ് ഹോട്ടലിൽ എത്തി. ഞങ്ങൾ അവിടെ എത്തിച്ചേരുന്നത് അസമയത്ത് ആയിരിക്കുമെന്നും, വഴിയിൽനിന്ന് ലഞ്ച് കിട്ടാൻ സാധ്യത കുറവാണെന്നറിയാമായിരുന്നത് കൊണ്ടും അത്യാവശ്യം കുറച്ച് സാധനങ്ങൾ ഞങ്ങൾ സ്റ്റോക്ക് ചെയ്തിരുന്നു. എല്ലാവരും ഹോട്ടലിൽ ചെന്നശേഷമാണ് ആഹാരം കഴിച്ചത്. എല്ലാവരും നല്ല ക്ഷിണിതരായിരുന്നതിനാൽ വിശ്രമിക്കുന്നതിന് വേണ്ടി അവരവരുടെ റൂമിലേക്ക് പോയി. കുറച്ചുസമയം വിശ്രമിച്ചതിന് ശേഷം 5 മണിയോടുകൂടി ഞങ്ങൾ ബാകു ലോക്കൽ ടൂറിനായി യാത്ര തിരിച്ചു.

ഞങ്ങൾ നേരെ പോയത് "Flame Towers" കണാനാണ്. അതിന്റെ ആർക്കിടെക്ച്ചർ വിസ്മയവഹമാണ്. "The Land of Fire" എന്നാണ് അസർബൈജാൻ അറിയപ്പെടുന്നത് അതു കൊണ്ടായിരിക്കണം ഫയറിന്റെ ആകൃതിയിലാണ് ഈ ടവറിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. "Dia Holdings" എന്ന കമ്പനിയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. രാത്രി ചുവന്ന കളറിലാണ് ഈ ടവർ കാണപ്പെടുന്നത്. ഇത് മുറിച്ചുവെച്ച മാതളനാരങ്ങയുടെ ആകൃതിയിലാണ് കാണപ്പെടുന്നത്. മാതളനാരങ്ങ അസർബൈജാനിന്റെ നാഷണൽ ഫ്രൂട്ട് ആണ്.

"Towers of Flame"- നെ രണ്ടർത്ഥത്തിൽ View ചെയ്യുന്നുണ്ട്. അത് 3 വലിയ ടവറുകൾ ചേർന്നതാണ്. അതിൽ ഓഫീസ് കെട്ടിടങ്ങളുണ്ട്, 5 സ്റ്റാർ ഹോട്ടലുണ്ട്, Business Centre തുടങ്ങി എല്ലാവിധ posh level of activities- ഉം അതിനുള്ളിലുണ്ട്. അതിനുള്ളിലൊക്കെ നമുക്ക് കയറുകയും ചൊയ്യാം. കുടാതെ ഫേമസ് ബ്രാൻഡുകളുടെ ഷോറൂമുകളും ഉണ്ട്. ഈ ടവറിനോടടുത്തു തന്നെ വിശാലമായ ഒരു ഖബർസ്ഥാൻ ഉണ്ട്. Memory Square എന്നറിയപ്പെടുന്ന ഈ സ്ഥലം തുറസ്സായ ഒരു മൈതാനമാണ്. അതിന്റെ കൂടെ ടർക്കിഷ് സ്മാരകമായി ഒരു മോസ്കും ഉണ്ട്. രണ്ട് മഹായുദ്ധങ്ങളിൽ മരിച്ച ധീരയോദ്ധാക്കളുടെ കബറുകളാണ് അവിടെയുള്ളത്. ചിലതിൽ പേരുകളുണ്ട്, ചിലതിൽ മാർബിൾ കല്ലുകളിൽ ഫോട്ടോ പതിപ്പിച്ചിട്ടുമുണ്ട്. യുദ്ധത്തിൽ മരിച്ചവരെ

കൂടാതെ സാധാരണ ആളുകളുടെ കബറുകളും അവിടെയുണ്ട്. റഷ്യയും അർമേനിയയും തമ്മിലുണ്ടായ യുദ്ധത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ അടക്കം ചെയ്ത സ്ഥലമാണ് അത്. ഇത് ആളുകൾക്ക് നടക്കുവാനുള്ള സ്ഥലമായിക്കൂടി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. പടികൾ കയറി മുകളിൽ ചെന്നാൽ ശ്മശാനം മുഴുവനായും നമുക്ക് കാണാം. ഏറ്റവും മുകൾ തട്ടിലെത്തിയാൽ Caspian Seaയോട് ചേർന്നു കിടക്കുന്ന ബാകു നഗരത്തിന്റെ ദൃശ്യഭംഗി മുഴുവനും ആസ്വദിക്കാൻ സാധിക്കും. അതിനു മുകളിലായി ഒരു Monument ഉണ്ട്. അത് 24 മണിക്കൂറും കത്തിക്കൊണ്ടിരിക്കുന്ന തീജ്വാലയാണ്. ഗ്യാസിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത്. “Towers of Flame”ന്റെ അടുത്താണ് ഇത് സ്ഥിതി ചെയ്യുന്നത്.

ഈ ദൃശ്യവിസ്മയങ്ങൾ കണ്ട് കണ്ട് ഞങ്ങൾ താഴേക്കിറങ്ങി. വന്നവഴിയിൽ “Towers of Flame”ന്റെ തൊട്ടപ്പുറത്തുള്ള യുദ്ധസ്മാരകമായ അസ്ലി അസ്സലനോൻ ഖബർസ്ഥാൻ കാണുവാനും സാധിച്ചു. അവിടുത്തെ സ്വാതന്ത്ര്യസമരത്തിൽ മരണമടഞ്ഞ ധീര ദേശാഭിമാനികൾക്കു വേണ്ടി ഒരുക്കിയ സ്മാരകമാണിത്. ഇവിടെയും ശാന്തമായി സ്വസ്ഥമായി നടക്കുവാനുള്ള സ്ഥലം ഏറെയുണ്ട്. അസർബൈജാനിന്റെ ചരിത്രം പരിശോധിച്ചാൽ അവിടെ ഉണ്ടായിരുന്നതിൽ ഭൂരിഭാഗം ആളുകളും Zorastrains ആയിരുന്നു, തുർക്കി ആക്രമണത്തിന് മുമ്പ് അവിടെ ഉണ്ടായിരുന്നത് പുരാതന Zorastrains സംസ്കാരം ആയിരുന്നു എന്ന് നമുക്ക് കാണാൻ സാധിക്കും.

വളരെ നല്ല ഒരു യാത്രയായിരുന്നു അത്. നല്ല അനുഭവമായിരുന്നു. ഒരുപാടു പടികൾ കയറിയിറങ്ങാൻ ഉണ്ടായിരുന്നുവെങ്കിലും നല്ല കാലാവസ്ഥയായിരുന്നതിനാൽ ക്ഷീണം തോന്നിയില്ല. സാധാരണയായി കാറ്റുള്ളപ്പോൾ തണുപ്പ് കൂടുതൽ ഉണ്ടാകാറുണ്ടെന്നും ജാക്കറ്റ് കരുതണമെന്നും പറഞ്ഞിരുന്നു. ഉയരം കൂടും തോറും കാറ്റിന്റെ ശക്തി കൂടുതലാണ്. എല്ലാം കണ്ട് താഴെ ഇറങ്ങി ബസ്സിൽ കയറി തിരിച്ചു ഹോട്ടലിൽ എത്തി. 8 മണിക്ക് നല്ല നോർത്ത് ഇന്ത്യൻ ഫുഡ് കഴിച്ച ശേഷം എല്ലാവരും അവരവരുടെ മുറികളിലേക്ക് പോയി.

(തുടരും .....)

(28-ാം പേജിന്റെ തുടർച്ച...)

ചികിത്സിച്ചില്ലെങ്കിൽ എല്ലാ സന്ധികളിലും വേദനയും നീരും വരാം. ഈ രോഗം പുരുഷന്മാരിലാണ് കൂടുതൽ കാണപ്പെടുന്നത്. ഗൗട്ട് മൂലമുണ്ടാകുന്ന സന്ധിവേദനയും വീക്കവും വളരെ പെട്ടന്നായിരിക്കും കാണപ്പെടുക. രോഗിക്ക് ഈ സമയത്ത് നടക്കാൻ പോലും ബുദ്ധിമുട്ട് വരാം

**പരിശോധന**

- രക്ത പരിശോധന
- സന്ധികളിലെ നീര് (Synovial Fluid) എടുത്ത് പരിശോധിച്ച് അതിൽ യൂറിക് ആസിഡ് തരികളുടെ സാനിധ്യം തെളിയിക്കുന്നത് ഗൗട്ട് സ്ഥിതീകരിക്കാൻ മികച്ച മാർഗ്ഗമാണ്

■

**എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ജൂലൈ മാസം സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1 | എ. എ. മേനോൻ & അസ്സോസിയേറ്റ്, വാരിയം റോഡ്, കൊച്ചി | 25,000 |
| 2 | അമ്മുക്കുട്ടിയമ്മയുടെ ഓർമ്മയ്ക്കായി മക്കൾ നൽകുന്നത് | 8,000 |
| 3 | സുനന്ദ നായർ, 3 സി, Skyline Legacy Apt., ESI Road, എറണാകുളം | 6000 |
| 4 | ചന്ദ്രിക പി. മേനോൻ, നെടുവേലിൽ , പത്മവിഹാർ, ലായം റോഡ്, കൊച്ചി | 5000 |
| | **എൻഡോവ്മെന്റ് സംഭാവന നൽകിയവർ** | |
| 1 | ശോഭ നന്ദകുമാർ, 4 ബി, സൂര്യകാന്തി അപ്പാർട്ട്മെന്റ്, ഇയ്യാട്ടിൽ ജംഗ്ഷൻ, കൊച്ചി | 51,000 |

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-16

എം. ആർ. എസ്. മേനോൻ – 9037126220

(തുടർച്ച.....)

**തൃപ്പൂത്താവുന്ന ചെങ്ങന്നൂർ ഭഗവതി**

ചെങ്ങന്നൂർ ഭഗവതിക്ഷേത്രം എന്ന പേരിൽ പ്രസിദ്ധമാണെങ്കിലും ചെങ്ങന്നൂരിലെ പ്രധാനദേവൻ മഹാദേവനാണ് (തിരുമാന്ധാംകുന്ന് കൊടുങ്ങല്ലൂർ, മാടായിക്കാവ് തുടങ്ങിയ പ്രസിദ്ധങ്ങളായ ദേവീക്ഷേത്രങ്ങളിലും പ്രധാന പ്രതിഷ്ഠ ശിവനാണല്ലോ?) ശ്രീ കോവിലിന് കിഴക്കോട്ട് ദർശനം. അതേ ശ്രീകോവിലിൽ പടിഞ്ഞാട്ട് ദർശനമായാണ് ദേവി. ശിവന് അഞ്ച് പൂജയും ശിവേലിയുമുണ്ട്. ഭഗവതിക്ക് മൂന്ന് പൂജയും. ഭഗവതിയെ സ്വയംവരപാർവ്വതി മഹാകാളി, സതി എന്നീ ഭാവങ്ങളിൽ ആരാധിക്കുന്നു. നൂറ്റെട്ട് ശിവാലയങ്ങളിലും നൂറ്റി എട്ട് ദുർഗ്ഗാലയങ്ങളിലും ഈ ക്ഷേത്രം ഉൾപ്പെടുന്നു.

ശിവപാർവ്വതിമാരുടെ വിവാഹവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട് ഉണ്ട്. അവരുടെ വിവാഹത്തിന് ബ്രഹ്മാവ്, വിഷ്ണു, ഇന്ദ്രൻ, ലക്ഷ്മി, സരസ്വതി തുടങ്ങി നിരവധി ദേവീ ദേവന്മാരും മഹർഷിമാരും പങ്കെടുത്തു. ഇവരുടെ ഭാരം മൂലം ഭൂമി ചരിഞ്ഞ് പോകുമോയെന്ന ഭയത്തിന് പരിഹാരമായി ഉയരം കുറഞ്ഞ അഗസ്ത്യമുനിയെ തെക്ക്ഭാഗത്ത് ശോണാദ്രിയിൽ (ചെങ്ങന്നൂരിൽ) തപസ്സിനിരുത്തി. ഇവിടെ കഠിനമായി തപസ് ചെയ്തുകൊണ്ട് അഗസ്ത്യൻ ഭൂമിയെ ചരിയാതെ നിർത്തി, തന്റെ ദിവ്യദൃഷ്ടി കൊണ്ട് അഗസ്ത്യൻ ശിവപാർവ്വതീവിവാഹം കണ്ടു. വിവാഹം കഴിഞ്ഞ് ശിവപാർവ്വതിമാർ അഗസ്ത്യമുനിയെ കാണാൻ ശോണാദ്രിയിൽ എത്തി. തനിക്ക് പൂജ നടത്തുവാൻ ഇവിടെ ഉണ്ടാകണമെന്ന അഗസ്ത്യമഹർഷിയുടെ ആവശ്യപ്രകാരം ശിവപാർവ്വതിമാർ ഇവിടെ സ്വയംഭുവായി അവതരിച്ചു എന്നാണ് വിശ്വാസം. അതിന് ശേഷം ഈ സ്ഥലം ഏറെക്കാലം കാടുപിടിച്ച് കിടന്നു. പിന്നീട് പരശുരാമൻ സ്ഥാപിച്ച 64 ഗ്രാമങ്ങളിലൊന്നായിരുന്ന ശോണാദ്രി (ചെങ്കുന്നൂർ) ആണ് ചെങ്ങന്നൂർ ആയി മാറിയത്. മറ്റ് ഭഗവതി ക്ഷേത്രങ്ങളെപ്പോലെ പുലയരുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം ഈ ക്ഷേത്രത്തിനും ഉണ്ട്. ഒരു പുലയസ്ത്രീ കാട്ടിൽ പുല്ല് ചെത്താൻ പോയപ്പോൾ കല്ലിൽ അരിവാൾ ഉരച്ചപ്പോൾ രക്തം കണ്ട് പരിഭ്രാന്ത്രയായി വിവരം വഞ്ഞിപ്പുഴ തമ്പുരാനെ അറിയിക്കുകയും അദ്ദേഹം താഴമൺ പോറ്റിയുമായി വന്ന് അത് ഒരു ശിവലിംഗമാണ് എന്ന് മനസ്സിലാക്കി അവിടെ മുപ്പത്താറ്പറ നെയ്യ് കൊണ്ട് അഭിഷേകം നടത്തുകയും ചെയ്തു എന്ന കഥയാണ് അത്.

മറ്റൊരു രസകരമായ ഐതിഹ്യം ചെങ്ങനൂർ അമ്മ അരയസമുദായത്തിൽപ്പെട്ട ഒരു സ്ത്രിയായിരുന്നു എന്നതാണ്. മഹാദേവന്റെ ശാപത്താൽ ശ്രീ പാർവ്വതി ഒരു മുക്കുവ കുടുംബത്തിൽ ജനിച്ചുവെന്നും പരമശിവൻ ഒരു മുക്കുവന്റെ വേഷത്തിൽ ശ്രീ പാർവ്വതിയെ വിവാഹം കഴിച്ചെന്നും ഒരു കഥയുണ്ട്. ശ്രീ പാർവ്വതി മുക്കുവത്തിയായി ജനിച്ചത് കൊല്ലം ജില്ലയിലെ ആലപ്പാട് എന്ന ഗ്രാമത്തിലാണ് (മാതാ അമൃതാനന്ദമയിയുടെ ജന്മനാട്) എന്നാണ് ആ നാട്ടുകാരുടെ വിശ്വാസം. ആ ഓർമ്മക്കായി ശിവരാത്രി ദിവസം ആലപ്പാട്ടെ അരയന്മാർ സ്ത്രീധനം എന്ന വിശ്വാസത്തിൽ ഒരു പണക്കിഴിയുമായി ചെങ്ങന്നൂർ ക്ഷേത്രത്തിൽ എത്തി സമർപ്പിക്കുന്ന പരിശംവയ്പ് എന്ന ചടങ്ങ് ഇന്നും നടക്കുന്നു. ഇവിടെ അടിസ്ഥാനവർഗ്ഗത്തിന് ക്ഷേത്രവുമായുള്ള പൂർവ്വ ബന്ധത്തിന് ഈ കഥകൾ തെളിവാണ്.

ഇവിടുത്തെ ദേവി തൃപ്പൂത്താവുന്നു (രജസ്വല) എന്നതാണ് ഈ ക്ഷേത്രത്തിലെ പ്രത്യേകത. രണ്ട് കൈകളുള്ള ദേവിയുടെ പഞ്ചലോഹ വിഗ്രഹം പെരുന്തച്ചനാണ് കൊണ്ടുവന്നത് എന്നാണ് ഐതിഹ്യം. കട്ടി കുറഞ്ഞ നേരിയതാണ് ദേവിക്ക് ചാർത്തുക. ദേവി രജസ്വലയായതിന്റെ ലക്ഷണം ദേവിയുടെ ഉടയാടയിൽ കണ്ടാൽ തന്ത്രി താഴമൺ മഠത്തിലെ അന്തർജനങ്ങളാണ് അത് സ്ഥിരീകരിക്കുക. ദേവി തൃപ്പൂത്തായെന്ന് സ്ഥിരീകരിച്ചാൽ നടയടച്ച് ദേവീചൈതന്യത്തെ വലിയ ബിംബത്തിൽ നിന്ന് ബലിബിംബത്തിലേക്ക ആവാഹിച്ച് മാലിപ്പുരയിൽ ചക്കനാട്ട് കുറുമ്പാട്ട് എന്നീ ഭവനങ്ങളിലെ സ്ത്രീകൾ കൂട്ടിരിക്കും. ഈ ദിവസങ്ങളിൽ അഭിഷേകമില്ല. ക്ഷേത്രത്തിലെ കാരാണ്മ ശാന്തിക്കാർ പൂജിക്കയുമില്ല നാലാം ദിനം ആറാട്ട് കഴിഞ്ഞ് കുളിക്കടവിൽ എഴുന്നള്ളിച്ച് ഇരുത്തി എണ്ണ ആടലും മണ്ണാത്തി (വേലത്തി) മാറ്റ് ചാർത്തലും കഴിഞ്ഞ് തിരിച്ചെഴുന്നള്ളി വരുമ്പോൾ ശിവൻ സ്വീകരിക്കാൻ എഴുന്നള്ളിച്ചു നിൽക്കും. കേണൽ മണ്റോ തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ ഭരിക്കുന്ന സമയത്ത് ഈ വിധത്തിലുള്ള തൃപ്പൂത്ത് ഉത്സവത്തിനുള്ള ചെലവുകൾ അന്ധവിശ്വാസമാണ് എന്ന് പറഞ്ഞ് നിർത്താൻ തീരുമാനിച്ചെങ്കിലും തുടർന്ന് മണ്റോയുടെ പത്നിക്ക് നിർത്താതെയുള്ള രക്തസ്രാവം ഉണ്ടായപ്പോൾ ഇത് ദേവീ കോപമാണെന്ന് ധരിച്ചു ഈ ചെലവ് പുനസ്ഥാപിക്കുകയും ദേവിക്ക് ചാർത്താൻ വിശിഷ്ടഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തതായി പഴയ രേഖകളിൽ കാണാം. തളിപ്പറമ്പ് ക്ഷേത്രവുമായി ചെങ്ങന്നൂർ ക്ഷേത്രത്തിന് ചില ബന്ധങ്ങൾ പ്രാചീനകാലം മുതൽ ഉണ്ട്. മേൽശാന്തി തളിപ്പറമ്പ് ഗ്രാമക്കാരനായിരിക്കണം എന്ന ഒരു വ്യവസ്ഥയുണ്ട് . ഇവിടെ തൊഴുന്നവർ തളിപ്പറമ്പ് രാജരാജേശ്വരനെ സങ്കൽപ്പിച്ച് നമസ്കരിക്കണമെന്നും ഒരാചാരമുണ്ട്

ധനുമാസത്തിൽ തിരുവാതിരക്ക് കൊടിയേറി മകരത്തിലെ തിരുവാതിരക്ക് അവസാനിക്കുന്ന ഇരുപത്തിഎട്ട് ദിവസത്തെ ഉത്സവമാണ് ഇവിടെ18 ദിവസം ചെറിയ ഉത്സവം പത്ത് ദിവസം വലിയ ഉത്സവം എന്നതായിരുന്നു കണക്ക്. ക്ഷേത്രത്തിന്റെ മുന്നിലുണ്ടായിരുന്ന അണ്ഡാകൃതിയിലുള്ള കൂത്തമ്പലം കത്തിപ്പോയി. ഇപ്പോഴും അതിന്റെ അടിത്തറ മാത്രം കാണാം.

**കടമ്മനിട്ട ഭഗവതിക്ഷേത്രം.**

പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ട പടയണി കൊണ്ട് പ്രസിദ്ധമാണ് കടമ്മനിട്ട ക്ഷേത്രം. കടമ്പിൻ തിട്ടയിൽ ഭഗവതി വസിച്ചത് കൊണ്ട് കടമ്മനിട്ട ആയി എന്ന് പുരാവൃത്തം. കാഞ്ഞിരപ്പാറ, കോട്ടപ്പാറ, തലപ്പാറ, നടുവത്ത് പാറ തുടങ്ങിയ നാലു മലകൾക്കിടയിലാണ് കടമ്മനിട്ടക്കാവ്. ഇവക്കിടയിൽ ഐക്കാവ്, പറയൻകാവ്, ഉൻകാവ്, മുൻകാവ്, മേലേക്കാവ്, ഇളങ്കാവ് തുടങ്ങി നിരവവധി കുടുംബക്കാവുകളും ഇതിനും ചുറ്റും ഉണ്ട്. അതിനാൽ നിരവധി കാവുകളുടെ മധ്യത്തിലാണ് ഈ കാവ്. കടമ്മനിട്ട ഭഗവതി മലയാലപ്പുഴ ഭഗവതിയുടെ സഹോദരി സ്ഥാനത്താണ് എന്നാണ് വിശ്വാസം. ഇവിടുത്തെ പ്രധാന വഴിപാട് പടയണിയാണ് മേടമാസത്തിൽ പത്ത് ദിവസമാണ് പടയണി. പ്രശസ്ത കവി കടമ്മനിട്ട രാമകൃഷ്ണന്റെ പടയണിപ്പാട്ടുകളുടെ താളത്തിലുള്ള കവിതകളുടെ പ്രചാരവും ആധുനിക കാലത്ത് കടമ്മനിട്ട ക്ഷേത്രത്തിനും പടയണിക്കും ഏറെ പ്രചാരമുണ്ടാക്കിയിട്ടുണ്ട്. നിരവധി ക്ഷേത്രങ്ങളിൽ പടയണി ഉണ്ടെങ്കിലും കടമ്മനിട്ട പടയണിയുടെ ആലാപന ശൈലി തികച്ചും വ്യത്യസ്തമാണ്. സുന്ദരയക്ഷി, കുറത്തി പരദേശി , ആഴി അടവി, നായാട്ടുംപടയും, 101 പാള ഭൈരവി, കാഞ്ഞിരമാല തുടങ്ങിയവയാണ് പ്രധനാ പടയണിക്കോലങ്ങൾ. മേടം ഒന്നിന് ആരംഭിക്കുന്ന പടയണി ഉത്സവത്തിന് എട്ടാം ദിവസമാണ് വലിയ പടയണി. അന്ന് എല്ലാ കോലങ്ങളും ഇറങ്ങും. കടമ്മനിട്ട പടയണി ശൈലി സംരക്ഷിക്കാനും പ്രചരിപ്പിക്കാനും കേന്ദ്ര ടൂറിസം വകുപ്പിന്റെ

സഹകരണത്തോടെ കടമ്മനിട്ട പടയണി കേന്ദ്രം ഇവിടെ പ്രവർത്തിക്കുന്നു ഇവിടെ പടയണി ചുവടുകൾ തപ്പ് മേളം പടയണിപ്പാട്ടുകൾ ചെണ്ട വേലകളി തുടങ്ങിയവ പരിശീലിപ്പിക്കുന്നു. കവി കടമ്മനിട്ടയുടെ സഹോദരൻ കടമ്മനിട്ട വാസുദേവൻ പിള്ളയും ഇവിടുത്തെ ആശാന്മാരിൽ ഒരാളായിരുന്നു. പ്രാചീന ഗോത്ര സംസ്കൃതിയുടെ ഒരു പ്രധാന കേന്ദ്രമായിരുന്നു കടമ്മനിട്ട

**കൊറ്റൻകുളങ്ങര ഭഗവതിക്ഷേത്രം**

കൊല്ലം ജില്ലയിൽ ചവറക്കടുത്ത് കൊറ്റൻകുളങ്ങര ഭഗവതി ക്ഷേത്രം പുരുഷന്മാർ സ്ത്രീവേഷം കെട്ടി ചമയവിളക്ക് എടുക്കുന്നതിലൂടെ പ്രസിദ്ധമാണ്. പ്രധാന മൂർത്തി സ്വയംഭൂവാണ്. പണ്ട് കാലത്ത് ഇവിടെ വനമായിരുന്നു. ഇന്നത്തെ ക്ഷേത്രത്തിനടുത്ത് ഒരു കുളമുണ്ടായിരുന്നു അതിന്റെ തീരത്ത് കളിച്ച് കൊണ്ടിരുന്ന കുട്ടികൾക്ക് ഒരു നാളികേരം കിട്ടി. അവർ അത് ഒരു കല്ലിന്റെ മുകളിൽ വച്ച് പൊളിക്കാൻ ശ്രമിച്ചപ്പോൾ ഒരു ഇരുമ്പുകഷണം കല്ലിൽ തട്ടി രക്തപ്രവാഹമുണ്ടായി. കുട്ടികൾ ഭയപ്പെട്ട് അടുത്തുള്ള ഭവനങ്ങളിൽ അറിയിച്ച് അവർ വന്ന് ദേവീസാന്നിദ്ധ്യം മനസ്സിലാക്കി ക്ഷേത്രം പണിതു എന്നാണ് ഒരു ഐതിഹ്യം. ഇത് കേരളത്തിൽ ദേവീ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് സാധാരണമായ ഒരു കഥയാണ്. കേരളത്തിൽ ജീവിച്ചിരുന്ന പ്രാചീന ജനതയുടെതായിരുന്നു പഴയ ക്ഷേത്രസങ്കേതങ്ങൾ എന്നതുമായി ബന്ധപ്പെട്ട ഒരു പൊതു കഥയായി ഇതിനെ കണക്കാക്കാം.

കണിച്ചുകുളങ്ങര നിന്നും വന്നെത്തിയവരാണ് ഇത് പ്രതിഷ്ഠിച്ചത് എന്നും ഒരു വിശ്വാസം നിലവിലുണ്ട്. ഇവിടത്തെ പ്രധാന ഉത്സവമായ ചമയവിളക്ക് മീനത്തിലെ പത്ത് പതിനൊന്ന് തീയതികളിലാണ്. സ്ത്രീവേഷത്തിൽ ചമയവിളക്കെടുക്കുന്നതിന് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് ബാലന്മാരും യുവാക്കളും എത്തിച്ചേരുന്നു. ഉദ്ദിഷ്ടകാര്യ സിദ്ധിക്കാണ് ചമയവിളക്ക് എടുക്കുന്നത്. ദീപാരാധനക്ക് ശേഷം പുറത്തേക്ക് ആനപ്പുറത്ത് എഴുന്നള്ളുന്ന ഭഗവതിയെ ചമയവിളക്കേന്തി അകമ്പടി സേവിക്കുന്നു. സ്വയംഭൂവായ വിഗ്രഹത്തോടുകൂടിയ ശ്രീ കോവിലിന് മേൽക്കൂരയില്ലാത്തതിനാൽ ഭഗവതി മഴയും വെയിലുമേറ്റാണ് ഇരിക്കുന്നത്

**മലയാലപ്പുഴ ഭഗവതി ക്ഷേത്രം**

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഭഗവതി ക്ഷേത്രം ആ ജില്ലയിലെ ഏറ്റവും പ്രസിദ്ധമായ ഒരു ക്ഷേത്രമാണ്. വേതാളത്തിന്റെ പുറത്ത് രൗദ്രഭാവത്തിൽ ഇരിക്കുന്ന കടുശർക്കരയോഗത്തിലുള്ള അഞ്ചര അടി ഉയരമുള്ള വിഗ്രമാണ് ഇവിടുത്തേത്. കാടു വെട്ടിത്തെളിക്കുമ്പോൾ ശിലയിൽ ചോര കണ്ട കഥ ഈ ക്ഷേത്രത്തിന്റെ പുരാവൃത്തത്തിലും കേൾക്കാം. തിരുവഞ്ചിക്കുളം ക്ഷേത്രത്തിലേത് പോലെ നിത്യവും പൂക്കുന്ന കണിക്കൊന്ന ഇവിടുത്തെ ഒരു സവിശേഷതയാണ്. ക്ഷേത്രത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് ശിവക്ഷേത്രവും ഉണ്ട്. ഈ ശിവക്ഷേത്രത്തിന് സമീപമാണ് പൂത്ത് നിൽക്കുന്ന കൊന്ന. പാർവ്വതിയുടെ മടിയിലിരിക്കുന്ന ഗണപതിയാണ് ഇവിടെ സവിശേഷമായ ഒരു ഉപദേവപ്രതിഷ്ഠ.

ഭക്തന്മാരായ രണ്ട് നമ്പൂതിരിമാർ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ പോയി ദീർഘകാലം ഭജനമിരുന്നു. അവരുടെ കൂടെ ഒരു ദേവീവിഗ്രഹം എപ്പോഴും ഉണ്ടാകും. നിങ്ങളുടെ കൂടെയുള്ള ഭഗവതി വിഗ്രഹത്തിൽ എന്റെ സാന്നിദ്ധ്യം ഉണ്ടാകും എന്ന് ദേവി സ്വപ്നത്തിൽ അറിയിച്ചു. വാർദ്ധക്യം മൂലം അവർ യാത്ര ചെയ്യാൻ പറ്റാതെ വന്നപ്പോൾ ദേവി തന്റെ വിഗ്രഹം പ്രതിഷ്ഠക്ക് പറ്റിയ സ്ഥലം മലയാലപ്പുഴയാണെന്നും അവിടെ പ്രതിഷ്ഠിച്ചാൽ താൻ ഭക്തജനങ്ങളുടെ ആഗ്രഹങ്ങൾ നിവർത്തിച്ച് അനുഗ്രഹങ്ങൾ നിവർത്തിച്ച് കൊള്ളാമെന്നും സ്വപ്നദർശനത്തിൽ പറഞ്ഞുവെന്നുമാ

ണ് ഒരു കഥ. പ്രതിഷ്ഠ നടന്നത് രാത്രിയിലായതിനാൽ മഹാകാളി ഭാവത്തിനാണ് പ്രാധാന്യം. ഭദ്രകാളി സങ്കൽപ്പമാണ് മുഖ്യമെങ്കിലും മഹാകാളി മഹാലക്ഷ്മി മഹാസരസ്വതി എന്നീ ഭാവങ്ങൾ മലയാലപ്പുഴ ഭഗവതിയിൽ ഒന്നിച്ച് ചേർന്നിരിക്കുന്നു എന്നാണ് വിശ്വാസം.

പ്രാർത്ഥിച്ചാൽ സർവ്വാഭീഷ്ടദായകിയാണ് അമ്മ എന്നാണ് വിശ്വാസം. അത് കൊണ്ട് തന്നെ ഇവിടെ വലിയ ഭക്തജനപ്രവാഹം ഈ ക്ഷേത്രത്തിലേക്ക് ഉണ്ട്.

**ശാർക്കര ഭഗവതിക്ഷേത്രം.**

തിരുവിതാം കൂറിലെ പ്രസിദ്ധമായ ശാർക്കര ഭഗവതിക്ഷേത്രം ചിറയിൻ കീഴിലാണ്. കൊടുങ്ങല്ലൂർ ക്ഷേത്രവുമായി ഈ ക്ഷേത്രത്തിന് ബന്ധമുണ്ടെന്ന് ഒരു വിശ്വാസമുണ്ട്. ഈ ക്ഷേത്രത്തിന്റെ പേരിന് കൊടുങ്ങല്ലൂർ ശാർക്കര കോവിലകവുമായി ഈ ക്ഷേത്രത്തിന് ബന്ധമുണ്ടെന്ന് ഒരു കഥ ഈ വിശ്വാസത്തെ ബലപ്പെടുത്തുന്നു. മറ്റൊരു കഥ പ്രചാരത്തിലുള്ളത് ഒരു ദിവസം യാത്രക്കിടെ ശർക്കര വ്യാപാരികൾ ഇവിടെ ഒരു രാത്രി വിശ്രമിച്ചു. പിറ്റേന്ന് രാവിലെ യാത്ര തുടരാൻ നോക്കിയപ്പോൾ ശർക്കര കുടങ്ങൾ ഉറച്ച് പോയിരിക്കുന്നു. ആ സമയത്ത് എത്തിയ വില്വമംഗലം അവിടെ ദേവീചൈതന്യം ഉണ്ടെന്ന് കണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ക്ഷേത്രം പണിതു എന്നുമാണ് അത്. പക്ഷേ കൊടുങ്ങല്ലൂർ ബന്ധത്തിനാണ് വിശ്വാസ്യത കൂടുതൽ

കാളിയൂട്ട് അഥവാ കാളീനാടകം ഈ ക്ഷേത്രത്തിലെ പ്രശസ്തിക്ക് കാരണമായ ഒരു ആഘോഷമാണ്. കുംഭ മാസത്തിലാണ് കാളിയൂട്ട് ഉത്സവം നടക്കുന്നത്. കാളി ദാരിക കഥയുടെ നാടകീയമായ ആവിഷ്കാരമാണ് കാളിയൂട്ടിന്റെ പ്രധാന ഭാഗം. 1748-ൽ തിരുവിതാംകൂർ രാജാവായിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രാജാവാണ് ഈ ഉത്സവം ആരംഭിച്ചത്. ജനങ്ങളെ ബുദ്ധിമുട്ടിച്ച് കൊണ്ടിരുന്ന ദാരികനെ മുടിയേറ്റിലേത് പോലെ കാളി നിഗ്രഹിക്കുന്നതാണ് ഈ നാടകത്തിന്റെ കഥാതന്തു. കാളിയൂട്ടിന്റെ തലേന്ന് ദേവി ദാരികനെ അന്വേഷിച്ച് ദേവി എല്ലാ കരകളിലും പോകുന്നതാണ് മുടിയുഴിച്ചിൽ. അന്ന് ദാരികനെ പോരിന് വിളിക്കുകയും അതനുസരിച്ച് പിറ്റേന്ന് ക്ഷേത്ര മൈതാനത്ത് നിലത്തിൽ പോരു നടത്തുകയും ദാരികനെ വധിച്ച് ഈ വിവരം കൈലാസത്തിൽ പോയി പരമശിവനോട് പറയുകയും ചെയ്യുന്നതോടെ കാളിയൂട്ട് അവസാനിക്കുന്നു. കാളിയൂട്ട് ഉത്സവം ആരംഭിച്ചാൽ ആദ്യത്തെ ഒമ്പത് ദിവസം സാമൂഹ്യ അനാചാരങ്ങളെ കളിയാക്കുന്ന ചില രംഗങ്ങളോടെ കാളി നാടകം തുടങ്ങും ഒമ്പതാം ദിവസം കാളി ദാരിക യുദ്ധദിവസം നാടകം പുലരും വരെ നീളും. വെള്ളാട്ടം കളി, കുരുത്തോലയാട്ടം, നാരദൻ പുറപ്പാട്, നായർ പുറപ്പാട്, ഐരാണിപ്പറ പുറപ്പാട്, കണിയാരും കുറുപ്പും പുറപ്പാട്, പുലയർ പുറപ്പാട്, മുടിയുഴിച്ചിൽ, നിലത്തിൽപ്പോരു (കാളിയൂട്ട്) തുടങ്ങിയവയാണ് ഒമ്പത് ദിവസത്തെ ചടങ്ങുകൾ. അവസാന ദിവസമാണ് കാളി ദാരികയുദ്ധം നടക്കുന്ന നിലത്തിൽപ്പോര്. അതിനായി 22 കോൽ 16 അംഗുലം പൊക്കമുള്ള നാലു തെങ്ങുകൾ 12 അടി 8 ദീർഘചതുരത്തിൽ കുഴിച്ച് തട്ട് കെട്ടി തട്ടിൽ ദേവിക്ക് പൂജയും എഴുത്തള്ളിപ്പും നടത്തും. ഇതിന് 52 കോൽ തെക്ക് ഭാഗത്തായി ദാരികന് 52 കോൽ തെക്ക് ഭാഗത്തായി കവുങ്ങിൻ തടിയിൽ ചെറിയ തട്ട് ഒരുക്കും. ഈ തട്ടിൽ കയറി നിന്ന് കാളിയും ദാരികനും പരസ്പരം പോര് വിളിച്ച് കൊണ്ടുള്ള തോറ്റം കഴിഞ്ഞ് തട്ടിൽ നിന്ന് ഇറങ്ങിയാണ് നിലത്തിൽ പോര് എന്ന കാളീദാരികയുദ്ധം. ആകാശത്തിലും ഭൂമിയിലും വച്ച് യുദ്ധം ചെയ്യുന്നു എന്ന് സങ്കൽപ്പം. പതിനായിരക്കണക്കിന് ഭക്തർ കാളിയൂട്ട് കാണാൻ ഈ ക്ഷേത്രത്തിൽ എത്തിച്ച് ചേരാറുണ്ട്. വെള്ളായണി ഭഗവതി ക്ഷേത്രത്തിലും കാളിയൂട്ട് നടത്താറുണ്ട്.

**ആറ്റുകാൽ ഭഗവതിക്ഷേത്രം.**

ഇന്ന് കേരളത്തിലെ പ്രധാനപ്പെട്ട ദേവീ ക്ഷേത്രങ്ങളിലൊന്നാണ് ആറ്റുകാൽ ക്ഷേത്രം. ആറ്റുകാൽ ക്ഷേത്രത്തിന് ഈ പ്രശസ്തിക്ക് കാരണമായത് കുംഭമാസത്തിലെ പൊങ്കാല ഉത്സവമാണ്. ഇന്ന് മുപ്പത് ലക്ഷത്തോളം പേർ പങ്കെടുക്കുന്ന പൊങ്കാല ഏറ്റവുമധികം സ്ത്രീകൾ പങ്കെടുക്കുന്ന ഉത്സവം എന്ന നിലക്ക് ഗിന്നസ് ബുക്കിൽ ഇടം തേടിയിട്ടുണ്ട്.

പ്രസിദ്ധങ്ങളായ മറ്റ് പല ഭഗവതി ക്ഷേത്രങ്ങളെയും പോലെ കൊടുങ്ങല്ലൂരുമായി ബന്ധപ്പെട്ടതാണ് ഈ ക്ഷേത്രവും. ആറ്റുകാലിലെ മുല്ലക്കൽ തറവാട്ടിലെ ഒരു കാരണവർ കിള്ളിയാറ്റിൽ കുളിച്ചു കൊണ്ടിരുന്നപ്പോൾ ഒരു ചെറിയ പെൺകുട്ടി വന്ന് അക്കര കടത്തിത്തരാമോ എന്ന് ചോദിച്ചു. അദ്ദേഹം പുഴയിൽ ഒഴുക്കുണ്ടെങ്കിലും കുട്ടിയെ തന്റെ തോളത്ത് കയറ്റി മറുകര എത്തിച്ചു. ആ കുട്ടിയോട് ഇഷ്ടം തോന്നി വീട്ടിൽ കൊണ്ടുപോയി താമസിപ്പിക്കാമെന്ന് അദ്ദേഹം കരുതിയെങ്കിലും കുട്ടി പെട്ടെന്ന് അപ്രത്യക്ഷയായി. അന്ന് രാത്രി ഭഗവതി സ്വപ്നത്തിൽ വന്ന് ഞാൻ കുട്ടിയായി വന്നപ്പോൾ നീ അറിഞ്ഞില്ല ഞാൻ അടയാളപ്പെടുത്തിയ സ്ഥാനത്ത് നീ ക്ഷേത്രം പണിത് ആരാധിക്കണം എന്ന് ആവശ്യപ്പെട്ടു. പിറ്റേന്ന് കാരണവർ ശൂലത്തിൽ രേഖപ്പെടുത്തിയ മൂന്ന് രേഖകൾ കണ്ട് അവിടെ ക്ഷേത്രം പണിത് ഭഗവതിയെ പ്രതിഷ്ഠിച്ചു. ഈ ബാലിക കൊടുങ്ങല്ലൂരമ്മയാണ് എന്നാണ് വിശ്വസിക്കുന്നത്. വേതാളപ്പുറത്തിരിക്കുന്ന പള്ളിവാൾ തൃശൂലം പരിച പാനപാത്രം എന്നിവ ധരിച്ച ഭദ്രകാളീരൂപത്തിലാണ് പ്രതിഷ്ഠ. പൊങ്കാലയോടനുബന്ധിച്ച് നടത്തുന്ന തോറ്റം പാട്ടിൽ പാണ്ഡ്യരാജാവ് ഭഗവതി രൂപത്തിൽ കണ്ണകിയാൽ വധിക്കപ്പെടുന്ന കണ്ണകിയുടെ കഥയാണ് പാടുന്നത് എന്നത് ഈ കൊടുങ്ങല്ലൂർ ബന്ധത്തെ വ്യക്തമാക്കുന്നു. പാണ്ഡ്യരാജശിരസ്സുമായി കൈലാസത്തിൽ എത്തുന്ന ശക്തി സ്വരൂപിണിയായ അമ്മയുടെ അനുഗ്രഹത്തിനായാണ് പൊങ്കാല എന്നാണ് വിശ്വാസം.ആറ്റുകാൽ പൊങ്കാലക്ക് ഭഗവതി കൊടുങ്ങല്ലൂരിൽ നിന്ന് വരുന്നു എന്നാണ് സങ്കൽപ്പം.

ആറ്റുകാൽ പൊങ്കാൽ കുംഭമാസത്തിലെ കാർത്തികക്ക് ഓലപ്പുര കെട്ടി പത്താം ദിവസം ഉത്രം നാളിൽ ഗുരുതിയോടെ അവസാനിക്കുന്നു. ഒമ്പതാം നാളിലാണ് പൊങ്കാല. ക്ഷേത്രത്തിന് ചുറ്റും പത്ത് കി. മീറ്ററിന് ഉള്ളിൽ ഉള്ള മുഴുവൻ ഒഴിഞ്ഞ സ്ഥലങ്ങളും പൊങ്കാല അടുപ്പുകൊണ്ട് നിറയും. അടുപ്പുകൾക്ക് മീതെ പുഷ്പം വിതറുന്നത് വിമാനത്തിലാണ്. പൊങ്കാല നടക്കുന്ന മേഖലയിലേക്ക് പുരുഷന്മാർക്ക് പ്രവേശനം ഇല്ല. ക്ഷേത്രത്തിന് സമീപമുള്ള ഭണ്ഡാര അടുപ്പിൽ പൊങ്കാല നിവേദിച്ചാൽ ക്ഷേത്രത്തിലെ നൂറുകണക്കിന് പുരോഹിതന്മാർ പൊങ്കാല അടുപ്പുകളിൽ തീർത്ഥം തളിച്ച് നിവേദിക്കും.

കേരളത്തിലെ പ്രസിദ്ധങ്ങളായ ചില ശാക്തേയ ക്ഷേത്രങ്ങളെപ്പറ്റി മാത്രമേ ഈ പരമ്പരയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. നൂറ്റി എട്ട് ദുർഗ്ഗാലയങ്ങളെ കൂടാതെ നൂറുകണക്കിന് പ്രസിദ്ധങ്ങളായ ദേവീ ക്ഷേത്രങ്ങളും കേരളത്തിലുണ്ട്. ഓരോ ഗ്രാമത്തിലും ഗ്രാമ പരദേവതകളെക്കൂടാതെ മറ്റ് നിരവധി ഭഗവതി ക്ഷേത്രങ്ങളും കുടുംബ പരദേവതകളും ഉണ്ട്. അതെല്ലാം ഈ ലഘു ലേഖന പരമ്പരയിൽ ഉൾപ്പെടുത്തുക അസാധ്യമാണല്ലോ? പല പേരുകളിൽ അറിയപ്പെട്ടാലും അടിസ്ഥാനപരമായി ഇവയിൽ ബഹുഭൂരിപക്ഷവും ഭദ്രകാളി ക്ഷേത്രങ്ങൾ തന്നെയാണ്. ഇവയിൽ ധാരാളം ക്ഷേത്രങ്ങൾ കൊടുങ്ങല്ലൂരുമായി ബന്ധപ്പെട്ടതാണ് താനും.

കേരളത്തിന്റെ അടിസ്ഥാന ആരാധനാ മൂർത്തി സാക്ഷാൽ ഭദ്രകാളി ആണെന്ന് കേരളത്തിന്റെ ശാക്തേയ പാരമ്പര്യം തെളിയിക്കുന്നു.

(ഈ പരമ്പര അവസാനിച്ചു ) ■

## എറണാകുളം കരയോഗം ഭരണസമിതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വിവിധ ഉപസമതികൾ 2025-2026 വർഷത്തേക്ക് രൂപീകരിക്കപ്പെട്ടു. ഉപസമതികളുടെ പേരും കൺവീനർമാരുടെ പേരും ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1. അപ്പീൽ കമ്മിറ്റി | - | ജസ്റ്റിസ് (റിട്ട.) കെ. ടി. ശങ്കരൻ (കൺവീനർ) | - | 9447090108 |
| 2. പരാതി പരിഹാരസെൽ | - | അഡ്വ. പി. സുരേഷ് മേനോൻ (കൺവീനർ) | - | 9446467650 |
| 3. നിയമ ഉപദേശക സമിതി | - | അഡ്വ. ശ്യാം കുമാർ സി. ആർ (കൺവീനർ) | - | 9446565361 |
| 4. ചൈത്രം | - | ഭവാനി കെ (കൺവീനർ) | - | 9895071101 |
| 5. പ്രോജക്ട് കമ്മിറ്റി | - | ശ്രീകുമാരൻ ടി. പി. (കൺവീനർ) | - | 9847911377 |
| 6. പ്രശാന്തി ഹോസ്റ്റൽ & ഹോം ഫോർ ദ് ഏജ്ഡ് | - | സുധ കൃഷ്ണകുമാർ (കൺവീനർ) | - | 9544629588 |
| 7. ജീവകാരുണ്യ/സാമൂഹ്യ പ്രവർത്തനങ്ങൾ | - | കെ. ജനാർദ്ദനൻ (കൺവീനർ) | - | 9745007187 |
| 8. കരയോഗസൗഹൃദം കമ്മിറ്റി | - | ശ്രീവല്ലഭൻ നായർ എം. (എഡിറ്റർ) | - | 9947736071 |
| 9. എറണാകുളം കരയോഗം കഥകളി ക്ലബ് | - | ശുഭ വിജയകുമാർ (കൺവീനർ) | - | 9446357315 |
| 10. ഹെൽത്ത് കമ്മിറ്റി | - | എം. ബാലചന്ദ്രൻ (കൺവീനർ) | - | 9349843097 |
| 11. സാംസ്കാരിക കമ്മിറ്റി | - | രാധാലക്ഷ്മി (കൺവീനർ) | - | 9447068757 |
| 12. എൽഡർ സിറ്റിസൺസ് ഫോറം | - | എസ്. ശ്രീകുമാർ (കൺവീനർ) | - | 9446517644 |
| 13. തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതിക്ഷേത്രം | - | പി. ഗിരിജാവല്ലഭൻ (കൺവീനർ) | - | 9447818431 |
| 14. നവരാത്രി കമ്മിറ്റി | - | രാജഗോപാൽ. കെ. (കൺവീനർ) | - | 9447665607 |
| 15. സ്റ്റാഫ് വെൽഫെയർ & ഗ്രീവൻസ് കമ്മിറ്റി | - | പി. രാമചന്ദ്രൻ (വേണു) (കൺവീനർ) | - | 9447053940 |
| 16. സ്റ്റാഫ് ഗ്രീവിയൻസ് കമ്മിറ്റി | - | എം. മുകുന്ദൻ (കൺവീനർ) | - | 9446095026 |
| 17. കുടുംബക്ഷേമ കേന്ദ്രം | - | മാലിനി ആർ. മേനോൻ (കൺവീനർ) | - | 9447015649 |
| 18. സാമ്പത്തിക ഉപദേശക സമിതി | - | സിഎ അനിൽ കെ. നായർ (കൺവീനർ) | - | 8714826460 |
| 19. വിമൻസ് ഫോറം | - | പ്രൊഫ. സി. സുമംഗലാ ദേവി (കൺവീനർ) | - | 9447785214 |
| 20. പരിസ്ഥിതി അവാർഡ് കമ്മിറ്റി | - | എസ്. ജയതിലകൻ (കൺവീനർ) | - | 9846042900 |
| 21. അംഗത്വ പരിശോധന കമ്മിറ്റി | - | അഡ്വ. എ. ബാലഗോപാലൻ (കൺവീനർ) | - | 9847039205 |
| 22. അതിഥി മന്ദിരം (ഗസ്റ്റ് ഹൗസ്) | - | മനോജ് ബി. നായർ (കൺവീനർ) | - | 9847273927 |
| 23. ആദ്ധ്യാത്മിക കമ്മിറ്റി | - | സരളകുമാരി. എൻ. ടി. (കൺവീനർ) | - | 9446207177 |
| 24. കരയോഗം മാര്യേജ് കമ്മിറ്റി | - | കെ. ടി. മോഹനൻ (കൺവീനർ) | - | 9947134381 |
| 25. പബ്ലിക് റിലേഷൻ | - | സജീവ്കുമാർ പാലാഴി (കൺവീനർ) | - | 9447170198 |
| 26. ഐ. ടി. സോഷ്യൽ മീഡിയ | - | സുനിൽകുമാർ മേനോൻ (കൺവീനർ) | - | 9447106840 |
| 27. ഇന്റേണൽ കമ്മിറ്റി | - | അഡ്വ. പാർവ്വതി സഞ്ജയ് | - | 9947011800 |
| 28. ഹെറിറ്റേജ് കമ്മിറ്റി | - | ഡോ. ബി. വേണുഗോപാൽ (കൺവീനർ) | - | 9871568309 |
| 29. സാഹിതി കമ്മിറ്റി | - | കെ. പി. അജിത്ത് കുമാർ (കൺവീനർ) | - | 9544527241 |
| 30. കരയോഗം മാംഗല്യ ട്രസ്റ്റ് | - | മുരളീധരൻ ആലപ്പാട്ട് (മാനേജിങ്ങ് ട്രസ്റ്റി) | - | 9447060693 |
| 31. എറണാകുളം കരയോഗം ചാരിറ്റബിൾ ട്രസ്റ്റ് | - | അഡ്വ. ശ്യാംകുമാർ (മാനേജിങ്ങ് ട്രസ്റ്റി) | - | 9446565361 |
| 32. എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റ് | - | പി. രാമചന്ദ്രൻ (വേണു) (മാനേജിങ്ങ് ട്രസ്റ്റി) | - | 9447053940 |
| 33. സെന്റിനറി ഓഫീസ് അഡ്മിനിസ്ട്രേഷൻ | - | ശ്രീകുമാർ. കെ (കൺവീനർ) | - | 9495716366 |

## എറണാകുളം കരയോഗം

# ഓണം വിപണനമേള 2025

**ടി. ഡി. എം. ഹാളിൽ ആഗസ്റ്റ് 21 വ്യാഴം മുതൽ സെപ്റ്റംബർ 4 വ്യാഴം വരെ**

2025 – ലെ ഓണത്തോടനുബന്ധിച്ചുള്ള ഓണം വിപണനമേള ആഗസ്റ്റ് മാസം 21 – ാം തീയതി രാവിലെ 10.30 – ന് ടി. ഡി. എം. ഹാളിൽ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. (ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ഈ വിപണന മേളയിൽ നിന്നും ലഭിക്കുന്നതാണ്.) എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

## തിരുവോണ – പ്രഥമനുകൾ , തിരുവോണ – സദ്യ

**(ചോറ് ഒഴികെ)**

വിഭവങ്ങൾ:– പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, പച്ചടി, കിച്ചടി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ അടങ്ങിയ **4 പേർക്കുള്ള സദ്യ കിറ്റൊന്നിന് 1500/– രൂപ**

പ്രഥമനുകൾ / സദ്യകിറ്റ് ഇവ മുൻകൂറായി ബുക്കു ചെയ്യുവാൻ ആഗസ്റ്റ് മാസം 29 മുതൽ സെപ്റ്റംബർ 2 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി. ഡി. എം ഹാളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവോണ ദിവസം (2025 സെപ്റ്റബർ 5 – ാം തീയതി) രാവിലെ 9 നും 10 നും ഇടയ്ക്ക് മാത്രമേ പ്രഥമനുകൾ / സദ്യകിറ്റ് ഇവയുടെ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് ഇവ ബുക്കു ചെയ്യുന്നവർ കൃത്യസമയത്ത് തന്നെ എത്തി പ്രഥമനുകൾ / സദ്യകിറ്റ് എന്നിവ ഏറ്റുവാങ്ങേണ്ടതാണ് എന്ന് അറിയിക്കുന്നു.

മാംഗല്യ ട്രസ്റ്റ്

**N.B:** വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.

# അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും തകർന്നടിയുന്ന സമ്പദ്വ്യവസ്ഥകളും

എൻ. രാജശേഖരൻ – 9895550719

(തുടർച്ച.....)

**ശാസ്താംകോട്ട ശുദ്ധജല താടാകം**

കേരളത്തിലെ ഏക ശുദ്ധജല താടാകമായ ശാസ്താംകോട്ട തടാകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ്. മാലിന്യങ്ങൾ കൊണ്ടും, മണ്ണൊലിപ്പ് കൊണ്ടും ജലവിസ്തൃതി കുറഞ്ഞ് ചുരുങ്ങി വരികയാണ്.

പുതിയ വീടുകൾക്ക് അനുവാദം നൽകുമ്പോൾ മഴവെള്ള സംഭരണികൾക്കുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ടോ എന്ന് കർശനമായി തന്നെ പരിശോധിക്കേണ്ടതും, മഴവെള്ള സംഭരണി ഏർപ്പെടുത്തേണ്ട കാര്യം നിഷ്കർഷിക്കേണ്ടതുമാണ്.

**ജല പുനരുപയോഗം**

പുനരുപയോഗ സാദ്ധ്യതയുള്ള മലിനജലം അതായത് ഗാർഹികമായോ വ്യാവസായികമായോ പുറത്തുകളയുന്ന മലിനജലം ശുദ്ധികരിച്ച് ഉപയോഗിക്കേണ്ടതാണ്.

● ബാത്ത്റും സിങ്കുകൾ, ഷവർ ഡ്രെനുകൾ, വാഷിങ് മെഷീനുകൾ, എന്നിവയിൽ നിന്നും പുറത്തുകളയുന്ന ജലം, പാത്രങ്ങൾ കഴുകുന്ന ജലം എന്നിവ പുനരുപയോഗിക്കാവുന്നതാണ്. ഇങ്ങനെയുള്ള ഗ്രേവാട്ടർ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കണം.

● കൂടാതെ, മുകളിൽ പറഞ്ഞ ഉപകരണങ്ങളിൽ നിന്ന് പുറത്തേക്ക് ഒഴുക്കുന്ന ഗ്രേവാട്ടർ ശുദ്ധികരിച്ച് വ്യവസായശാലകളിൽ കൂളിംങ് വാട്ടറായും, കൺസ്ട്രക്ഷൻ പ്രവർത്തനങ്ങളിലും, ടോയിലറ്റ് പ്ലഷിനും ഉപയോഗിക്കണം.

● കാലവസ്ഥാ മാറ്റങ്ങളെ തുടർന്ന് ഉണ്ടാകുന്ന ജലദൗർലഭ്യങ്ങളെ നേരിടാൻ ആഗോള തലത്തിൽതന്നെ ജല പുനരുപയോഗനയങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ചിലവ് കുറഞ്ഞ വാട്ടർ റീസൈക്ലീംങ് രീതികളെപ്പറ്റിയും ഗവേഷണങ്ങൾ നടന്നു വരുന്നു.

● ഉയർന്നു വരുന്ന ജല ഉപയോഗവും, അതിനനുസരിച്ചുള്ള ജലലഭ്യത ഇല്ലാതെ വരുന്നതുമായ ഈ പ്രത്യേക സാഹചര്യത്തിൽ ജല പുനരുപയോഗസാദ്ധ്യതകൾ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ്.

● അതിശക്തമായ മഴ, വെള്ളപൊക്കം, ചുഴലിക്കാറ്റ്, എന്നീ കാലാവസ്ഥാ ദുരന്തങ്ങൾ മലിനജലസംവിധാനത്തെ (Septic System), ശുദ്ധജല ലഭ്യതയെ ദോഷകരമായി ബാധിക്കുകയും, ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനിടയാക്കുകയും ചെയ്യും.

മലിനജല സംവിധാനങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ ഒരു പ്രധാന ഉറവിടമാണ്. വികസ്വരരാജ്യങ്ങളിൽ ഉപയോഗിക്കുന്ന ബ്ലാക്ക് വാട്ടർ, സെപ്റ്റിക് ടാങ്കുകൾ (ടോയിലറ്റ്, കിച്ചൻ, വേസ്റ്റലൈൻ) സൃഷ്ടിക്കുന്ന മീഥെയിൻ, കാർബൺഡൈ ഓക്സൈഡ് എന്നി ഹരിതഗൃഹ വാതകങ്ങളുടെ അളവ് വളരെ കൂടുതലാണ്. മലിനീകരണ തോത് കുറച്ച് പരിസ്ഥിതിയുമായി യോജിക്കുന്ന സെപ്റ്റിക് സിസ്റ്റങ്ങൾ പരീക്ഷണത്തിലാണ്.

ഇന്ത്യയിൽ മൊത്തം ലഭിക്കുന്ന മഴയുടെ ഏതാണ്ട് രണ്ടര ശതമാനത്തെക്കാൾ കുടുതൽ മഴയാണ് കേരളത്തിൽ ലഭിക്കുന്നത്. എന്നിട്ടും മഴ എപ്പോൾ നിൽക്കുന്നുവോ അപ്പോൾ തന്നെ ഇവിടെ വേനൽക്കാലം തുടങ്ങുകയാണ്. വേനൽക്കാലം രൂക്ഷമാകുന്നതോടെ ശുദ്ധജലക്ഷാമം ഉണ്ടാകുകയാണ്. എന്താണ് ഇതിന്റെ കാരണം? എന്താണ് പ്രതിവിധി? നമുക്ക് നോക്കാം.

**കാരണങ്ങൾ**

● വർദ്ധിച്ചുവരുന്ന ജനസംഖ്യ ഒരു പ്രധാന കാരണമാണ്.

● കേരളത്തിന്റെ കുത്തനെയുള്ള ഭൂപ്രകൃതി മറ്റൊരു കാരണമാണ്. മലപ്രദേശത്തുനിന്നും നദികൾ വളരെ വേഗം ഒഴുകി തീരപ്രദേശത്തെത്തുകയാണ്. ചെങ്കുത്തായ സ്ഥലത്ത് കൂടിയുള്ള ഈ ഒഴുക്ക് നദിയുടെ ഒഴുക്കിനെ ദ്രുതഗതിയിലാക്കുന്നു. ഇത്തരം ഭൂപ്രകൃതി മൂലം ജലം വാർന്നിറങ്ങി ഭൂഗർഭ ജലമാകാനുള്ള സാധ്യത ഇല്ലാതെ പോകുന്നു.

● കാലാവസ്ഥ മാറ്റങ്ങൾ ചിലപ്പൊഴൊക്കെ ശുദ്ധജലക്ഷാമം രൂക്ഷമാക്കിയേക്കും.

● വനനശീകരണം, മറ്റൊരു പ്രധാനകാരണമാണ്. വനകളുടെയും മരങ്ങളുടെയും സാന്നിദ്ധ്യത്താൽ ജലത്തിന്റെ ദ്രുതഗതിയിലുള്ള ഒഴുക്കിന് തടസ്സങ്ങൾ സൃഷ്ടിക്കുകയും ആത്യന്തികമായി സമുദ്രത്തിലേക്കുള്ള ഒഴുക്കിനെ മന്ദഗതിയിലാക്കുന്നു. ഇത് ഭൂമിക്കടിയിലേക്കുള്ള നീരൊഴുക്കിന് സാധ്യത സൃഷ്ടിക്കുന്നു.

● കണക്കനുസരിച്ച് 4500000-ൽ പ്പരം കിണറുകൾ, 44 നദികൾ, തോടുകൾ, ധാരാളം കുളങ്ങൾ, കായലുകൾ എന്നിവയെല്ലാം ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം വളരെ കൂടുതലാണ്, ശുദ്ധജലക്ഷാമത്തിന്റെ മറ്റൊരു കാരണം ശുദ്ധജലത്തിന്റെ ഉപയോഗം കുടുതലും, കാർഷികാവശ്യങ്ങൾക്ക് വേണ്ടിയാണ് എന്നതു തന്നെ

● നദിതടങ്ങളിലെ അശാസ്ത്രിയമായ മണൽ വാരൽ, ജലസമ്പത്തിന് വലിയൊരു ഭീഷണി തന്നെയാണ്.

● കൃഷിക്ക് വേണ്ടിയുള്ള രാസവള പ്രയോഗവും, കീടനാശിനികളുടെ അമിതമായ ഉപയോഗവും നദീജലത്തെ വളരെ കൂടുതലായി മലിനീകരണത്തിന് ഇടയാക്കിയിട്ടുണ്ട്.

**പരിഹാര മാർഗ്ഗങ്ങൾ**

● ജലം സംരക്ഷിക്കേണ്ട ചുമതല നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

നദികളിലൂടെയുള്ള ഒഴുക്കിനെ നിയന്ത്രിച്ച് നിർത്തുന്നതിന്, ചെറിയ തടയണകൾ നിർമ്മിക്കുന്നത് ശക്തിയായ ഒഴുക്കിനെ നിയന്ത്രിച്ചു നിർത്താൻ സഹായിക്കുന്നതാണ്. ഇവ ജലപ്രവാഹത്തെ കുറക്കുകയും, സമീപ പ്രദേശങ്ങളിലേക്കുള്ള ജലവാർച്ച വർദ്ധിക്കുന്നതിനിടയാക്കുന്നതാണ്. കൂടാതെ സമീപ സ്ഥലങ്ങളിലെ മണ്ണ് എപ്പോഴും ഈർപ്പമുള്ളതായി തീരുകയും ചെയ്യുന്നു, ഇതോടൊപ്പം ഭൂഗർഭ ജലശേഖരം വർദ്ധിക്കാനാണ് ഇടയാക്കുക.

● തടയണകൾ സൃഷ്ടിച്ചു ജലസംരക്ഷണം സാധ്യമാക്കുന്നത് കൊണ്ട് സമീപ പ്രദേശങ്ങളിലെ കുളങ്ങൾ, കിണർ, തോട്, എന്നിവടങ്ങളിൽ ജലനിരപ്പ് ഉയരുന്നതിനും അതുവഴി വരൾച്ച ഇല്ലാതാകുകയും ചെയ്യുന്നു.

● ബണ്ട് നിർമ്മാണവും ജലപ്രവാഹം മന്ദഗതിയിലാക്കുന്നതിനും ജലം സംഭരിച്ച് നിർത്തുന്നതിനും ഇടയാക്കും. തടയണകൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ ഗുണങ്ങളും ബണ്ട് നിർമ്മാണത്തിലും പ്രതീക്ഷിക്കാവുന്നതാണ്. കുന്നിൻ ചരുവുകളിലും, ചരിവ് കുറവുള്ള പ്രദേശങ്ങളിലും ബണ്ടുകൾ നിർമ്മിക്കാവുന്നതാണ്. ചരിവ് കുറവുള്ള സ്ഥലങ്ങളിലാണെങ്കിൽ നിരപ്പായ തട്ടുകൾ നിർമ്മിക്കാവുന്നതാണ്.

● കൃഷിക്കുവേണ്ടിയാണെങ്കിൽ മഴക്കുഴികൾ സ്ഥാപിച്ച് ജലം ഒഴുകിപ്പോകാതെ സംരക്ഷിക്കാവുന്നതാണ്.

● മഴക്കാലത്ത് മേൽക്കൂരയിൽ നിന്ന് താഴേക്ക് വീഴുന്ന മഴവെള്ളം, കിണറുകൾക്കടുത്ത് സ്ഥാപിച്ച മഴവെള്ള സംഭരണിയിൽ വന്നു പതിക്കാനുള്ള മാർഗ്ഗങ്ങൾ ജല സംരക്ഷണത്തിന് ഏറ്റവും നല്ല ഒരു ഉപാധിയാണ്. ഇത് ഗാർഹികാവശ്യങ്ങൾക്കും, അരിച്ചെടുത്ത് കുടിവെള്ളമായും ഉപയോഗിക്കാം.

● വെള്ളം ലഭിക്കാത്തതിനാൽ ഉപയോഗശൂന്യമായിക്കിടക്കുന്ന ധാരാളം കിണറുകളുണ്ട് നമ്മുടെ സംസ്ഥാനത്ത്. അവയിലെ ചെളി മാറ്റി മഴവെള്ളം സംഭരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

● നമ്മുടെ പുരയിടങ്ങളിൽ സർവ്വസാധാരണമായി ഉണ്ടായിരുന്ന കുളങ്ങൾ മിക്കവയും നികത്തി പോയിരിക്കുന്നു. ബാക്കിയുള്ള കുളങ്ങ

ളെങ്കിലും മഴക്ക് മുമ്പായി ചെളി നീക്കിയാൽ മഴവെള്ളം സംഭരിക്കാവുന്നതാണ്.

● കാർഷികാവശ്യങ്ങൾക്കായി സ്ഥാപിതമായിട്ടുള്ള പമ്പു സെറ്റുകളിൽ നിന്ന് രാപകലില്ലാതെ ജലം പമ്പ് ചെയ്ത് ഒഴുക്കി കളയരുത്. ഭൂമിയിലെ അമൂല്യമായ ഒരു സമ്പത്താണ് ജലമെന്നും, ജലമില്ലാതെ നമ്മുടെ ഭൂമിയിലെ ജീവിതം അസാദ്ധ്യമാണെന്നും മനസ്സിലാക്കി ജലം പാഴാക്കി കളയുന്ന പ്രവണത ഉടൻതന്നെ അവസാനിപ്പിക്കേണ്ടതാണ്.

● ഭൂഗർഭ ജലത്തിൽ തന്നെ നിരവധി കീടനാശിനികളുടെ അംശമുള്ളതായി കണ്ടെത്തി കഴിഞ്ഞിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

● നമ്മുടെ ചില വ്യവസായ ശാലകളിൽ നിന്ന് പുറത്തേക്കു വിടുന്ന മാലിന്യങ്ങൾ പെരിയാറിലേക്ക് ഒഴുക്കി വിടുകയാണ് ചെയ്യുന്നത്. ഇത് പെരിയാറിൽ മാത്രമല്ല ഇന്ത്യയിലെ മിക്ക നദികളിലും വ്യവസായ ശാലകളിലെ മാലിന്യങ്ങൾ പേറുന്നവയാണ്. ജലാശയങ്ങളിലേക്ക് അതിതീവ്ര തയുള്ള വിഷമാലിന്യങ്ങൾ ഒഴുക്കി വിടുകയാണ്, മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ വേണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കാറുണ്ടെങ്കിൽ കൂടി വ്യവസായ ശാലകൾ ഇതിലൊന്നും ശ്രദ്ധിക്കുകയോ നടപ്പാക്കുകയോ ചെയ്യുന്നില്ല എന്നതാണ് സത്യം. പുഴകളിൽ ജീവിക്കുന്ന നിരാശ്രയരായ ജലജീവികളെ നിഷ്കരുണം കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. മറ്റൊരു കൊടിയ വിപത്താണ് സഞ്ചാരികൾ ബോട്ടിൽ നിന്നും വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, വിസർജ്ജനവസ്തുക്കൾ എന്നിവ. ഈ പ്ലാസ്റ്റിക്കുകൾ സമുദ്രത്തിൽ എത്തിച്ചേരുന്നു. മറ്റു മാലിന്യങ്ങൾ നദികളിലും, ജലാശയങ്ങളിലും ലയിച്ച് മനുഷ്യന് തന്നെ കൊടിയ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**നെൽകൃഷിയുടെ തകർച്ച**

കേരളത്തിലെ നെൽകൃഷിയുടെ കേന്ദ്രങ്ങളായിരുന്ന കുട്ടനാടും, പാലക്കാടും ക്രമേണ മാറിക്കൊണ്ടിരിക്കുകയാണ്. കുട്ടനാട്ടിലെ നെല്ലുൽപ്പാദനത്തിൽ കാര്യമായി തന്നെ കുറവുണ്ടായിട്ടുണ്ട്. പാലക്കാട്ടെ സ്ഥിതിയും നിരാശാജനകമാണ്. ചെറുപ്പക്കാരാരും തന്നെ നെൽകൃഷിയിലേക്ക് കടന്നു വരുന്നില്ല. വാർദ്ധ്യകൃത്തിലേക്ക് കടന്ന കുറേപ്പേരുടെ തൊഴിലായി മാറി കഴിഞ്ഞ നെൽകൃഷി ഇല്ലാതാവാൻ കൂടുതൽ കാത്തിരിക്കേണ്ടതില്ല. നമുക്കാവശ്യമുള്ള അരി, ഗോതമ്പ്, മറ്റു ഭക്ഷ്യ വസ്തുക്കൾ, കോഴിമുട്ട ഉൾപ്പെടെയുള്ളവ അയാൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണല്ലോ? കാലാവസ്ഥാമാറ്റങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പാദനത്തിൽ കാര്യമായ കുറവുണ്ടാക്കുമ്പോഴാണ് വിലക്കയറ്റം, പൂഴ്ത്തിവെയ്പ് എന്നിവ തനിയെ തന്നെ ഉണ്ടാവുകയും സാധാരണക്കാരായ ആളുകളിൽ ദുരിതങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

നെൽകൃഷിയുടെ കാര്യത്തിൽ ഇപ്പോൾ ഉയർന്നു വന്നിട്ടുള്ള മറ്റൊരു പ്രതിസന്ധി ഗവണ്മെന്റുകളുടെ തികച്ചും നിരുത്തരവാദപരമായ പെരുമാറ്റമാണ്. നെല്ലിന്റെ തറവില നിശ്ചയിക്കുകയും കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് മുഴുവനായും തന്നെ വാങ്ങിക്കൊള്ളാമെന്ന് സർക്കാർ നൽകിയ ഉറപ്പും കേരളത്തിലെ നാമമാത്രമായ കർഷകരെ കുറച്ചൊന്നുമല്ല ആശ്വസിപ്പിച്ചിരുന്നത്. എന്നാൽ നെല്ലിന്റെ വിളവെടുപ്പ് കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ട് പോലും അവ സമയത്തിന് വാങ്ങാതെയും, വില നൽകാതെയും അനിശ്ചിതമായി നീട്ടികൊണ്ടു പോകുന്ന നിരവധി സംഭവങ്ങൾ കർഷകർക്ക് വലിയ പ്രതിസന്ധികളാണ് സമ്മാനിച്ചത്. ഇങ്ങനെയുള്ള സംഭവങ്ങൾ നെൽകൃഷിയിൽ നിന്ന് കർഷകരെ ആത്യന്തികമായി പിന്തിരിപ്പിക്കുന്നവയാണ്.

**പാട്ടക്കൃഷി**

ഭൂമി തരിശ്ശിടാതെയിരിക്കാൻ, പാട്ടക്കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമായി തീർന്നിരിക്കുന്നു. പാട്ടത്തിനു ഭൂമി ഏറ്റെടുത്ത്

നെൽകൃഷിയും മറ്റും നടത്തുന്ന കുറെ വ്യക്തികളും നമ്മുടെയിടയിലുണ്ട്. അവരെല്ലാം തന്നെ ഒരു വർഷത്തേക്ക് ഭൂഉടമയിൽനിന്നും ഭൂമി പാട്ടത്തിനെടുത്ത് കൃഷി നടത്തുന്നവരാണ്. പാട്ടത്തിന് ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്ന കർഷകർക്ക് ഒരു നിശ്ചിത കാലത്തേക്ക് കൃഷി നടത്തുന്നതിന് വേണ്ടി ഭൂമി വിട്ടു കൊടുക്കാനും അപ്രകാരമുള്ള പാട്ടക്കരാർ  നിയമ വിധേയമാക്കാനും വേണ്ട നടപടികൾ ഗവണ്മെന്റ് ഭാഗത്തുനിന്നും സ്വീകരിക്കേ ണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമുള്ള പാ ട്ടക്കരാർ നിലവിൽ വന്നാൽ കൂടുതൽ വ്യക്തികളും, പാടശേഖര സംഘങ്ങളും മുന്നോട്ടു വരുകയും, ഭൂമി തരിശിടുന്ന ഇപ്പോഴത്തെ ഏർപ്പാട് പരിപൂർണ്ണമായും നിൽക്കുന്നതാണ്.

**ഭക്ഷ്യവിഭവങ്ങളുടെ ധൂർത്ത്**

ഭക്ഷ്യവിഭവങ്ങളുടെ ധൂർത്ത് അതിതീവ്രകാലാവസ്ഥാ വ്യതിയാനം മൂലം സംഭവിക്കാനിരിക്കുന്ന ദുരന്തങ്ങളിൽ ഏറ്റവും പ്രധാനം കാർഷിക മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന നാശനഷ്ടങ്ങളാണ്. സെന്റർ ഫോർ ഗ്ലോബൽ ഡവലപ്മെന്റ് (CGD) ആണ് ഇപ്രകാരമൊരു അഭിപ്രായം പ്രകടിപ്പിച്ചിരിക്കുന്നത്.

ഉപജീവനത്തിനായി അദ്ധ്വാനിക്കുന്ന ദരിദ്ര ജനവിഭാഗങ്ങളല്ല പ്രസ്തുത ധൂർത്തടിക്കുന്ന ഒരു വിഭാഗമാണ് യഥാർത്ഥത്തിൽ ആഗോളതാപനത്തിന്റെ യഥാർത്ഥ കാരണക്കാർ എന്ന് സമ്മതിക്കേണ്ടിവരും. സമ്പന്ന രാജ്യങ്ങൾ മിക്കതും അവർക്കാവശ്യമുള്ള ഉൽപ്പാദന ലക്ഷ്യം നേടിക്കഴിഞ്ഞവരാണ് ഇപ്പോൾ സമ്പന്ന രാജ്യങ്ങൾ നടത്തുന്ന ഉൽപ്പാദനം, ജനങ്ങളുടെ ജീവിത നിലവാരം വർദ്ധിപ്പിക്കാനല്ല, വിഭവങ്ങൾ ധൂർത്തടിച്ച് അമിതലാഭം നേടിയെടുക്കുന്നതിനാണ്. ഭക്ഷ്യവിഭവങ്ങളുടെ ഈ ധൂർത്ത് ഭാവിയിലേക്ക് വേണ്ട ജൈവ സമ്പത്തിനെയാണ് ഇല്ലാതാക്കുന്നത്. അതായത് ഒരു വർഷം കൊണ്ട് ഉപയോഗിച്ച് തീർക്കേണ്ട ജൈവസമ്പത്ത് ആറ് മാസം കൊണ്ട് ഉപയോഗിച്ചുതീർക്കുന്നു എന്നർത്ഥം.

പച്ചക്കറി, മറ്റു ഭക്ഷ്യവസ്തുക്കൾ എന്നിവയ്ക്ക് പ്രകൃതി ദുരന്തങ്ങൾകൊണ്ട് ഉണ്ടാകുന്ന വില വർദ്ധനവും ജനങ്ങൾക്ക് തങ്ങാനാകാത്ത വിധമായിരിക്കും.

**ഹിമാലയത്തിലെ താപവർദ്ധനവ്**

ഹിമാലയത്തിലെ താപവർദ്ധനവ്, മഞ്ഞിന്റെ അളവ് ക്രമാതീതമായി കുറയുന്നതിനിടയാക്കുന്നതാണ്. ഇങ്ങനെ ഉരുകുന്ന ജലമാകട്ടെ, ഗംഗ, യമുന എന്നി നദികൾ കരകവിഞ്ഞ് ഒഴുകുന്നതിനും, കൃഷി, വ്യവസായം എന്നിവയെ സമ്പുർണ്ണമായി നശിപ്പിക്കുന്നതിനും, മലയോര നിവാസികളുടെ ജീവിതം താറുമാറാക്കുന്നതിനും ഇടയാക്കുന്നതാണ്.

- ഹിമാനികളുടെ അതിശീഘ്രമുള്ള ഉരുകൽ ഏതാണ്ട് അവസാനിച്ചു കഴിഞ്ഞാൽ, ശുദ്ധജലക്ഷാമത്തിനാണ് ഇടയാകുക, ഈ ഭയാനക ദുരന്തം ഹിമാലയത്തിന്റെ മലയോര പ്രദേശങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ഈ ഹിമാലയൻ ജലം ഇന്ത്യ, ബംഗ്ളാദേശ്, ചൈന, നേപ്പാൾ എന്നി രാജ്യങ്ങളിലെ 700 ദശലക്ഷത്തിൽപ്പരം ജനങ്ങളുടെ ദാഹജലമാണെന്ന് ഓർക്കണം.  ഈ ജലദൗർലഭ്യം കൃഷിയെ നിശ്ശേഷം നശിപ്പിക്കുന്നതാണ്. കാലാവസ്ഥാമാറ്റങ്ങൾ കൊണ്ടുണ്ടാകുന്ന വരൾച്ചയും ശുദ്ധജലക്ഷാമവും ലോകമൊട്ടാകെ സംഭവിക്കുന്നതാകയാൽ സമാനമായ കൃഷി നാശവും, ഭക്ഷ്യ വസ്തുക്കൾക്ക് ക്ഷാമവും നേരിടുന്നതാണ്.
- ഹിമാലയത്തിലെ ഹിമാനികളുടെ അതിവേഗത്തിലുള്ള ഉരുകൽ ആർട്ടിക് മേഖലകളിലും സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇത്രയധികം വേഗത്തിലുള്ള മഞ്ഞ് ഉരുകൽ ഇല്ലാതിരുന്നിട്ട് കൂടി മധ്യ ആർട്ടിക് മേഖലയിൽ മഞ്ഞ് ഉരുകി 20000 കിലോമീറ്റർ ദൈർഘ്യമുള്ള ശുദ്ധജലാശയം സൃഷ്ടിക്കപ്പെട്ടത് ഓർക്കുക.
- ആഗോള താപനത്തിന്റെ ഫലമായി അതിവേഗം ഉരുകുന്ന മഞ്ഞുമലകൾ സമീപ പ്രദേശത്ത്

**(ശേഷം 44-ാം പേജിൽ)**

# ആദ്യ കാഴ്ചയുടെ നൊമ്പരം

**മന്മഥൻ വിജയൻ നായർ – 9447650600**

(തുടർച്ച.....)

ഓടിവന്ന് എന്നെ വാരിയെടുത്ത അമ്മ വീണിടത്ത് നിന്നെഴുന്നേറ്റ് നിന്ന് പേടിച്ച് വിറയ്ക്കുന്ന പെണ്ണിനോട് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കി കഴിഞ്ഞപ്പോൾ ചിരിയുടെ  പൂരം. കാര്യം മനസ്സിലാകാതിരുന്ന പേരമ്മ എന്നെ ആ പെണ്ണ് ഉപദ്രവിച്ചു എന്ന് കരുതി കൈയും കലാശവും കാട്ടി അതിന്റെ നേരെ ഒച്ച വെച്ചു, പിന്നെ അമ്മ ചിരിക്കുന്ന കണ്ടപ്പോൾ കൂടെ ചിരിക്കാൻ തുടങ്ങി. അമ്മ ഉടുത്തിരുന്ന നേര്യത് കൊണ്ട് മുഖം മറച്ച് വിഹ്വലതയോടെ നിന്നിരുന്ന കുഞ്ഞൂട്ടനും ചിരി വന്നു. പിന്നെ ഒരിക്കലും ആ കുട്ടി പെരുമ്പിള്ളിൽ വന്നിട്ടില്ല .

ഹരിഹരൻ പിന്നെയും വന്നു ഏതാനും വട്ടം. പൊട്ടിയ പഴയ പാത്രങ്ങൾ ഉരുക്കി പുതിയ പാത്രങ്ങൾ ഉണ്ടാക്കുന്ന വിദ്യ കുഞ്ഞൂട്ടൻ കാണുന്നത് അങ്ങിനെയൊരവസരത്തിലാണ്. ഓല കൊണ്ട് മറച്ചു കെട്ടി അതിനുള്ളിൽ വെച്ചാണ് പുതിയ പാത്രങ്ങളുണ്ടാക്കുക. അതാരും കാണാൻ പാടില്ലത്രെ, കണ്ടാൽ എന്താ ഉണ്ടാവാന്നറിയോ. കുഞ്ഞൂട്ടനറിയില്ലായിരുന്നു  പിന്നെ അച്ചമ്മയാ അതൊക്കെ പറഞ്ഞു തന്നെ. അച്ചമ്മക്കറിയാത്ത കാര്യങ്ങളില്ല. ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളെ കുറിച്ചും അച്ഛമ്മക്ക് നല്ല വിവരാ. വൈദ്യനായത്കൊണ്ട് എല്ലാം അറിയാമെന്നുള്ള ഭാവത്തിൽ ഞെളിഞ്ഞാണ് കൊച്ചു മുത്തശ്ശന്റെ നടപ്പ്. പക്ഷേ അച്ഛമ്മയുടെ അടുത്ത് അതൊന്നും വിലപ്പോവില്ല. കൊനഷ്ട് ചോദ്യങ്ങൾ ചോദിച്ച് വാദിച്ച് ജയിക്കാൻ മിടുക്കി. ങ് അപ്പ പറഞ്ഞു വന്നത് ഹരിഹരന്റെ കാര്യാ.. അച്ചമ്മ പറേവാ നാട്ടി മുഴോനും കരിങ്കണ്ണൻമാരാത്രേ. കരിങ്കണ്ണെന്താണെന്നൊക്കെ കുഞ്ഞൂട്ടനറിയാം. ഇന്നാളൊരൂസം വടക്കേപ്പുറത്തു നിൽക്കുന്ന ഒരാൾ പൊക്കമുള്ള  വാഴക്കുല കണ്ടിട്ട് തെക്കേലെ കുഞ്ഞപ്പൂപ്പൻ തലയാട്ടിക്കൊണ്ട് പറഞ്ഞു 'ഇതെന്നതാടാ ഗോപാലാ........, ഹൊ.. വാഴക്കൊല എന്ന് പറഞ്ഞാ ഇതാ, ഒരു താങ്ങുകൊടുത്ത് നിർത്തിക്കോ അല്ലേ പെട്ടന്ന് വീഴും പറഞ്ഞേക്കാം' ഇത്രേം പറഞ്ഞു കുഞ്ഞപ്പൂപ്പനങ്ങ് പോയി. അപ്പഴേ അച്ചമ്മ പറഞ്ഞു ശിവ ശിവ കണ്ണ് വെച്ചേച്ച് പോയിരിക്കുവാ ഇനി എന്താകുവോ എന്തോ ഒരു മണിക്കൂറ് കഴിഞ്ഞില്ല ദേ കിടക്കുന്നു വാഴക്കുല രണ്ടായിട്ടൊടിഞ്ഞു നിലത്ത്. അതാ കരിങ്കണ്ണിന്റെ ശക്തി.  ഇത്തരം കരിങ്കണ്ണന്മാരാരെങ്കിലും അടുപ്പത്ത് കിടന്ന് സ്വർണ്ണ നിറത്തിൽ തിളക്കുന്ന ഓടോ, ഉരുകിയ ഓട് മൂശയിലേക്ക് ഒഴിക്കുന്നതോ കണ്ട് എന്തെങ്കിലും പറഞ്ഞു പോയാൽ. മൂശ പൊട്ടിക്കുമ്പോൾ  പൊടി ധൂശ്' ആയി പോകുമത്രെ, അകത്തൊന്നുമുണ്ടാവില്ല.

അങ്ങിനെയൊക്കെ ആണെങ്കിലും കുഞ്ഞൂട്ടൻ മറപ്പുരക്കുള്ളിൽ  കയറുന്നതിൽ ഹരിഹരനെതിർപ്പില്ല, കൊച്ചുമുത്തശ്ശൻ ചിലപ്പോൾ എതിർക്കും പക്ഷേ കുഞ്ഞൂട്ടന്റെ  അടുത്ത് അതൊന്നും നടപ്പില്ല, അകത്ത് കയറാൻ സമ്മതിക്കുന്നത്  വരെ വാശി പിടിച്ച് നിലത്ത് കിടന്നുരുണ്ട് കരയും, അവസാനം മുത്തശ്ശൻ വന്നെടുത്ത് മുഖമൊക്കെ കഴുകിപ്പിച്ചു അകത്ത് ഇളം തിണ്ണേടെ മുകളിൽ ഒരു കസേര  കൊണ്ടിട്ട് അതിൽ പിടിച്ചിരുത്തും. 'മുത്തശ്ശന്റെ കുട്ടി ഇനി ഇവിടുന്നനങ്ങരുത്ട്ടോ, ഒന്നും മിണ്ടാനും പാടില്ല' ഒക്കെ സമ്മതിക്കും. അല്ലെങ്കിൽ പ്രവേശനം കിട്ടില്ല. അച്ചമ്മക്കൊന്നും ഇത് ഉണ്ടാക്കുന്നത് കാണാനുള്ള ഭാഗ്യമുണ്ടായിട്ടില്ലത്രെ. സ്ത്രീകൾ മറപ്പുരേൽ കേറി അശുദ്ധമായാൽ  പിന്നെ കരുപിടിക്കില്ല എന്നാ ഹരിഹരൻ പറയ്യ.

➠

എന്നാലോ പാത്രങ്ങളുണ്ടാക്കുന്നത് കാണണ്ട ഒരു കാഴ്ച ആണേനും... ഒറ്റക്ക് കൂട്ടിയാൽ കൂടില്ല അതുകൊണ്ട് സഹായികളായിട്ട് ഒന്നോ രണ്ടോ പേരും ഉണ്ടാവും ഹരിഹരന്റെ കൂടെ. വിളക്കിന്റെയോ കിണ്ടിയുടെയോ ഉരുളിയുടെയോ രൂപം മണ്ണും ചാണകവും കളിമണ്ണും കൂട്ടിക്കുഴച്ച് മെനെഞ്ഞെടുക്കുകയാണ് ആദ്യത്തെ പണി. ഉണങ്ങി കഴിയുമ്പോൾ അതിന്റെ മുകളിൽ മെഴുകു ആവണക്കെണ്ണയിൽ കുഴച്ചെടുത്ത് വേണ്ട ഘനത്തിൽ പൊതിയും. അത് ചെയ്യുന്നത് ഹരിഹരൻ തന്നെയാ, വേറെ ആരേം തൊടീക്കില്ല. കളിമണ്ണ് കൊണ്ടുണ്ടാക്കിയ വിളക്കിന്റെ മുകളിൽ മെഴുക് കൊണ്ട് മറ്റൊരു വിളക്കുണ്ടാക്കുന്നത് കാണേണ്ട കാഴ്ച്ച തന്ന്യാ. മെഴുക് വിളക്ക്... അങ്ങിനെയൊക്കെ മനസ്സിൽ വിചാരിക്കാം പക്ഷേ പുറത്ത് പറയാൻ പാടില്ല.. വിളക്കിന്റെ പുറത്ത് വരേണ്ട വരേം കുറിയും ഒക്കെ ഹരിഹരൻ മെഴുക് വിളക്കിന്റെ പുറത്തുണ്ടാക്കും. ആ സമയത്ത് ഹരിഹരൻ വിളിക്കും... 'കണ്ണൻകുട്ടി പോയി അമ്മയോട് പറഞ്ഞു ഇത്ര സംഭാരം കൊണ്ടെത്തന്നാൽ അടുത്തുള്ള ഒരു സ്ഥലം ചൂണ്ടിക്കാട്ടി ഹരിഹരൻ പറയും ദേ ഇവിടെയിരുന്ന് ഇതിക്കെ കാണാൻ സമ്മതിക്കാം 'അത് കേട്ട പാതി കേക്കാത്ത പാതി കുഞ്ഞൂട്ടനോടും, ഹരിഹരന് മാത്രം സംഭാരവും മറ്റുള്ളവർക്ക് കാപ്പി മൊന്തയിൽ പച്ചവെള്ളവുമായി നിമിഷ നേരത്തിൽ തിരിച്ച് വരും. ഹരിഹരൻ സംഭാരം കുടിക്കുന്നത് കാണാനുമുണ്ടൊരു ചന്തം. മോര് നിറച്ച ചെരുവം തലയ്ക്കു മുകളിൽ പൊക്കിപ്പിടിച്ച്, മഴക്കാലത്ത് ചാവടിലെ ഓവിൽ കൂടി വീഴുന്ന വെള്ളം പോലെ വീഴുന്ന മോര് മുഴുവൻ തോണ്ണ തൊടാതെ ഗള് ഗള് ഗള് എന്ന് ശബ്ദമുണ്ടാക്കി കൊണ്ട് കുടിച്ച്, നീട്ടി ഒരേമ്പക്കം വിട്ട് ഹരിഹരൻ അടുത്ത പണിയിലേക്ക് കടക്കും. ഇനിയാണ് രസം...

വിളക്കിന്റെ കനത്തിൽ പിടിപ്പിച്ചിരിക്കുന്ന മെഴുക് ഉണങ്ങി കഴിയുമ്പോൾ, കളിമണ്ണും ചാണകവും കൂട്ടി അമ്മിക്കല്ലിൽ വെച്ചരച്ച് തരിയില്ലാതെ നെയ്യ് പോലെ അരച്ചെടുത്ത് മെഴുകിന്റെ മേൽ പൂശി പിടിപ്പിക്കും. അതിന്റെ പുറത്ത് കളിമണ്ണ് പൊതിയേണ്ട ജോലിയൊക്കെ സഹായികളുടെയാണ്. മണ്ണ് പൊതിഞ്ഞ് കഴിയുമ്പോൾ ആ സാധനത്തിനുള്ളിൽ ഒരു വിളക്കൊളിഞ്ഞിരിക്കുന്നു എന്ന് ആരും പറയില്ല, അതും പോരാഞ്ഞിട്ട് ആ രൂപത്തിന്റെ മുകളിൽ ഒരു കുഞ്ഞ് കമ്പും കൂടി കുത്തി നിർത്തും. അത് കാണുമ്പോൾ കുഞ്ഞൂട്ടന് ചിരിവരും. വടക്കേ പറമ്പിലെ പഞ്ചമൻ ഓലമടല് കൊണ്ട് ഓണക്കാലത്ത് ഉണ്ടാക്കി തരാറുള്ള കാളയുടെ കൊമ്പ് പോലെയുണ്ടാവും അത്. കുഞ്ഞൂട്ടൻ ഓരോന്നിനെയും ഓരോ ജീവിയായി സങ്കൽപിക്കും. കൊമ്പുള്ള സിംഹം, നീളൻ പല്ലുള്ള പശു. അങ്ങിനെ രസിച്ചിരിക്കുമ്പോഴാവും, രസച്ചരട് പൊട്ടിച്ച് കൊണ്ടുള്ള അമ്മയുടെ വിളി .'കുഞ്ഞൂട്ടാ നീ വല്ലോം വന്ന് കഴിക്കുന്നുണ്ടോ, ഹരിഹരനോടും വരാൻ പറയൂ' അത് കേൾക്കേണ്ട താമസം ഹരിഹരനും കൂട്ടാളികളും അടുപ്പിലെ കൽക്കരിയിൽ അൽപ്പം വെള്ളവും തളിച്ച് മറപ്പുര അടച്ച് പുറത്ത് ചാടും. കൈ കഴുകീന്നൊന്ന് വരുത്തി ചോറിന്റെ മുന്നിൽ പോയിരിക്കും. തിരിച്ച് വന്ന്, മണ്ണ് ഉണങ്ങി കഴിയുമ്പോൾ അടുപ്പിൽ വെച്ച് മെഴുക് മുഴുവൻ ഉരുക്കി, കമ്പ് ഊരി മാറ്റുമ്പോൾ ഉണ്ടാകുന്ന തുളയിൽ കൂടി ഒഴുക്കി കളയും. അപ്പളെന്താ പാത്രമുണ്ടാക്കാനുള്ള 'കരു'റെഡി. ഇനി കരുവിൽ ഓട് ഉരുക്കി ഒഴിക്കിയെ വേണ്ടു. ആ പണി തുടങ്ങുന്നതിന് മുൻപ് ഹരിഹരൻ പറയും 'ന്റെ കണ്ണൻ കുട്ട്യേ ഇനി താഴേക്കൊന്നും എറങ്ങി വരരുതട്ടോ' രണ്ട് പോക്കറ്റിലും നിറച്ചിരിക്കുന്ന ഉപ്പേരി തിന്നുന്നതിനിടയിൽ ഞാൻ ചുമല് കുലുക്കും. ഹരിഹരനും രണ്ടുപ്പേരി താന്റെ കുട്ട്യേ... ഇതാ ഇപ്പം നന്നായെ...., ആരുടേം മുൻപിലും പോയിരുന്ന് ഒന്നും തിന്നരുതെന്ന് അച്ഛമ്മ എപ്പഴും പറയും കൊതി പറ്റുമത്രെ, കൊതീന്ന് വെച്ചാലെന്താ, പിറ്റേന്ന് പറമ്പീന്ന് കേറാൻ നേരൊണ്ടാവില്ല അതന്നെ. എന്തായാലും കൊടുത്തേക്കാം പാവല്ലേ ....

വലിയ അടുപ്പ് കൂട്ടി കൽക്കരി ഇട്ട് നിറച്ച് വലിയ ഉല കൊണ്ട് തീ കത്തിച്ച് അതിന്റെ മുകളിൽ ഒരു കുടുസൻ പാത്രം വെച്ച് അതിൽ പഴയ പാത്രകഷണങ്ങളും മറ്റും പൊട്ടിച്ചിട്ട് ഉരുക്കും. ഉരുകി കിട്ടാൻ ഒത്തിരി നേരം വേണം, അത്രേം നേരം ഉല ഊതുന്നത് സഹായികളാണ്. കുഞ്ഞൂട്ടൻ ഊതി കൊടുക്കാമെന്ന് പറഞ്ഞാൽ ഹരിഹരൻ സമ്മതിക്കില്ല, ഹരിഹരൻ ചീത്തയാ, അത് കുഞ്ഞൂട്ടന് നല്ല നിശ്ച്യേയാണ്. പാത്രം നിറഞ്ഞു നിൽക്കുന്ന ഉരുകിയ ഓട് കാണാൻ നല്ല ഭംഗിയാ, നല്ല സ്വർണ്ണ നിറം, കോരി കുടിക്കാൻ തോന്നും. ശൂ... അങ്ങിനെയൊന്നും വിചാരിക്കാൻ പാടില്ല. വിചാരിച്ചല്ലേ ഒള്ളു അത് കുഴപ്പമില്ല പറയാനാ പാടില്ലാത്തത്. ആവി പറക്കുന്ന ഉരുകിയ ഓട് കരുവിൽ ഉണ്ടാക്കിയിട്ടുള്ള ചെറിയ തുളയിൽ കൂടി വളരെ സൂക്ഷിച്ച് വേണം ഒഴിക്കാൻ. ഞാനതൊന്ന് തൊടാൻ പോലും ഹരിഹരൻ സമ്മതിക്കില്ല, കണ്ണൻ കുട്ടീന്ന് വിളിച്ചോണ്ട് വരട്ടെ കാണിച്ച് കൊടുക്കുന്നുണ്ട്, അല്ലെങ്കി ഇപ്പം ഞാനതൊന്നൊഴിച്ചാൽ എന്താ കുഴപ്പം. ഒരു കുഴപ്പവുമില്ല. ഒഴിച്ച് കഴിഞ്ഞാലുടൻ സഹായി മണ്ണ് കൊണ്ട് തുള അടക്കും.

ഇനി അതവിടിരുന്ന് തണുക്കണം. കരു പൊട്ടിക്കുന്ന സമയത്ത് ഹരിഹരന്റെവക പൂജ പ്രത്യേകമായുണ്ടാവും. വിളക്ക് കത്തിച്ച് വെച്ച്, തേങ്ങ രണ്ടായി മുറിച്ച്വെച്ച് ഒക്കെയാണ് പൂജ. ആ സമയത്ത് വീട്ടുകാരെല്ലാം വന്ന് കൂടും. എന്ത് വന്നാലും കസേരേന്ന് എഴുന്നേൽക്കാത്ത അച്ചമ്മ പോലും എഴുന്നേറ്റ് വരും. പൊട്ടിക്കുമ്പളെന്താ ഒരു ഭംഗിയുമുണ്ടാവില്ല കാണാൻ. കറുത്ത് പാണ്ടും പുള്ളീം പിടിച്ച പോലെ. ഹരിഹരനും കൂട്ടുകാരും കൂടിയിരുന്ന് ഉമി ചേർത്ത്, മിനുക്കി മിനുക്കിയാണ് അതിന് ഭംഗി വരുത്തുക. അങ്ങിനെയുള്ള പാത്രങ്ങളെല്ലാം എടുത്ത് തിണ്ണയിൽ നിരത്തി വെച്ചിട്ട് ഹരിഹരൻ ദൂരെ നിന്ന് നോക്കി അതിന്റെ ഭംഗി ആസ്വദിക്കും. കാശുംവാങ്ങി പോകുന്ന ഹരിഹരൻ ദൂരെ മറയുന്ന വരെ ഞാൻ നോക്കി നിൽക്കും . നന്ദി ................ ■

---

(41-ാം പേജിന്റെ തുടർച്ച...)

തടാകങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഉണ്ടാകുന്ന തടാകങ്ങളുടെ ഭിത്തികൾ വളരെ ദുർബലമാണ്. നേരിയ രീതിയിലുള്ള കല്ലുകളുടെയോ, മണ്ണിന്റെയോ വീഴ്ച ഈ തടാകങ്ങൾ തകരുന്നതിനിടയാക്കും. പ്രതലത്തിന്റെ ചരിവും, ഹിമാനികളുടെ വലുപ്പവും, ശക്തമായ മഴയുടെ സാന്നിദ്ധ്യവും തടാകങ്ങളുടെ തകർച്ചക്ക് മറ്റൊരു കാരണമായി തീരുന്നതാണ്. 2013, ജൂൺ മാസം കേദാർനാഥിലുണ്ടായ മിന്നൽ പ്രളയവും 5700 പേരുടെ മരണവും ഇപ്രകാരമൊരു തടാകത്തിന്റെ തകർച്ചയാൽ സംഭവിച്ചതാണ്.

● ഹിമാലയൻ മഞ്ഞുമലകളും, ആർട്ടിക് മേഖലകളും പ്രതിവർഷം 50 സെന്റീമീറ്റർ എന്ന തോതിൽ ഉരുകി കൊണ്ടിരിക്കുകയാണ്. ചൂട് വീണ്ടും വീണ്ടും വർദ്ധിച്ചുവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ മുകളിൽ കാണിച്ച 50 സെന്റീമീറ്റർ എന്ന കണക്ക് പതിന്മടങ്ങ് വർദ്ധിക്കുവാനും, കൂടുതൽ ദുരന്തങ്ങൾ ഉണ്ടാകാനുമാണ് സാധ്യത

**ഉത്തർഖണ്ഡിലെ മഹാദുരന്തങ്ങൾ**

വളരെ കുറച്ച് വർഷങ്ങൾക്കിടയിൽ ഉത്തർഖണ്ഡിലുണ്ടായ പ്രകൃതി ദുരന്തങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നന്നായിരിക്കും.

1. 1991 ഒക്ടോബർ മാസത്തിൽ ഉത്തരകാശിയിൽ ഭുചലനം, 768 പേർ മരിച്ചു.
2. 1998 ഓഗസ്റ്റിൽ പിത്തോർഗഢിൽ മണ്ണിടിച്ചിൽ, കൈലാസ മാനസരോവർ തീർത്ഥാടകരടക്കം 255 പേർ മരണമടഞ്ഞു
3. 1999 മാർച്ച് മാസം ചിമോലിയിൽ ഭൂമികുലുക്കം 100 പേർ മരിച്ചു.
4. 2013 ജൂൺ മാസം, അതിതീവ്രമഴ, മിന്നൽ പ്രളയം കേദാർനാഥിൽ 5700 പേർ മരിച്ചു.
5. 2021-ൽ മഞ്ഞുമലയിലെ മണ്ണിടിച്ചിൽ 200 പേർ മരിച്ചു.

(തുടരും .....)

# *ദൃഗ് ദൃശ്യ വിവേകം* (*27*)

സി. നാരായണൻ - 9819456012

ജീവോ ധീസ്ഥചിദാഭാസോ
ഭവേദ്ഭോക്താ ഹി കർമ്മകൃത്
ഭോഗ്യരൂപമിദം സർവ്വം
ജഗത്സ്യാത് ഭൂതഭൗതികം ( 36 )

| | | |
|---|---|---|
| ധീസ്ഥ | = | ബുദ്ധിയിൽ സ്ഥിതി ചെയ്യുന്ന |
| ചിദാഭാസഃ | = | ചിദാത്മാവിന്റെ പ്രതിബിംബം |
| കർമ്മകൃത | = | കർമ്മങ്ങൾ ചെയ്യുന്നവൻ |
| ഭോക്താ | = | കർമ്മഫലങ്ങൾ അനുഭവിക്കുന്നവൻ |
| ജീവഃ | = | ജീവൻ |
| ഭവേത | = | ആകുന്നു |
| ഇദം സർവ്വം | = | പ്രത്യക്ഷമായതെല്ലാം |
| ഭൂതഭൗതികം | = | പഞ്ചഭൂതങ്ങളും അവയുടെ കാര്യങ്ങളും |
| ഭോഗ്യരൂപം ജഗത് | = | അനുഭവയോഗ്യമായ വിഷയങ്ങൾ |

(അന്തഃകരണവുമായി താദാത്മ്യം കൊണ്ട ചിദാഭാസനാണ് ജീവൻ. അവനാണ് കർമ്മങ്ങൾ ചെയ്യുന്നതും അവയുടെ ഫലങ്ങൾ അനുഭവിക്കുന്നതും. പഞ്ചഭൂതങ്ങളും ഭൂതങ്ങളുടെ കാര്യങ്ങളായ ഭൗതികവസ്തുക്കളും ചേർന്ന ജഗത്താണ് ജീവന്റെ ഭോഗ്യം.)

ഈ ഗ്രന്ഥത്തിലെ പതിനാറാം ശ്ലോകത്തിന്റെ ഏകദേശ ആവർത്തനമാണ് ഈ ശ്ലോകം. ബ്രഹ്മത്തിന്റെ അലൗകികതയും അതിസൂക്ഷ്മതയും കാരണം അത് അതീവ ദുർഗ്രാഹ്യമാണ്. നമുക്കതു വിവരിച്ചു തരാനാണ് ആചാര്യന്മാരുടെ ഈ ആവർത്തനം. സാഹിത്യത്തിൽ ആവർത്തനം ദോഷമായിരിക്കാം. എന്നാൽ വേദാന്തവിഷയത്തിൽ ആവർത്തനം ഒഴിച്ചു കൂടാനാവാത്തതാണ്. ഗീതയിൽ ഭഗവാൻ പോലും ഒരേ തത്ത്വം ആവർത്തിക്കുന്നത് കാണാം. മുൻപ് നാം ചെയ്തിട്ടുള്ള 16 മത്തെ ശ്ലോകത്തിന്റെ നിരൂപണം പുനർവായന ചെയ്യുന്നത് നന്നായിരിക്കും

അവച്ഛിന്നം, ചിദാഭാസൻ, സ്വപ്നകല്പിതൻ എന്നിങ്ങനെ ജീവന് മൂന്നു ഭാവങ്ങളുണ്ടെന്നു പറഞ്ഞല്ലോ. കഴിഞ്ഞ നാലു ശ്ലോകങ്ങളായി വിവരിച്ചുകൊണ്ടിരിക്കുന്നതും അതുതന്നെ. ജീവന്റെ ഈ മൂന്നു ഭാവങ്ങൾ, ഒരേ വ്യക്തി തന്നെ ദക്ഷിണേന്ത്യൻ വസ്ത്രം ധരിച്ചും, ഉത്തരേന്ത്യൻ വസ്ത്രം ധരിച്ചും, വിദേശവസ്ത്രം ധരിച്ചും നിൽക്കുമ്പോൾ കാണപ്പെടുന്ന വ്യത്യാസമല്ല മൂന്നും സത്യത്തിന്റെ മൂന്നു ഭാവങ്ങളിൽ പെട്ടവയാണ്. ആദ്യം പറഞ്ഞ അവച്ഛിന്നം പാരമാർത്ഥികവും, രണ്ടാമത്തെ ചിദാഭാസൻ വ്യാവഹാരികവും മൂന്നാമത്തെ സ്വപ്നകല്പിതൻ പ്രാതിഭാസികവും ആയ സത്തകളാണ്.

ആദ്യം പറഞ്ഞ പാരമാർത്ഥിക സത്ത അന്തഃകരണവൃത്തികൾക്ക് സാക്ഷിമാത്രമാണ്. അത് അന്തഃകരണത്തെ ഉപാധിയായി സ്വീകരിക്കുന്നില്ല. അതിനാൽ അതിനു സ്വന്തം നിത്യശുദ്ധമുക്തസ്വഭാവത്തിനൊരു കോട്ടവും സംഭവിക്കുന്നില്ല. അതാണ് തത്ത്വമസി മഹാവാക്യത്തിലെ 'ത്വം' പദം അർത്ഥമാക്കുന്ന ജീവൻ. അത് ബ്രഹ്മം തന്നെ. സാങ്കേതിക ഭാഷയിൽ ആ ജീവൻ, ത്വം പദത്തിന്റെ ലക്ഷ്യാർത്ഥമാണ്. ഈ ശ്ലോകത്തിൽ പറയപ്പെടുന്ന ജീവൻ, ത്വം പദത്തിന്റെ വാച്യാർത്ഥമാണ്.ആ ജീവന് പാരമാർത്ഥികതയില്ല.

ധീസ്ഥഃ എന്നും ചിദാഭാസൻ എന്നും രണ്ടു വിശേഷണങ്ങൾ ജീവന് ഈ ശ്ലോകത്തിൽ പറയുന്നുണ്ട്. അത് ആത്മാവിന്റെ അന്തഃകരണത്തിലുള്ള അധ്യാസത്തെയാണ് സൂചിപ്പിക്കുന്നത്. അന്തഃകരണത്തിന്റെ ആത്മാവിലുള്ള അധ്യാസത്തെയാണ് ഭോക്താ,

കർമ്മകൃത് എന്നീ പദങ്ങൾ കൊണ്ടു സൂചിപ്പിക്കുന്നത്. തീർത്ഥയാത്രകളും നാമജപവും ഉപാസനകളും ശാസ്ത്ര പഠനവുമെല്ലാം സാർത്ഥകമാവുന്നത് തത്ത്വമസി മഹാവാക്യത്തിലെ തത് പദവും , ത്വം പദവും ഞാൻ എന്ന ഒരേയൊരു സത്തയെയാണ് കുറിക്കുന്നതെന്നറിയലിലാണ്. അതുകൊണ്ടാണ് ആചാര്യൻ ഈ ആശയം വിവിധ രൂപത്തിൽ ആവർത്തിക്കുന്നത്.

ജീവനെ ധീസ്ഥ എന്നു വിളിച്ചു. ആ വാക്കിൽ നിന്നു തന്നെ അത് ആപേക്ഷികമാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. അതായത, വെറും ധീ എന്നത് ജീവനല്ല. ധീ എന്ന അന്തഃകരണം ചിദാഭാസചൈതന്യത്തോടു ചേരുമ്പോൾ സന്ദർഭവശാൽ ജനിക്കുന്ന സത്തയാണ് ജീവൻ. അത് ശുദ്ധചൈതന്യമല്ല. ചൈതന്യത്തിൽ അന്തഃകരണധർമ്മങ്ങൾ കലർന്നിട്ടുള്ള അവസ്ഥയാണ്. എന്തൊക്കെയാണ് അന്തഃകരണധർമ്മങ്ങൾ?

ഈ ശ്ലോകത്തിൽ പറയുന്ന അന്തഃകരണ ധർമ്മങ്ങൾ കർത്തൃത്വവും ഭോക്തൃത്വവുമാണ്. അതു തന്നെയാണ് ജീവത്വത്തിന്റെ ആകത്തുക. ശുദ്ധചൈതന്യമായ ആത്മാവിനു കർമ്മമില്ല. സ്ഥൂലസൂക്ഷ്മശരീരങ്ങൾ ജഡങ്ങളായതിനാൽ അവയ്ക്കും കർമ്മമില്ല. എന്നാൽ അന്തഃകരണവും ചിദാഭാസനും കൂടിച്ചേരുമ്പോൾ ജനിക്കുന്ന ജീവൻ, താൻ കർമ്മങ്ങൾ ചെയ്യുന്നു എന്ന കർത്തൃത്വബുദ്ധി ഏറ്റെടുക്കുന്നു. കർമ്മം ചെയ്താൽ ഫലവും അനിവാര്യമാണല്ലോ. അതിനാൽ ജീവനു മിത്ഥ്യയായ ഭോക്തൃത്വബുദ്ധിയുമുണ്ട്. ആത്മാവിനു കർമ്മമില്ല എന്നും അനാത്മാവായ പ്രകൃതിയാണ് കർമ്മം ചെയ്യുന്നതെന്നും ഭഗവാൻ ഗീതയിലെ മൂന്നാം അദ്ധ്യയത്തിലും പതിമൂന്നാം അദ്ധ്യായത്തിലും പതിനാലാം അദ്ധ്യായത്തിലും ആവർത്തിക്കുന്നുണ്ട്.

പ്രകൃതേഃ ക്രിയമാണാനി
ഗുണൈഃ കർമ്മാണി സർവ്വശഃ
അഹങ്കാരവിമൂഢാത്മാ
കർത്താഹമിതി മന്യതേ (ഗീത 3 –27)

(പ്രകൃതികാര്യങ്ങളായ ഇന്ദ്രിയങ്ങളാലാണ് കർമ്മങ്ങൾ സർവ്വവും ചെയ്യപ്പെടുന്നത്. എന്നാൽ അഹങ്കാരത്തിൽ താദാത്മ്യം പ്രാപിച്ച് മൂഢനായവൻ ഞാനാണ് കർത്താവെന്നഭിമാനിക്കുന്നു)

പ്രകൃത്യൈവ ച കർമ്മാണി
ക്രിയമാണാനി സർവ്വശഃ
യഃ പശ്യതി തദാത്മാനം
അകർത്താരം സ പശ്യതി (ഗീത 13 – 30)

(ദേഹേന്ദ്രിയങ്ങളായി പരിണമിക്കുന്ന പ്രകൃതിയലാണ് സർവ്വകർമ്മങ്ങളും ചെയ്യപ്പെടുന്നതെന്നും ആത്മാവായ താൻ ഒന്നിനും കർത്താവല്ലെന്നും ആരറിയുന്നുവോ അവനാണ് സത്യത്തെ അറിയുന്നവൻ)

നാന്യം ഗുണേഭ്യഃ കർത്താരം
യദാ ദ്രഷ്ടാനുപശ്യതി
ഗുണേഭ്യശ്ചപരം വേത്തി
മത്ഭാവം സോധിഗച്ഛതി (ഗീത 14 – 19)

(വിവേകിയായവൻ ബുദ്ധി മുതലായ തത്ത്വങ്ങളായി പരിണമിച്ചിരിക്കുന്ന പ്രകൃതിയിൽ നിന്ന് അന്യമായി മറ്റൊരു കർത്താവിനെ എപ്പോൾ കാണുന്നില്ലയോ , ആത്മാവിനെ ഗുണവ്യതിരിക്തമായി സാക്ഷിഭാവത്തിൽ അറിയുന്നുവോ അപ്പോൾ വിദ്വാനായ അവൻ എന്റെ സ്വരൂപമായ ബ്രഹ്മത്തെ പ്രാപിച്ചു)

ജീവനു തന്റെ നല്ലതും ചീത്തയുമായ കർമ്മഫലങ്ങൾ അനുഭവിക്കേണ്ടതുണ്ട്. അതിനു ലോകങ്ങൾ ഉണ്ടായേ തീരൂ. ഈശ്വരൻ പഞ്ച ഭൂതങ്ങളാൽ ജഗത്തിനെ സൃഷ്ടിച്ചു. ഭോഗത്തിനു ഭോഗായതനവും ഭോഗസാധനവും വേണം. ഭോഗായതനമായി സ്ഥൂലശരീരവും ഭോഗസാധനമായി സൂക്ഷ്മശരീരവും കർമ്മഫലമായി ജീവനു ലഭിക്കുന്നു. അവ രണ്ടും ഭൂതങ്ങളാൽ സൃഷ്ടിക്കപ്പെട്ടവയായതിനാൽ ഭൗതികങ്ങൾ എന്നറിയപ്പെടുന്നു. അങ്ങനെ ജീവന്റെ ഭോഗം പൂർണ്ണമായും ഭൗതികം തന്നെ.

അനാദികാലമാരഭ്യ
മോക്ഷാത്പൂർവ്വമിദം ദ്വയം

വ്യവഹാരേ സ്ഥിതം തസ്മാദ്
ഉഭയം വ്യാവഹാരികം. (37)

ഇദം ദ്വയം = ഇവ രണ്ടും (ജീവജഗത്തുകൾ)
അനാദികാലം ആരഭ്യ=തുടക്കമില്ലാത്ത കാലം മുതൽ
മോക്ഷാത് പൂർവ്വം = മോക്ഷപ്രാപ്തിക്ക് മുൻപ്
വ്യവഹാരേ സ്ഥിതം =ലൗകികവ്യാപാരത്തിൽ മാത്രം നിലനിൽക്കുന്നു
തസ്മാത് = ആയതുകൊണ്ട്
ഉഭയം = അവ രണ്ടും
വ്യാവഹാരികം = ആപേക്ഷികം

(ജീവജഗത്തുകൾ രണ്ടും, അനാദികാലം മുതൽ മോക്ഷസമയം വരെ ആപേക്ഷികനില യിൽ മാത്രം സ്ഥിതി ചെയ്യുന്നു. ആയതിനാൽ ആ രണ്ടും വ്യാവഹാരിക സത്യങ്ങളാണ)

ഒരു മൺകുടത്തെ നിരൂപിച്ചാൽ പാരമാർ ത്ഥികതേയും വ്യാവഹാരികതേയും വേർതി രിച്ചു മനസ്സിലാക്കാം. ഒന്നാമത്ത ഘട്ടത്തിൽ നാം മൺകുടം മാത്രം കാണുന്നു. രണ്ടാം ഘട്ട ത്തിൽ, ആ കുടം മണ്ണുകൊണ്ടുള്ളതാണെന്ന് അതുണ്ടാക്കിയാൾ പറയുന്നു. മൂന്നാമത്തെ ഘട്ടത്തിൽ മണ്ണെവിടെയെന്നന്വേഷിക്കുമ്പോ ൾ കുടത്തിന്റെ അകവും പുറവും വയറും കഴുത്തുമെല്ലാം മണ്ണ് മാത്രമാണെന്നറിയുന്നു. ഒരാൾ, യാഥാർത്ഥത്തിൽ മാത്രം തല്പരനാ ണെങ്കിൽ നാലാം ഘട്ടത്തിലയാളെ സംബ ന്ധിച്ച് കുടത്തിൽ മണ്ണു മാത്രമേ ഉള്ളതായു ള്ളൂ. ഒന്നാം ഘട്ടത്തിൽ കണ്ട കുടം ഇല്ല തന്നെ. എന്നിരുന്നാലും, വെള്ളം സംഭരിക്കുക എന്ന വ്യവഹാരത്തിനായി കുടം ഉപകരിക്കും. അതിനാൽ കുടം എന്ന വസ്തു യഥാർത്ഥ ത്തിൽ ഇല്ലെങ്കിലും, അതിനൊരു വ്യാവഹാ രിക സത്തയുണ്ടെന്നു സമ്മതിക്കേണ്ടി വരും അതിനാൽ നാമതിന് കുടം എന്ന ഒരു പേ രും കൊടുക്കുന്നു. യഥാർത്ഥത്തിൽ കുടം എന്ന ഒരു വസ്തു ഇല്ലെന്നു പറയേണ്ടതില്ലല്ലോ. കാരണം , അതിനെ കാണാനോ തൊടാനോ പറ്റില്ല. കാണപ്പെടുന്നതും സ്പർശനവിധേയ മാവുന്നതും മണ്ണു മാത്രമാണ്.

കുടത്തിന്റെ ദൃഷ്ടാന്തത്തിൽ നാം, ഉണ്ട് എന്ന ധർമ്മം, യഥാർത്ഥത്തിൽ മണ്ണ് എന്ന കാരണത്തിന്റേതാണോ, അതോ കുടം എന്ന കാര്യത്തിന്റേതാണോ എന്നാണന്വേഷിച്ചത്. മണ്ണു കുടത്തിൽ കാരണരൂപേണ അതിനസ്തി ത്വമായി അഭേദമായി നില നിൽക്കുന്നുവെന്നു കാണുകയും ചെയ്തു. എന്നാൽ കുടം മണ്ണിനെ വിട്ട് നിലനിൽക്കുന്നതേയില്ല. ഈ അവസര ത്തിൽ നാം ഈ ഗ്രന്ഥത്തിലെ സുപ്രസിദ്ധ മായ ഇരുപതാമത്തെ ശ്ലോകത്തെ ഓർക്കണം.

അസ്തി, ഭാതി, പ്രിയം, രൂപം, നാമം എന്നി ങ്ങനെ ഒരൊ വസ്തുവിനും അഞ്ചംശങ്ങൾ ഉള്ളതിൽ, ആദ്യം പറഞ്ഞ മൂന്ന് യഥാർത്ഥവും അവസാനം പറഞ്ഞ രണ്ടെണ്ണം വെറും പ്രതീ തിയുമാണെന്നാണ് ആ ശ്ലോകത്തിൽ പറയു ന്നത്. മൺകുടത്തിന്റെ കാര്യത്തിൽ മണ്ണ് യഥാ ർത്ഥവും കുടരൂപം പ്രതീതിമാത്രവുമാണ്. ദൃഷ്ടാന്തത്തെ ദാർഷ്ടാന്തത്തോടു യോജിപ്പി ച്ചാൽ, ചൈതന്യം യഥാർത്ഥവും, അനുഭവങ്ങൾ പ്രതീതിമാത്രങ്ങളുമാണ്. കുടത്തിൽ മണ്ണ് ഉ പാദാനകാരണമായിരിക്കുന്നതു പോലെ പ്രത്യക്ഷാനുഭവങ്ങളിൽ ചൈതന്യം ഉപാദാ നകാരണമായിരിക്കുന്നു

നാം നിരൂപിക്കന്ന ശ്ലോകത്തിൽ ജീവനും ജഗത്തും കുടം എന്ന പോലെ മിത്ഥ്യകളാണ്. കുടത്തിനു മണ്ണില്ലാതെ നിലനില്പില്ലാത്ത പോലെ , ജീവജഗത്തുകൾ ബ്രഹ്മത്തെ അധി ഷ്ഠാനമാക്കി മാത്രം നില നിൽക്കുന്ന മിത്ഥ്യാ സത്തകളാണ്. മുപ്പത്തഞ്ചാമത്തെ ശ്ലോക ത്തിൽ ഇവ രണ്ടും മായാകല്പിതങ്ങളാണെന്നു പറഞ്ഞല്ലോ. മായ അനാദിയായതിനാൽ, ഇവ യും അനാദികൾ തന്നെ. മായയുടെ മറ്റൊരു പേ രാണ് അവിദ്യ. അത്, വിദ്യ കൊണ്ട് നശിക്കും. ആ വിദ്യാപ്രാപ്തി തന്നെ മോക്ഷം. ഈ ശ്ലോക ത്തിൽ പറയുന്നതും അതു തന്നെ. വിദ്യാപ്രാ പ്തിയിൽ അവിദ്യയുമില്ല, അവിദ്യാകാര്യങ്ങ ളായ ജീവജഗത്തുകളുമില്ല.

(തുടരും .....)

# സ്വപ്ന ഭംഗം

കല്പകം സോമരാജൻ – 9895453072

കാറൊഴിഞ്ഞല്ലോ വാനിൽ നീലിമ മറഞ്ഞെങ്ങോ
വാറൊളി മഴവില്ലും മാഞ്ഞുപോയാകാശത്തിൽ
പൊൻവെയിൽ പരക്കുന്നു ചിങ്ങത്തിൻ തുടിപ്പുകൾ
മേനിയിൽ ചൂടി ഭൂമി പുളകം കൊണ്ടീടുന്നു.

മത്സരിച്ചോടീടുന്നു പൂക്കുട നിറക്കുവാൻ
സ്വച്ഛമാമംബരത്തിൽ വെൺമേഘക്കുരുന്നുകൾ
നിശ്ചലം നിൽക്കാതെ കണ്ടോടുന്നു കുളിർതെന്നൽ
ഒപ്പമെത്തുവാൻ കുതിച്ചോടുന്നു പൂഞ്ചോലയും.

മാനവ പ്രയത്നത്തിൻ മഹിതപ്രഭാവത്തെ
പുകഴ്ത്തി നെല്ലേലകൾ സ്വർണ്ണ കമ്പളം തീർത്തിപ്പു
കാടുകൾ മണിമേടും സ്വച്ഛമാം ചെറുതോടും
ആടൽ തീർന്നതിമോദം പുളകം കൊള്ളു പൂവാൽ.

നെൽക്കതിർ കുല മെല്ലെ ചാഞ്ഞുനിന്നാടീടുന്നു
നെല്ലതിൻ തോളിൽ താങ്ങി നെല്ലിപ്പു ചിരിക്കുന്നു
കാക്കപ്പൂ മുക്കുറ്റിയും പാച്ചോറ്റി പവിഴവും
കോടമുത്തുകളേന്തി കുണുങ്ങി നിന്നീടുന്നു.

പാടത്തിൻ വരമ്പിലൂടോടിയെത്തുന്ന കാറ്റിൻ
കൈകളിൽ കൈനാറിതൻ സുഗന്ധം തിങ്ങീടുന്നു
ചെങ്കതളിയും മഞ്ഞകോളാമ്പി മുക്കുറ്റിയും
ചെണ്ടുമല്ലിയും ഞെളിഞ്ഞുല്ലാസം പരത്തുന്നു.

തുമ്പയും തുളസിയും തെറ്റിയും മന്ദാരവും
ചെമ്പനീർ പൂവും ചെമ്മേ കണ്ണുകൾ തുറക്കുന്നു
കറുകക്കൊടിപോലും കാതരയായിതല്ലോ
മഞ്ഞ മന്ദാരം ഭദ്രതാലവുമേന്തി നിൽപു.

മുക്കുറ്റി കുണുങ്ങുന്നു പൊന്നലിക്കിട്ട കാതിൽ
കിന്നാരം ചൊല്ലി കാറ്റുമെല്ലവേ തഴുകുമ്പോൾ
വേപഥു പൂണ്ടു തുള്ളി തുമ്പികൾ മുത്തം നൽകെ
ചെംപനീർ കവിൾത്തടം ചോപ്പിനാൽ തുടുക്കുന്നു.

സ്വർണ്ണനൂൽക്കിരണങ്ങൾ തട്ടിയെൻ മുറ്റത്തു ഞാൻ
നികക്കെ ചമച്ചൊരാ പൂക്കളം ശോഭിക്കുന്നു
നെയ്താമ്പൽ നിറഞ്ഞൊരാകൈതോട്ടിൽ വക്കിൽ നിന്നും
പൂവിളി മുഴങ്ങുന്നെൻ കൂട്ടരിങ്ങെത്തിപ്പോയി.

സ്വപ്നവിച്ഛേദം വന്നു ഞെട്ടിഞാനുണർന്നുപോയ്
കൺചിമ്മി നോക്കീടുന്നെൻ ഗ്രാമത്തിൻ ഭംഗികാണ്മാൻ
ഉത്തുംഗ ഗോപുരങ്ങൾ ചുറ്റുമായ് കാണായെന്റെ
ഹസ്തമോഹിത ചിത്തം മഗ്നമായ് മരവിപ്പു.

ഉണരും പ്രഭാതത്തിൽ മഞ്ഞിമയില്ല നീളെ-
തുയിലുണർത്തുവാൻ പാടും കിളിതൻ നാദമില്ല
തുമ്പയുമില്ല ചെറുതുമ്പിയുമില്ല കാറ്റിൻ-
കിന്നാരമില്ല ചുറ്റും തിങ്ങുന്നൊരസ്വസ്ഥത.

എവിടെ ഗ്രാമത്തിന്റെ ഭംഗിയീനഗരത്തിൽ
തിങ്ങിടും പരിഷ്കാര ശീലുകളല്ലോ കാണ്മു
മിന്നുന്നു ചമയങ്ങൾ പുത്തനാണ്ടെത്തിപ്പോയീ
പൊന്നോണം വന്നെത്തിയെന്നത്ഘോഷം മുഴക്കുന്നു.

പൂക്കൂട നിറച്ചെത്തും വാണിഭക്കാരും നീളെ
ആർത്താർത്തു വിളിക്കുന്നു വരുവിൻ വാങ്ങിപ്പോകിൻ
കരൾ പോലക്കൂടയിൽ തിങ്ങി നിൽക്കുന്ന ചുവന്ന-
രളിപൂക്കൾ മല്ലിപൂക്കളും ജമന്തിയും.

മഞ്ഞയും ചോപ്പും ചേർന്നചേലയാൽ താറുപാച്ചി-
കുംഭയും പുറത്തിട്ടു മീശയും വെച്ചു നിൽപു
വലിയൊരോലക്കുടക്കീഴിലായ് പേക്കോലങ്ങൾ
മലയാളമേ കണ്ണുപൊത്തുക ലജ്ജിക്കുക.

മാവേലിയാണതത്രേ നിൽക്കുമക്കോലത്തിനായ്
മാലോകർ പേരുചൊല്ലി കനക്കെ ചിരിക്കുന്നു
അന്തിയിൽ കിട്ടും കാശിൻ കണക്കിൻ കനം നോക്കി
ചിന്തയിൽമുങ്ങി പാവം നിൽക്കുന്നിതക്ഷോഭ്യനായ്

സത്യധർമ്മങ്ങൾ നീതി ദയയും ദാനവായ്പും
ഒത്തുവന്നാകാരമായ് തീർന്നൊരാ രാജശ്രേഷ്ഠൻ
സ്മരിക്കപ്പെടേണ്ടൊരാ രാജപാദത്തിൽ നമ്മൾ
നമിക്കു കൈകൾകൂപ്പി ക്ഷമയെന്നപേക്ഷിക്കു. ■



ॐ

## ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ

**(2025 – ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 16 വരെ)**

**1201 – ചിങ്ങമാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 📱 8848036518, 9645683491**



**(മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) പുതുതായി വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹസാഫല്യം ഉണ്ടാകും. ബന്ധുക്കളും സഹോദരസ്ഥാനിയരും മുഖാന്തരം വീട്ടിൽ സ്വസ്ഥത കുറയും. ആഗസ്റ്റ് 31 സെപ്തംബർ 1 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ഭഗവതി, വിഘ്നേശ്വര പ്രീതികരമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹുഗ്രഹദോഷനിവാരണാർച്ചനയും നടത്തുക.



**(ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം, രോഹിണി, മകയിരം ആദ്യപകുതി) വിദ്യാഭ്യാസപരമായും ധനപരമായും കൂടുതൽ നേട്ടങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള കാലമാണ്. വിദേശയാത്രക്ക് ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണം ഉണ്ടാകും. സെപ്തംബർ 2, 3 തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതണ് സർപ്പപ്രീതിയും ദുർഗ്ഗാ ക്ഷേത്ര ദർശനവും നടത്തുക.



**(മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) നാടവിട്ട് മാറി നിൽക്കുവാൻ ആഗ്രഹിക്കുന്നവർക്കും വിദേശയാത്രക്ക് ശ്രമിക്കുന്നവർക്കും കാലം അനുകൂലമാകും. വിദ്യാഗുണം ഉണ്ടാകുമെങ്കിലും വിദ്യാർത്ഥികളിൽ ലൗകിക വിഷയങ്ങളോടുള്ള അമിതമായ താൽപര്യം പഠനത്തിൽ മടി സൃഷ്ടിക്കും. സെപതംബർ 5, 6 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ദേവീക്ഷേത്ര ദർശനവും, മന്ത്രജപവും നടത്തുക



**(കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) സർക്കാരിൽ നിന്നും, നിന്നും,മേലധികാരികൾ മുഖനയും ധനലാഭം പ്രതീക്ഷിക്കാം. പൊതുവെ ലൗകീക സുഖങ്ങളോട് ആസക്തി വർദ്ധിക്കും. തൊണ്ട, തോൾ മുതലായ ഭാഗങ്ങളിൽ രോഗസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക. സെപ്തംബർ 7, 8 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ഒരു ക്ഷേത്രത്തിൽ ഗണപതി ഹോമം നടത്തുകയും ദേവീക്ഷേത്രത്തിൽ ഐക്യമത്യ അർച്ചന നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



**(ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം) ഏത് രംഗത്തും കഴിവ് തെളിയിച്ച് ആദരവ് നേടാൻ സാധിക്കും. അശ്രദ്ധ മൂലവും ഭാഗ്യപരീക്ഷണങ്ങളിലൂടെയും ധനലാഭ സാധ്യത പ്രതീക്ഷിക്കാം. സെപ്തംബർ 8, 9 തിയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക.ശിവ പാർവ്വതി ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും ഒരു ഭഗവതി സേവ നടത്തുകയും ചെയ്യന്നത് നല്ലതാണ്.



**(കന്നിക്കൂർ:** ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യ പകുതി) പുനർ വവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകുലമായ ഫലങ്ങൾ പ്രതീക്ഷിക്കാം. സ്വപ്രയത്നത്തിലൂടെ ധനലാഭം ഉണ്ടാകും. ശിരോരോഗങ്ങളും പാദ രോഗങ്ങളും സ്വസ്ഥത നഷ്ടപ്പെടുത്തും. ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാൻ ആവശ്യമായ ശ്രദ്ധ പുലർത്തണം. സെപ്തംബർ 11, 12 ദിവസങ്ങൾ അനുകൂലമല്ല. സർപ്പ പ്രീതികരങ്ങളായ വഴിപാടുൾ നടത്തുക:



**(തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) കഠിന പരിശ്രമം മൂലം ധനലാഭവും, വ്യവഹാരത്തിൽ നിന്ന് ഭാഗ്യവും പ്രതീക്ഷിക്കാം. സർക്കാരിൽ നിന്നോ മേലധികാരികളിൽ നിന്നോ അംഗീകാരവും ആദരവും ലഭിക്കും. സാഹിത്യ കലാരംഗത്ത് പ്രവൃത്തി ചെയ്യുന്നവർക്ക് ഗുണകരമായ സാഹചര്യങ്ങൾ സംജാതമാകും. പാദത്തിന് പുകച്ചിലും വിണ്ടുകീറലും മൂലം അസ്വസ്ഥത തോന്നും. സെപ്റ്റംബർ 13, 14 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ദേവീപ്രീതി വരുത്തുക.



**(വൃശ്ചികക്കൂർ:** വിശാഖം അവസാനന പാദം, അനിഴം, തൃക്കേട്ട) കർമ്മരംഗത്ത് നിപുണത തെളിയിക്കാൻ സാധിക്കും മേലധികാരികൾ അനുകൂലമായി പ്രവർത്തിക്കും ദാമ്പത്യപരമായി ചില അസ്വാരസ്യങ്ങൾ ഉണ്ടാകും. ചില ഭക്ഷണങ്ങൾ അലർജിക്കു കാരണമാകുന്നതിനാൽ ഉദരരോഗ സാധ്യതയുണ്ട്. സെപ്തംബർ 15, 16 തീയതികൾ ശുഭകരമല്ല. സർപ്പപ്രീതികരമായ കർമ്മങ്ങളും ലക്ഷ്മി പൂജയും നടത്തുന്നത് അഭിഷ്ടഫലസിദ്ധിക്ക് കാരണമാകും.



**(ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം.) വിവാഹിതരാകുവാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. സർക്കാറിൽ നിന്നും മേലധികാരികളിൽ നിന്നും ഉള്ള ശത്രുതാപരമായ നിലപാട് മാറ്റിക്കിട്ടും ഔദ്യോഗികമായ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ആഗസ്റ്റ് 21, 22 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ദുർഗ്ഗാദേവീ ക്ഷേത്രദർശ്ശനം നടത്തി ജയ ദുർഗ്ഗാ ശൂലിനി ദുർഗ്ഗാ മന്ത്രങ്ങളാൽ അർച്ചന നടത്തുന്നത് പരീക്ഷാവിജയത്തിനും, ശത്രുത മൂലമുള്ള പരാജയത്തിനും പരിഹാരമാകും.



**(മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) വീട് വാങ്ങുവാനോ, നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യമാണ്. മുടങ്ങി പോയ വിവാഹാലോചനകൾ പുനർചിന്തനത്തിലൂടെ നടക്കാൻ സാധ്യത ഉണ്ട്. പഠന കാര്യത്തിൽ അലസത ഉണ്ടെങ്കിലും പരിശ്രമം വിജയിക്കും. ആഗസ്റ്റ് 23, 24 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരമായ ജപവും ദേവീക്ഷേത്ര ദർശ്ശനവും നടത്തുന്നത് വിദ്യാലാഭത്തിനും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധി വരെ നല്ലതാണ്.



**(കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന്പാദം) ഈശ്വരാധീനം കൊണ്ട് പല പ്രശ്നങ്ങളെയും അതിജീവിക്കും കാര്യങ്ങൾ കൈവിട്ട രീതിയിലാകാനുള്ള സാധ്യത ഉള്ളതിനാൽ എല്ലാ കാര്യത്തിലും കൂടുതൽ ശ്രദ്ധ പുലർത്തണം. മൂത്രാശയ രോഗങ്ങൾ മൂർഛിക്കാതിരിക്കാൻ മുൻകരുതൽ എടുക്കുന്നത് നല്ലതാണ്. ആഗസ്റ്റ് 25, 26 തീയതികൾ പ്രായേണ ഗുണം കുറയും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും ദേവീപ്രീതികങ്ങളായ വഴിപാടുകളും നടത്തുക.



**(മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) പൊതുവെ കാലം അനുകൂലമാണ്. വസ്തുവകകളിൽ നിന്നും വിദേശത്തു നിന്നും പ്രതീക്ഷിക്കുന്ന ധനലാഭം ഉണ്ടാകും കാലിന് മരവിപ്പ് അനുഭവപ്പെടാം ആഗസ്റ്റ് 29, 30 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു പ്രീതിയും സർപ്പപ്രീതിയും വരുത്തുക. ക്ഷേത്ര ദർശ്ശനം നടത്തുന്നത് കാര്യവിഘ്നങ്ങൾ മാറുന്നതിന് നല്ലതാണ്.

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***




**MANGALYAM MATRIMONIAL**

for the better half of your life....

**വധുവിനെ ആവശ്യമുണ്ട്**

Nair Boy, 31yrs/180cm(6ft), Thiruvathira, Fair,B.Tech,Software Engineer,Divorced, Pref: Graduate, Mob9447947714,

Email:nandan8557@yahoo.co.in
Date of Birth: 15-08-1993(3.27am)
Sishta Dasa:




Contact Address:
MR.NANDAKUMAR . N
NANDAVANAM, S R 91
SOBHA ROAD
SAM SKARA JUNCTION
PALARIVATTOM
ERNAKULAM - 682025


എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ 27-ാമത് വാർഷികം 23-07-2025-ൽ എറണാകുളം കരയോഗം പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് വൈസ് പ്രസിഡന്റ് അഡ്വ. ശ്രീ. എ. ബാലഗോപാൽ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിക്കുകയും ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. ഫോറം കൺവീനർ റിപ്പോർട്ട് അവതരിപ്പിക്കുകയും ശ്രീ. ടി. എൻ. ടി നായർ ആശംസപ്രസംഗം നടത്തുകയും ചെയ്തു. ശ്രീ. എം. ശ്രീവല്ലഭൻ നായർ കൃതജ്ഞത രേഖപ്പെടുത്തി. യോഗാനന്തരം ECF അംഗങ്ങളുടെ വിവിധ പരിപാടികൾ അരങ്ങേറുകയും 4 മണിക്ക് ദേശിയ ഗാനാലാപനത്തോടുകൂടി അവസാനിക്കുകയും ചെയ്തു.

ECF സ്ഥാപക അംഗമായ ശ്രീ ടി. വി. മേനോനെയും മുൻ കൺവീനർ ശ്രീ ടി. കെ.ശ്രീകുമാറിനെയും ജനറൽ സെക്രട്ടറി പൊന്നാട അണിയിച്ചു ആദരിച്ചു. സി.ബി.എസ്സി 10-ാം ക്ലാസ് പരീക്ഷയിൽ 7 വിഷയങ്ങൾക്ക് A1 നേടിയ ശ്രീ. എ. മാധവന് ക്യാഷ് അവാർഡ് നൽകി അഭിനന്ദിച്ചു. വാർഷികത്തോടനുബന്ധിച്ചു നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് വിശിഷ്ടാതിഥികൾ സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.


# THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160

Email: ekmkgm@gmail.com, Web: www.ernakulamkarayogam.com


ചൈത്രം
മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ
തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ
ഒരു കൗൺസിലിങ്ങ് കേന്ദ്രം സേവനം
തികച്ചും സൗജന്യവും സ്വകാര്യവുമാണ്.
കൂടുതൽ വിവരങ്ങൾക്ക് – 0484 2361161
പ്രവർത്തന സമയം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ


ജ്യോതിഷം
എറണാകുളം കരയോഗത്തിൽ
തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ
ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ
സേവനം ലഭ്യമാണ്.
കൂടുതൽ വിവരങ്ങൾക്ക് :
8848036518, 9645683491
പ്രവർത്തന സമയം: രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ


എറണാകുളം കരയോഗത്തിന്റെ
ആയുഷ്യം പോളിക്ലിനിക്ക്
AYUSHYAM POLYCLINIC
ക്ലിനിക്കിൽ അലോപ്പതി, ഹോമിയോ,
ഡോക്ടർമാരുടെ സേവനം
മിതമായ നിരക്കിൽ ലഭ്യമാണ്
പ്രവർത്തനസമയം
രാവിലെ 7 മണി മുതൽ
വൈകുന്നേരം 6 മണി വരെ
കൂടുതൽ വിവരങ്ങൾക്ക്
7994771110 0484 – 2366160


എറണാകുളം കരയോഗത്തിന്റെ വിവിധ ക്ലാസ്സുകൾ
വയലിൻ, കരാട്ടേ, യോഗ,
ഭരതനാട്യം, സിനിമാറ്റിക്
എന്നിവ നടത്തുന്നു.
കൂടുതൽ വിവരങ്ങൾക്ക് – 0484 2361160


എറണാകുളം കരയോഗം മാംഗല്യം
മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ,
ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തു...
Web: www.karayogammangalyam.com
കൂടുതൽ വിവരങ്ങൾക്ക് – 0484 - 2361160


പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ്
വനിതാ ഹോസ്റ്റൽ
എറണാകുളം കരയോഗത്തിന്റെ കീഴിൽ
ഒരു ഓൾഡേജ് ഹോമും
വനിതാ ഹോസ്റ്റലും നടത്തി വരുന്നു.
കൂടുതൽ വിവരങ്ങൾക്ക്
9188081355 0484 – 2345061


നല്ല കൂട്ടാൻ കട
എറണാകുളം കരയോഗത്തിന്റെ
നല്ല കൂട്ടാൻ കടയിൽ നിന്നും
വിവിധതരം പ്രഥമനുകൾ,
ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ,
കൂട്ടാനുകൾ, പലഹാരങ്ങൾ,
അച്ചാറുകൾ എന്നിവ ലഭിക്കും.
കൂടുതൽ വിവരങ്ങൾക്ക്: 9778410765


എറണാകുളം കരയോഗത്തിന്റെ
ആയുഷ്യം മെഡിക്കൽസ്
AYUSHYAM MEDICALS
ഇംഗ്ലീഷ് മരുന്നുകൾ
നിങ്ങൾക്ക് ആവശ്യമുള്ള
മരുന്നുകൾ ഓർഡർ ചെയ്യൂ...
മരുന്നുകൾ വീട്ടിൽ
എത്തിക്കുന്നതാണ്.
Ph: 9446488833, 0484-2361160 (Extn.127)
ഹോം സർവ്വീസിന് വിളിക്കൂ......
ഇംഗ്ലീഷ് മരുന്നുകൾക്ക് 5 മുതൽ 15 ശതമാനം വരെ ഡിസ്ക്കൗണ്ട്

DATE OF PUBLICATION: 10-08-2025

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27
LICENSE NO. KL/CR/EKM/WPP-3/2025-27
LICENSED TO POST WITHOUT PREPAYMENT

Volume No. 17 | AUGUST- 2025 | Issue No. 08




**എറണാകുളം കരയോഗം**
**സാംസ്ക്കാരിക വിഭാഗം**

## അകായിലെ സംഗീതം

**ദേശഭക്തി ഗാനങ്ങൾ**
**&**
**ഓണപ്പാട്ടുകൾ**

2025 ആഗസ്റ്റ് 17 ഞായറാഴ്ച
വൈകുന്നേരം 4.00 ന്
ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.